# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഓഗസ്റ്റ് 18 | ദീപം 55 | നാളം 24 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




പി.സി. സിറിയക്



# മനമിടറി മലയോരജനത

## ബഫർസോൺ: അധികാരികൾ കണ്ണുതുറക്കുമോ?

ഇന്ത്യയിലെ വന്യമൃഗസങ്കേതങ്ങളുടെ ചുറ്റും ഒരു കിലോമീറ്റർ വീതിയിൽ 'ബഫർസോൺ' നിർമിക്കണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടത്, രാജസ്ഥാനിലെ ഒരു വന്യമൃഗസങ്കേതത്തിന്റെ കേസിലായിരുന്നു. വന്യമൃഗങ്ങളെ സംരക്ഷിക്കാനുള്ള പ്രത്യേക സങ്കേതങ്ങളിലേക്കു സമീപഗ്രാമങ്ങളിൽനിന്നു ജനങ്ങൾ കടന്നുകയറി മൃഗങ്ങളെ അലോസരപ്പെടുത്തുന്നു. മൃഗസംരക്ഷണത്തിനുവേണ്ടി പ്രത്യേകം ഒരുക്കിയിട്ടുള്ള ഈ കേന്ദ്രങ്ങളിലെങ്കിലും മൃഗങ്ങളെ സ്വൈരമായി ജീവിക്കാൻ അനുവദിക്കണം. അതിനുവേണ്ടി ഈ വന്യമൃഗസങ്കേതങ്ങളുടെ അതിർത്തിയിൽ നെടുനീളെ ഒരു കിലോമീറ്റർ വീതിയിൽ ഒരു ബെൽറ്റുപോലെ വേർപ്പെടുത്തുന്ന പ്രദേശം ഒരു ബഫർസോൺ ആയിക്കരുതി സംരക്ഷിക്കണം; ഇതായിരുന്നു വിധി.

ഭൂപ്രകൃതി, ജനസാന്ദ്രത, ഭൂമിയുടെ ഉപയോഗരീതികൾ എന്നിവയിലെല്ലാം വളരെയധികം വ്യത്യസ്തതകൾ നമ്മുടെ രാജ്യത്തിലുണ്ട്. ഈ പരമാർത്ഥം മറന്നുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും, വന്യമൃഗസങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും അതിർത്തിക്കുപുറത്ത് ഒരേപോലെ ബഫർസോൺ വേണമെന്നു സുപ്രീം കോടതി വിധിച്ചത് നിർഭാഗ്യകരമാണ്.

രാജസ്ഥാനിലും ഹിന്ദി ഹൃദയഭൂമിയിലെ മറ്റു സംസ്ഥാനങ്ങളിലും ബഫർസോണിനെച്ചൊല്ലി വലിയ എതിർപ്പുണ്ടാകാനിടയില്ല. കാരണം, അവിടെയെല്ലാം ജനസാന്ദ്രത കുറവാണ്. കാടുകളും പുൽമേടുകളും ഊഷരഭൂമികളുമെല്ലാം നിറഞ്ഞ ആ വിസ്തൃതമായ പ്രദേശത്ത് മനുഷ്യരെ ബുദ്ധിമുട്ടിക്കാതെ മൃഗങ്ങളെ സംരക്ഷിക്കാൻ പ്രയാസമില്ല. കേരളത്തിലെ സ്ഥിതി അങ്ങനെയല്ലല്ലോ. ഇവിടെ മലയോരപ്രദേശങ്ങളെല്ലാം ജനവാസകേന്ദ്രങ്ങളാണ്; സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കു മാന്യമായ സംഭാവന നൽകുന്ന നാണ്യവിളകളുടെ കേന്ദ്രങ്ങളാണ്.

നമ്മുടെ വന്യമൃഗസങ്കേതങ്ങൾ മിക്കതും സ്ഥിതിചെയ്യുന്ന മലയോരമേഖല എങ്ങനെയാണ് ജനവാസകേന്ദ്രങ്ങളായിത്തീർന്നത്? രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ഇന്ത്യയുടെ ഭക്ഷ്യധാന്യക്കമ്മി നികത്തിയിരുന്നത് ബർമ (ഇന്നത്തെ മ്യാൻമർ), തായ്‌ലണ്ട് എന്നിവിടങ്ങളിൽനിന്ന് അരി ഇറക്കുമതി ചെയ്തായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ഈ പ്രദേശങ്ങളെല്ലാം ജപ്പാൻ ആക്രമിച്ചു കീഴടക്കിയതോടെ അരിവരവുനിന്നു. യുദ്ധം കഴിഞ്ഞയുടനെ നടന്നു, നമ്മുടെ രാജ്യത്തിന്റെ വിഭജനം. നല്ല ജലസേചനസൗകര്യങ്ങളുണ്ടായിരുന്ന സിന്ധുനദീതടം മുഴുവൻ പശ്ചിമ പാക്കിസ്ഥാനായിത്തീർന്നു. ബംഗാൾ പ്രവിശ്യയിലെ കൃഷിസ്ഥലം മിക്കവാറും കിഴക്കേ പാക്കിസ്ഥാനിലുമായി (ഇന്ന്, ബംഗ്ലാദേശ്). അങ്ങനെ നാട്ടിലെ പ്രധാന ഭക്ഷ്യോത്പാദനമേഖലകൾ നഷ്ടപ്പെട്ടതിനു പുറമേ, വിഭജനത്തെത്തുടർന്നുണ്ടായ വർഗീയലഹളയുംകൂടി സംഭവിച്ചതോടെ ഭക്ഷ്യോത്പാദനം തകർന്നു; ജനങ്ങൾ കൊടുംപട്ടിണിയിൽ. ലക്ഷക്കണക്കിനാളുകളാണ് ബംഗാളിലും ബീഹാറിലും പട്ടിണിമരണത്തിനിരയായത്.

നമ്മുടെ നാട്ടിൽ ഈ പട്ടിണിമരണങ്ങൾ ഒഴിവാക്കാൻ സർക്കാർ കർഷകരെ ആഹ്വാനം ചെയ്തു. നമ്മുടെ ഹൈറേഞ്ചുപ്രദേശത്തേക്കു കുടിയേറുക; കൃഷിചെയ്യുക, നെല്ലും കപ്പയും ചേനയും കാച്ചിലുമെല്ലാം ഉത്പാദിപ്പിക്കുക. അങ്ങനെ, വന്യമൃഗാക്രമണങ്ങളും മലമ്പനിയുമെല്ലാമായി പടവെട്ടി, സാഹസികമായി കുടിയേറി, കൃഷിചെയ്ത് നാട്ടിൽ പട്ടിണി ഒഴിവാക്കിയവരുടെ പിൻതലമുറയാണ് ഇന്നത്തെ മലയോരക്കർഷകർ.

ഇനി അല്പം രാഷ്ട്രീയം. 1950 കളിൽ ഇവിടെ സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാനായി വിവിധ സംസ്ഥാനങ്ങളിൽ പ്രക്ഷോഭണം ഉണ്ടായി. മൂന്നു രാഷ്ട്രീയസംവിധാനങ്ങളുടെ കീഴിലായിരുന്നു കേരളവും. ഐക്യകേരളത്തിനുവേണ്ടി നാം ശബ്ദമുയർത്തി. പക്ഷേ, ദേശീയവാദിയായ പ്രധാനമന്ത്രി നെഹ്റു ഇതിനെയെല്ലാം ശക്തമായി എതിർത്തു. പ്രാദേശിക-ദേശീയചിന്ത വളർന്നാൽ ഭാരതത്തിന്റെ അഖണ്ഡതയെ ബാധിക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. ഇതിനിടയ്ക്ക് ആന്ധ്രാ സംസ്ഥാനം രൂപവത്കരിക്കാനായി നിരാഹാരസത്യാഗ്രഹം അനുഷ്ഠിച്ച പോറ്റി ശ്രീരാമലു സത്യാഗ്രഹത്തിന്റെ 56-ാം ദിവസം മരണമടഞ്ഞു. പിറ്റേദിവസംതന്നെ, നെഹ്റു ഭാഷാടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചതായി പ്രഖ്യാപിച്ചു.

ഇതേ കാലഘട്ടത്തിൽ, കേരളത്തിൽ തെക്കൻതിരുവിതാംകൂറിലെ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ നാലു താലൂക്കുകളും അന്നു കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന ദേവികുളം, പീരുമേട്, ഉടുമ്പൻചോല പ്രദേശങ്ങളും മദ്രാസ് പ്രവിശ്യയിൽ (തമിഴ്നാട്) ചേർക്കാനുള്ള പ്രക്ഷോഭണവും ശക്തമായിരുന്നു.

ദേവികുളവും പീരുമേടുമെല്ലാം നമുക്കു നഷ്ടപ്പെട്ടാൽ കേരളത്തിന്റെ നിലനില്പുതന്നെ അപകടത്തിലാകുമല്ലോ. മുല്ലപ്പെരിയാർ, പെരിയാർ എന്നിവിടങ്ങളിലെ ജലസമ്പത്ത്, ജലവൈദ്യുതപദ്ധതികൾ, കാർഷികമേഖലയുടെ നട്ടെല്ലായ തേയില, കാപ്പി, ഏലത്തോട്ടങ്ങൾ ഇവയെല്ലാം നഷ്ടപ്പെടുന്ന സ്ഥിതി നമുക്കു ചിന്തിക്കാൻ പോലുമാവില്ല. ഈ പ്രദേശം നഷ്ടപ്പെടാതിരിക്കാൻ മുഖ്യമന്ത്രി പട്ടം താണുപിള്ള ഒരു കാമ്പയിൻ - ഒരു തീവ്രയജ്ഞം - തന്നെ നടത്തി. ഹൈറേഞ്ചിലേക്കു കുടിയേറുക. സാഹസികമായ കുടിയേറ്റം ഒരിക്കൽക്കൂടി സർക്കാരിന്റെ ആശീർവാദത്തോടെ അരങ്ങേറി. അവരുടെ ത്യാഗവും സാഹസികതയും വ്യർത്ഥമായില്ല. ദേവികുളം - പീരുമേട് പ്രദേശം കേരളത്തിൽത്തന്നെ നിലനിറുത്താൻ, ശക്തമായ തമിഴ്നാടൻ സമ്മർദ്ദം ഉണ്ടായിട്ടും നമുക്കു സാധിച്ചു.

ഇങ്ങനെ രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ നമ്മെ രക്ഷിച്ചവരുടെ പിൻതലമുറയെ വഴിയാധാരമാക്കരുതെന്ന് കേരളത്തിലെ സർവകക്ഷികളുംകൂടി തീരുമാനമെടുത്തു; 1977 ജനുവരി ഒന്നിന് കൈവശാവകാശമുണ്ടായിരുന്നവർക്കെല്ലാം ഭൂമിയിൽ സ്ഥിരാവകാശം നൽകുന്ന പട്ടയം നൽകാൻ തീരുമാനമുണ്ടായത് അങ്ങനെയാണ്. പക്ഷേ, കൊല്ലം നാല്പത്തഞ്ചു കഴിഞ്ഞിട്ടും ഈ വാഗ്ദാനം നിറവേറ്റപ്പെട്ടിട്ടില്ല. ഇങ്ങനെ നിരാശരായിക്കഴിയുന്ന ജനങ്ങൾക്കുമേൽ വീണ്ടും പതിക്കുന്നു, ഇടിവെട്ടുകൾ. 2012 ലെ ഗാഡ്ഗിൽ റിപ്പോർട്ടും 2013 ലെ കസ്തൂരിരംഗൻ റിപ്പോർട്ടും!

▶ 12

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

# നിയമവ്യവസ്ഥയുടെ ശിരച്ഛേദം നടത്തുമ്പോൾ

**അ**ധികാരങ്ങൾക്കും നിയമവ്യവസ്ഥയ്ക്കും കീഴിലാണ് ഏതൊരു സമൂഹത്തിന്റെയും ഭദ്രതയും നിലനില്പും. നിയമവ്യവസ്ഥയും അധികാരസമ്പ്രദായവും ഉള്ളതുകൊണ്ടുതന്നെയാണ് ഈ സമൂഹത്തിന് ക്രമവും ചിട്ടയുമുള്ളത്. എപ്പോൾ, എങ്ങനെയൊക്കെ ഇവയെ ശിഥിലമാക്കാൻ ശ്രമിക്കുന്നുവോ അപ്പോഴൊക്കെ സമൂഹം അരാജകത്വത്തിലേക്കു വഴുതിമാറും.

നിയമത്തെയും അധികാരികളെയും ആദരിക്കാനും ബഹുമാനിക്കാനും പരിശീലിപ്പിക്കുകയും നിയമത്തിനു കീഴടങ്ങാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതിനുപകരം, നിയമവ്യവസ്ഥയെ തകിടംമറിക്കാനും അധികാരികളെ അധിക്ഷേപിക്കാനും പ്രേരിപ്പിക്കുന്നവിധത്തിലുള്ളതാണ് ഇപ്പോൾ പുറത്തിറങ്ങുന്ന ഭൂരിപക്ഷം സിനിമകളും. അതിൽ മലയാളസിനിമകളും ഉൾപ്പെടും.

പ്രധാനമായും ഈ അധികാരധ്വംസനവും നിയമലംഘനവും സംഭവിക്കുന്നത് രണ്ടു പ്രത്യേക മേഖലകളിലാണ്. മതം, പോലീസ് എന്നിവയാണ് ഇത്. സാധാരണക്കാരന്റെ ജീവിതം ഏറ്റവുമധികം ബന്ധപ്പെട്ടിരിക്കുന്ന രണ്ടു മേഖലകൾകൂടിയാണിവ.

പോലീസിനെയും മതമേലധ്യക്ഷന്മാരെയും ഏറ്റവും മോശക്കാരും അടികൊള്ളാനും ഇടികൊള്ളാനും അർഹതപ്പെട്ടവരും എന്ന നിലയിലാണ് സിനിമകളിൽ കൂടുതലായും ചിത്രീകരിച്ചിരിക്കുന്നത്. ഈ പ്രസ്താവനയ്ക്കുള്ള ഏറ്റവും പുതിയ ഉദാഹരണമാണ് കടുവ എന്ന പൃഥിരാജ് – ഷാജികൈലാസ് ചിത്രം.

ഐജി ജോസഫ് ചാണ്ടിയും കടുവാക്കുന്നേൽ കുര്യച്ചനും തമ്മിലുള്ള പോരാട്ടമാണ് ചിത്രത്തിലുടനീളം. നായകൻ പൃഥിരാജ് ആയതുകൊണ്ട് സ്വാഭാവികമായും വിവേക് ഒബ്റോയി വില്ലനാകും. അയാളോട് പ്രേക്ഷകർക്കു വിയോജിപ്പും എതിർപ്പും തോന്നുകയും ചെയ്യും. എന്നാൽ, നിഷ്പക്ഷമായി ഇവർ തമ്മിലുള്ള ശത്രുതയുടെ തുടക്കം ആലോചിച്ചുനോക്കൂ.

വൃദ്ധയായ അമ്മയെ ഭാര്യയും മക്കളുമൊത്തു സന്ദർശിച്ചു ജോലിസ്ഥലത്തേക്കു മടങ്ങുകയാണ് സ്നേഹവാനായ ജോസഫ് ചാണ്ടി. ആ യാത്രയ്ക്കിടയിലാണ് കുര്യച്ചൻ അവരുടെയിടയിലേക്കു കടന്നുകയറുന്നത്. വണ്ടിക്കുള്ളിൽ പിൻസീറ്റിലിരിക്കുന്ന ഡിസേബിൾഡ് ആയ ജോസഫ് ചാണ്ടിയുടെ മകനെ സാകൂതം നോക്കിയതിനുശേഷമാണ് ജോസഫ് ചാണ്ടിയെ കാറിൽനിന്നു വിളിച്ചിറക്കി കുര്യച്ചൻ വിവാദമായ ആ ഡയലോഗ് പറയുന്നത്. തീയറ്ററിൽ ആദ്യദിനങ്ങളിൽ ഉണ്ടായിരുന്നതും വിവാദമായപ്പോൾ നീക്കംചെയ്തതും ഒടിടിയിലെത്തിയപ്പോൾ മ്യൂട്ട് ചെയ്യപ്പെട്ടതുമായ ഡയലോഗ്. ജോസഫ് ചാണ്ടി ക്രൂരനായ, അഴിമതിക്കാരനായ പോലീസുദ്യോഗസ്ഥൻതന്നെയാവാം. (എന്നാൽ, ആ ക്രൂരതയെക്കാൾ ക്രൂരമായിട്ടാണ് അയാളുടെ മകനു സംഭവിച്ച വൈകല്യത്തെക്കുറിച്ചു കുര്യച്ചൻ സംസാരിക്കുന്നത്. ഗിഫ്റ്റഡ് ആയ കുട്ടിയെ നോക്കി അത് മാതാപിതാക്കന്മാരുടെ പാപത്തിന്റെ ഫലമാണെന്നു പറയുന്നതിലും വലിയ ക്രൂരത മറ്റെന്താണുള്ളത്?)



മാത്രവുമല്ല, ജോസഫിന്റെ ക്രൂരത എന്തെന്ന് സിനിമയുടെ പ്രസ്തുതരംഗംവരെ പ്രേക്ഷകർക്കു വ്യക്തമാകുന്നില്ല. പിന്നീടു നടക്കുന്ന കലാപമാണ് അയാൾക്കു പ്രേക്ഷകരുടെ മനസ്സിൽ നെഗറ്റീവ് ഷേയ്ഡ് കൊടുക്കുന്നത്. അതെന്തുമാവട്ടെ, കുറവുകളുള്ള തന്റെ മകനെ നോക്കി കുര്യച്ചൻ പറഞ്ഞ ഡയലോഗാണ് അയാളുമായുള്ള ജോസഫ് ചാണ്ടിയുടെ ശത്രുതയ്ക്കു തുടക്കംകുറിക്കുന്നത്. അതിനുശേഷം പള്ളിമുറ്റത്തുവച്ച് സ്വന്തം അമ്മയോടു കുര്യച്ചൻ പറഞ്ഞ കന്നത്തരവും. സ്വന്തം അമ്മയുടെ ചാരിത്ര്യത്തെയും സ്വഭാവശുദ്ധിയെയും പരസ്യമായി അപമാനിച്ചത് ഏതു കൊമ്പനുമായിരുന്നുകൊള്ളട്ടെ അയാളെ ശത്രുവായിമാത്രമേ ഏതൊരാൾക്കും കാണാനാവൂ. അത് ജോസഫ് ചാണ്ടിയെപ്പോലെയുള്ള ഒരു പ്രബലനാകുമ്പോൾ എവിടംവരെ കളിയെത്തുമെന്ന് ഊഹിക്കാമല്ലോ. കുര്യച്ചന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഇതിന്റെ തുടർച്ചയായിട്ടാണ്. പ്രശ്നങ്ങൾക്കു തുടക്കക്കാരൻ കുര്യച്ചനായിരുന്നുവെന്നതാണ് സത്യം. അതായത്, ജോസഫ് ചാണ്ടി നമ്മൾ ഉദ്ദേശിക്കുന്ന ആളേയല്ല. മുഖ്യമന്ത്രിയുൾപ്പെട്ട കേസിൽ, മാപ്പുസാക്ഷിയാകാൻ അവസരമുണ്ടായിരുന്നിട്ടും തനിക്ക് അദ്ദേഹത്തോടുള്ള കടപ്പാടിന്റെ പേരിൽ വിശ്വാസവഞ്ചനയ്ക്കു മുതിരാതെ ജയിലിൽ പോകാൻവരെ തയ്യാറാകുന്നുണ്ട് ജോസഫ് ചാണ്ടി. നെഗറ്റീവ് ഷേഡിൽ അവതരിപ്പിക്കപ്പെട്ടിട്ടും അയാളുടെ ഉള്ളിൽ നന്മയുണ്ട് എന്നുതന്നെയാണു പറഞ്ഞുവരുന്നത്. കുര്യച്ചനെപ്പോലെതന്നെയുള്ള വ്യക്തിത്വമാണ് അയാളുടേതും. പക്ഷേ, ചിത്രം പറയുന്നത് പോലീസുകാരനായ അയാൾ മോശക്കാരനാണെന്നാണ്. ശരിയാണ്, കുര്യച്ചന്റെ കുടുംബത്തോട് അയാൾ ചെയ്തത് അതിരുകടന്ന പ്രവൃത്തിയാണ്. എന്നാൽ, അതിനു വളംവച്ചുകൊടുത്തത് കുര്യച്ചൻതന്നെയല്ലേ എന്നാണു ചോദ്യം.

മുൻ പോലീസുകാരനായ ബെഞ്ചമിന്റെ മകൻ പുതിയ എസ്ഐയായി ചാർജെടുക്കുന്നത് ജോസഫ് ചാണ്ടിയുടെ നിർദേശപ്രകാരമാണ്. ഇരുപതാം വയസ്സിൽ കുര്യച്ചൻ, ബെഞ്ചമിനെ കവലയിൽവച്ച് അടിച്ചതിന്റെ ഒരു ഫ്ളാഷ്ബായ്ക്കുണ്ട്. ആ പകയുടെ കനലുമായിട്ടാണ് മകന്റെ വരവ്. കുര്യച്ചന്റെ കുടുംബം കുളംതോണ്ടാൻ ദൃഢപ്രതിജ്ഞയെടുത്ത വ്യക്തിയാണ് അയാൾ. അർജുൻ അശോകൻ അവതരിപ്പിച്ച കഥാപാത്രത്തിന്റെ ചെവിക്കല്ല് അടിച്ചുപൊട്ടിച്ച വ്യക്തി. അയാൾക്കിട്ടു രണ്ടെണ്ണം കൊടുക്കണമെന്നു പ്രേക്ഷകനു തോന്നിപ്പോകും. അതനുസരിച്ചാണ് പെരുവഴിയിൽ വച്ച് കുര്യച്ചൻ എസ് ഐയെ മർദിക്കുന്നതും ആദ്യ അടി അർജുൻ അശോകനെക്കൊണ്ടു കൊടുപ്പിക്കുന്നതും.

തന്നെ അറസ്റ്റു ചെയ്യാൻ വരുന്ന മറ്റൊരു പോലീസുദ്യോഗസ്ഥനെയും കുര്യച്ചൻ നേരിടുന്നത് കായികമായിത്തന്നെയാണ്. എന്നെക്കൊണ്ട് ആകുന്ന വിധത്തിൽ പരുവമാക്കിയിട്ടുണ്ട് എന്നു പറഞ്ഞാണ് ആ ഉദ്യോഗസ്ഥനെ അയാൾ പോലീസ് സ്റ്റേഷനിലിറക്കുന്നത്. കുര്യച്ചന്റെ ഭാഗത്തോ പോലീസിന്റെ ഭാഗത്തോ ശരി/തെറ്റ് എന്നതിനെക്കാളേറെ പോലീസ് ഉൾപ്പെടുന്ന നിയമവ്യവസ്ഥയെ ലംഘിക്കാനും അതിക്രമിക്കാനും പൊതുജനത്തിന് ആവേശവും പ്രോത്സാഹനവുമാണ് ഇത്തരത്തിലുള്ള വീരസ്യത്തിലൂടെ പകർന്നു നല്കുന്നത്.

ഇതേ സിനിമയിൽത്തന്നെയുണ്ട് മതാധികാരികളോടുള്ള പരസ്യമായ എതിർപ്പും അധികാരധ്വംസനവും. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച ഒരു കൊച്ചച്ചനെ അവതരിപ്പിച്ചുകൊണ്ടാണ് ഇതു സാധിച്ചിരിക്കുന്നത്. രാഷ്ട്രീയബന്ധങ്ങളുടെ പേരിൽ കൊച്ചച്ചനെ കുറ്റവിമുക്തനാക്കുന്ന മെത്രാനും ചിത്രത്തിലുണ്ട്. ഇതിനു പുറമേ, കുടുംബനാഥന്മാർ വീട്ടിലില്ലാത്തതക്കംനോക്കി അവിടെയുള്ള സ്ത്രീകളെ മാനഭംഗപ്പെടുത്താനും ഏതൊരു പെൺകുട്ടിയെയും തന്റെ ലൈംഗികതാത്പര്യത്തിനു വിധേയമാക്കാനും മാത്രം അധമവാസനക്കാരനായിട്ടാണ് മേല്പറഞ്ഞ കൊച്ചച്ചനെത്തന്നെ പിന്നീടുള്ള ഭാഗങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള അച്ചനെ കുര്യച്ചൻ ചവിട്ടിക്കൂട്ടി കിണറ്റിലെറിയുമ്പോൾ പൗരോഹിത്യത്തോടും മതാചാരങ്ങളോടും വിദ്വേഷം പുലർത്തുന്നവർക്ക് കൈയടിക്കാനും പാണന്റെ പാട്ടുപോലെ ചൊല്ലിനടക്കാനും മറ്റൊരു കഥകൂടിയാണു ലഭിക്കുന്നത്. നമ്മുടെ ചില വൈദികർക്ക് ചില ഇടർച്ചകൾ ഉണ്ടായിട്ടുണ്ടാവാം. പക്ഷേ, ഒറ്റപ്പെട്ട അത്തരം വ്യതിചലനങ്ങളെ പർവതീകരിക്കുകയും സാമാന്യവത്കരിക്കുകയും ചെയ്തുകൊണ്ട് വൈദികരെല്ലാം അത്തരക്കാരാണെന്ന് സ്ഥാപിക്കുന്നതിലൂടെ മതസമ്പ്രദായത്തെത്തന്നെയാണു ലംഘിക്കുകയും നിഷേധിക്കുകയും ചെയ്യുന്നത്. മതമേലധ്യക്ഷന്മാർ രാഷ്ട്രീയക്കാരുടെ കൈയിലെ ചട്ടുകങ്ങളാണെന്നുകൂടി ചിത്രത്തിൽ സൂചനയുണ്ട്.

ലേലം സിനിമയിലെ ആനക്കാട്ടിൽ ഈപ്പച്ചൻ മെത്രാനോടു പറയുന്ന ഡയലോഗ് ഏറെ പ്രശസ്തമാണല്ലോ. ഇതിന്റെ ഓർമയുണർത്തുന്നവിധത്തിലുള്ള ഡയലോഗും കടുവയിലുണ്ട്. നായകൻ മാത്രം ശരിയും അയാൾ ചൂണ്ടിക്കാണിക്കുന്നവരെല്ലാം തെറ്റുകാരും. മതചിഹ്നങ്ങളെയും മതവിശ്വാസങ്ങളെയും പരസ്യമായി ലംഘിക്കാനും കടന്നാക്രമിക്കാനുമാണ് ഇത്തരം രംഗചിത്രീകരണങ്ങൾ വഴിയൊരുക്കുന്നത്.

ഭീഷ്മപർവ്വം സിനിമയിലെ വൈദികന്റെ ചിത്രീകരണവും ഇത്തരത്തിൽത്തന്നെയാണ്. ഇമയൗ സിനിമയിൽ വികാരിയച്ചനു കിട്ടുന്ന അടിക്ക് തീയറ്ററിൽ ഉയർന്ന കൈയടിക്കു സാക്ഷിയായ ഒരാളാണു ഞാൻ. സാധാരണ ജനങ്ങളെക്കൊണ്ടുപോലും പൗരോഹിത്യത്തിനും സംഘടിതമതത്തിനും നേരേ പ്രതിലോമകരമായ വികാരം ഉണർത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. പെണ്ണുപിടിയനോ കള്ളക്കടത്തുകാരനോ കൊലപാതകിയോ ഒക്കെയായി അവതരിപ്പിക്കപ്പെടുന്ന പുരോഹിതരിൽ കൂടുതലും ഹൈന്ദവസന്ന്യാസിമാരോ ക്രൈസ്തവപുരോഹിതരോ ആണെന്നും നിരീക്ഷിച്ചാൽ മനസ്സിലാവും. മറ്റു മതപുരോഹിതരുടെ നേർക്ക് ഈ കള്ളക്കഥയുടെ ചായ്‌വു വച്ചുകെട്ടാൻ സിനിമാക്കാർക്കു പേടിയുണ്ടെന്നു തോന്നുന്നു.


അടുത്തയിടെയിറങ്ങിയ തമിഴ് സിനിമ വിക്രമിൽ യഥാർഥവില്ലന്മാരിലൊരാൾ ഒരു പോലീസുദ്യോഗസ്ഥനാണ്. 22 ടൺ മയക്കുമരുന്നുകച്ചവടത്തിന്റെ കണ്ണി. പോലീസുകാരെല്ലാം അഴിമതിക്കാരും അക്രമികളുമാണെന്നു വീണ്ടുംവീണ്ടും സമർഥിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

ലൂസിഫർ, കാവൽ തുടങ്ങിയ സിനിമകളിലും പോലീസിനെതിരേയുള്ള നായകന്റെ വീരസ്യം കാണാം. പോലീസുദ്യോഗസ്ഥനെ ഭിത്തിയിൽ ചാരിനിറുത്തി അയാളുടെ തോളത്ത് കാലെടുത്തുവയ്ക്കുന്ന പോസ്റ്ററുകൾ വിമർശനത്തിന് ഇടനല്കിയിരുന്നു. നായകന്റെ ധീരതയ്ക്കു മുമ്പിൽ പകച്ചുപോകുന്ന വിധത്തിലാണ് ഇവിടെയെല്ലാം പോലീസുകാരെ ചിത്രീകരിച്ചിരിക്കുന്നത്. രാവണപ്രഭു, നരസിംഹം തുടങ്ങിയ സിനിമകളിലും പരസ്യമായി പോലീസിനെ കൈകാര്യം ചെയ്യുന്ന നായകന്മാരെ കാണാം.

*ശേഷം 8-ാം പേജിൽ*

# പസഫിക്തീരത്ത് പുതിയ പോർമുഖം

## ലോകം ആശങ്കയിൽ



തോമസ് കുഴിഞ്ഞാലിൽ

റഷ്യയുടെ യുക്രെയ്ൻ അധിനിവേശത്തിനു പിന്നാലെ തയ്വാനിൽ കടന്നുകയറാൻ ചൈനയും തുനിഞ്ഞേക്കും എന്ന രാഷ്ട്രീയ നിരീക്ഷകരുടെ പ്രവചനം യാഥാർത്ഥ്യത്തോടടുക്കുന്നു.

യുഎസ് പ്രതിനിധിസഭാ സ്പീക്കർ നാൻസി പെലോസിയുടെ സന്ദർശനത്തിനു പഴിചാരി തയ്വാനെ കൈവശപ്പെടുത്താനുള്ള സർവസന്നാഹങ്ങളും ചൈന ഒരുക്കിയതായാണു വാർത്ത.

ഇരയെ പിടിക്കാൻ പതുങ്ങിക്കിടക്കുന്ന സിംഹിയെപ്പോലെ അനുകൂലമായ അവസരത്തിനുവേണ്ടി ചൈനീസ് പ്രസിഡന്റ് ഷീ ചിൻപിംഗ് കാത്തിരിക്കുകയായിരുന്നു.

ബലം പ്രയോഗിക്കേണ്ടി വന്നാൽപ്പോലും തയ്വാനെ തന്റെ രാജ്യത്തോടു ചേർക്കുമെന്ന് ആവർത്തിച്ചുപറഞ്ഞിരുന്ന ഷീ ചിൻപിംഗിന് നാൻസി പെലോസിയുടെ തയ്വാൻ സന്ദർശനം അനുകൂലസാഹചര്യം ഒരുക്കിക്കൊടുക്കുകയും ചെയ്തു.

രാജ്യസ്നേഹം തലയ്ക്കുപിടിച്ച റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ തന്റെ രാജ്യത്തിന്റെ അഖണ്ഡത നിലനിറുത്തുന്നതിനും അതിർത്തി സംരക്ഷിക്കുന്നതിനുമാണ് യുക്രെയ്നെ ആക്രമിച്ചതെന്ന ന്യായീകരണമാണ് തയ്വാന്റെമേൽ കൈവയ്ക്കാൻ ഷീ ചിൻപിംഗിനും ധൈര്യം പകരുന്നത്. റഷ്യയുടെ യുക്രെയ്ൻ അധിനിവേശത്തെ തുടക്കത്തിൽ അപലപിക്കാതെ മൗനം ദീക്ഷിച്ച ചൈനീസ് പ്രസിഡന്റ് പിന്നീട് പുടിന്റെ നടപടികളെ ന്യായീകരിക്കുകയും ചെയ്തു. പതിനായിരങ്ങൾ മരിക്കുകയും ദശലക്ഷക്കണക്കിനാളുകൾ ഭവനരഹിതരായി പലായനം ചെയ്ത് അഭയാർത്ഥികളാവുകയും ചെയ്തിട്ടും ഷീ ചിൻപിംഗ് പുടിന്റെ പക്ഷം ചേർന്നത് ദുഷ്ടലാക്കോടെയായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമാകുന്നു. തയ്വാനെ കീഴടക്കി തന്റെ രാജ്യത്തോടു ചേർക്കാൻ ഒരുമ്പെട്ടിറങ്ങുമ്പോൾ അമേരിക്കയുടെയും സഖ്യകക്ഷികളുടെയും ഭാഗത്തുനിന്നുണ്ടാകുന്ന ശക്തമായ എതിർപ്പുകളെ അതിജീവിക്കാൻ റഷ്യയുടെ പിന്തുണ ഉറപ്പിക്കുകയായിരുന്നു ഷീയുടെ ലക്ഷ്യം.

**നാൻസി പെലോസി ചൈനയുടെ ആജന്മശത്രു**

പ്രസിഡന്റും വൈസ്പ്രസിഡന്റും കഴിഞ്ഞാൽ അമേരിക്കയുടെ അധികാരശ്രേണിയിൽ മൂന്നാം സ്ഥാനമുള്ള ഡെമോക്രാറ്റിക് ജനപ്രതിനിധിയായ 82 കാരി നാൻസി പെലോസിയുടെ തയ്വാൻസന്ദർശനം ഷീ ചിൻപിംഗിനെ വല്ലാതെ അലോസരപ്പെടുത്തിയത് സ്വാഭാവികം. തങ്ങളുടെ രാജ്യത്തിന്റെ പ്രവിശ്യകളിലൊന്നായി കണക്കാക്കുന്ന തയ്വാനിൽ അനുമതിയില്ലാതെ പ്രവേശിച്ച് പ്രകോപനം സൃഷ്ടിക്കുന്ന പെലോസിയുടെ നടപടിയിൽ കുപിതനായ ചൈനീസ് പ്രസിഡന്റ്, ജോ ബൈഡനോടു ഫോൺ സംഭാഷണത്തിൽ പറഞ്ഞതിങ്ങനെ: "തീ കൊണ്ടുള്ള നിങ്ങളുടെ കളി അവസാനിപ്പിക്കണം, തീ കൊണ്ടു കളിക്കുന്നവർ തീകൊണ്ടു തന്നെ നശിക്കും."

ഇരുപത്തിയഞ്ചുവർഷംമുമ്പ് 1997 ൽ അന്നത്തെ യുഎസ് ജനപ്രതിനിധിസഭാസ്പീക്കർ ന്യൂട്ട് ഗിംഗ്റിച്ചിന്റെ സന്ദർശനത്തിനു ശേഷം ആദ്യമായാണ് നാൻസി പെലോസിയെപ്പോലെ ഉന്നതസ്ഥാനം വഹിക്കുന്ന ഒരാൾ തയ്വാൻ സന്ദർശിക്കുന്നത്. കിഴക്കനേഷ്യൻ രാജ്യങ്ങളിലേക്കുള്ള യാത്രാപരിപാടിയിൽ തയ്വാനെക്കൂടി ഉൾപ്പെടുത്താനുള്ള നാൻസി പെലോസിയുടെയും സംഘത്തിന്റെയും തീരുമാനം അനുചിതമാണെന്ന നിലപാടാണ് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ സ്വീകരിച്ചത്. എന്നാൽ, അടുത്തകാലത്ത് അന്താരാഷ്ട്രതലത്തിൽ യുഎസിനുണ്ടായ പരാജയങ്ങളിൽനിന്ന് ഭരണകക്ഷിയായ ഡെമോക്രാറ്റിക് പാർട്ടിയെയും ബൈഡനെയും രക്ഷിക്കാനുള്ള തന്ത്രമായിരുന്നു പെലോസിയുടെ സന്ദർശന ലക്ഷ്യമെന്നു വിലയിരുത്തുന്നവരുണ്ട്.



രാഷ്ട്രീയത്തിൽ പ്രവേശിച്ച നാൾമുതൽ ചൈനയുടെ കടുത്ത വിമർശകയായ നാൻസി പെലോസി 2011 ലും 2019 ലും ജനപ്രതിനിധിസഭാ സ്പീക്കറായിരുന്നിട്ടുണ്ട്. 1981 മുതൽ മൂന്നു വർഷക്കാലം കാലിഫോർണിയ സംസ്ഥാനത്തെ ഡെമോക്രാറ്റിക് പാർട്ടി ചെയർമാനായിരുന്നു. 2004 മുതൽ തുടർച്ചയായി ജനപ്രതിനിധിസഭാംഗമായി തിരഞ്ഞെടുക്കപ്പെടുന്ന പെലോസി, 1959 ലെ ടിബറ്റൻ അധിനിവേശത്തിനും 1989 ലെ ടിയാനൻമെൻ സ്ക്വയർ കൂട്ടക്കൊലയ്ക്കുമെതിരേ ചൈനയെ നിശിതമായി വിമർശിച്ച വ്യക്തിയാണ്. സമാധാനപ്രിയരും നിരായുധരുമായ ബുദ്ധസന്ന്യാസികളുൾപ്പെടെയുള്ള ഒരു ലക്ഷം ടിബറ്റൻ വംശജരെങ്കിലും 63 വർഷം നീണ്ട ചൈനയുടെ ടിബറ്റധിനിവേശകാലത്ത് മരണപ്പെട്ടിട്ടുണ്ടാകാമെന്നാണ് ഏകദേശകണക്ക്. ടിബറ്റു പിടിച്ചടക്കുന്നതിനു കുതിച്ചെത്തിയ 35,000 പേരടങ്ങുന്ന ചൈനീസ് പടയെ ഭയന്ന്, അനുയായികളായ 80 ബുദ്ധസന്ന്യാസികളുമായി ഹിമാലയം താണ്ടി ഇന്ത്യയിൽ അഭയം തേടിയ 14-ാമത് ദലൈലാമ ഇപ്പോഴും അഭയാർത്ഥിയായി കുളു താഴ്വരയിൽ കഴിയുന്നു. അഴിമതിക്കും വിലക്കയറ്റത്തിനും അസ്വാതന്ത്ര്യത്തിനും ഏകാധിപത്യത്തിനുമെതിരേ ചൈനയുടെ വിവിധ നഗരങ്ങളിൽ സംഘടിച്ചെത്തിയ വിദ്യാർത്ഥികളടങ്ങിയ പത്തുലക്ഷത്തോളം വരുന്ന ജനക്കൂട്ടത്തെ അടിച്ചമർത്തിയ നടപടിയെയും പെലോസി അപലപിച്ച ചരിത്രമുണ്ട്. തലസ്ഥാനമായ ബെയ്ജിംഗിന്റെ നഗരമധ്യത്തിലെ ടിയാനൻമെൻ ചത്വരത്തിൽ തടിച്ചുകൂടിയ പ്രക്ഷോഭകരുടെമേൽ പട്ടാളടാങ്കുകൾ കയറ്റിയിറക്കി 10,000 ത്തോളം പേരെ കൊന്നൊടുക്കിയ 1989 ജൂൺ നാലിലെ കൂട്ടക്കൊല ചൈനയുടെ ചരിത്രത്തിലെ കറുത്ത ഏടാണ്. ടിയാനൻമെൻ കൂട്ടക്കൊലയ്ക്കു രണ്ടു വർഷത്തിനുശേഷം 1991 ൽ ബെയ്ജിംഗിലെത്തിയ നാൻസി പെലോസി 'ജനാധിപത്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവർക്ക് ആദരാഞ്ജലികൾ' എന്നു രേഖപ്പെടുത്തിയ ബാനറുമേന്തിയാണ് അനുസ്മരണച്ചടങ്ങുകളിൽ സംബന്ധിച്ചത്. ബ്രിട്ടനിൽനിന്നു വിട്ടുനൽകിയ ഹോങ്കോംഗ്, വടക്കുപടിഞ്ഞാറൻ പ്രവിശ്യയായ ഷിൻജിയാംഗ് എന്നിവിടങ്ങളിലെ മനുഷ്യാവകാശലംഘനങ്ങളും പെലോസി വിമർശനവിധേയമാക്കിയിട്ടുണ്ട്. ഷിൻജിയാംഗിലെ മുസ്ലീം ന്യൂനപക്ഷവിഭാഗമായ ഉയഗൂർ വംശത്തിനെതിരേ ചൈനയിൽനിന്നുണ്ടാകുന്ന ക്രൂരമായ അടിച്ചമർത്തലുകൾ, നിർബന്ധിത വന്ധ്യംകരണം, അബോർഷൻ, വംശഹത്യ, മതാനുഷ്ഠാനങ്ങളിന്മേലുള്ള കടുത്ത നിയന്ത്രണങ്ങൾ തുടങ്ങിയവയ്ക്കെതിരെ അന്താരാഷ്ട്രസമൂഹത്തോടൊപ്പം പ്രതികരിക്കാൻ പെലോസിയും മുൻപിലുണ്ട്. തയ്വാൻ തലസ്ഥാനമായ തായ്പെയിലെത്തിയ പെലോസി, ലോകത്തെ ഏറ്റവും ശക്തമായ ജനാധിപത്യമാണ് തായ്വാനിലേതെന്നു വിശേഷിപ്പിക്കുകയുണ്ടായി. ജനാധിപത്യമാണോ ഏകാധിപത്യമാണോ വേണ്ടതെന്നു തീരുമാനിക്കാനുള്ള സുവർണാവസരമാണ് തയ്വാനിലെ ജനങ്ങൾക്കു മുമ്പിലുള്ളതെന്നും കൂട്ടിച്ചേർത്തു.

ക്വലാലമ്പൂരിൽനിന്ന് തായ്പെയിലെത്തിയ നാൻസി പെലോസിക്ക് വൻസ്വീകരണമൊരുക്കിയ തയ്വാൻ പ്രസിഡന്റ് ഷായ് ഇൻവെൻ ഏറ്റവും വലിയ സിവിലിയൻ ബഹുമതി നല്കി പെലോസിയെ ആദരിക്കുകയും ചെയ്തു. ലോകമെമ്പാടും ജനാധിപത്യം സംരക്ഷിക്കാനുള്ള അമേരിക്കയുടെ ദൃഢനിശ്ചയം അരക്കിട്ടുറപ്പിക്കുകയാണ് തന്റെ സന്ദർശനലക്ഷ്യമെന്നാണു പെലോസി അഭിപ്രായപ്പെട്ടത്.

സിംഗപ്പൂർ, മലേഷ്യ, ദക്ഷിണകൊറിയ, ജപ്പാൻ തുടങ്ങിയ സൗഹൃദരാഷ്ട്രങ്ങളിലെ സന്ദർശനത്തിനിടയിൽ തയ്വാനിൽ ഒരു ദിവസം മാത്രം തങ്ങിയ പെലോസി മടങ്ങിയതിനുപിന്നാലെ ചൈനയിൽനിന്നു തൊടുത്തുവിട്ട 11 മിസൈലുകളാണ് തയ്വാന്റെ സമുദ്രാതിർത്തിയിലെത്തിയത്. തയ്വാൻ തീരത്തുനിന്ന് 19 കിലോമീറ്റർ അകലെയാണ് 'ഡോംഗ്ഫെംഗ്' മിസൈലുകളിലൊന്നു പതിച്ചത്. ചൈനാവൻകരയിൽനിന്നു തയ്വാൻ കടലിടുക്കിനപ്പുറം 160 കിലോമീറ്റർ അകലെ ദക്ഷിണചൈനാക്കടലിൽ സ്ഥിതിചെയ്യുന്ന തയ്വാൻ ദ്വീപിനെ യുദ്ധക്കപ്പലുകളും അന്തർവാഹിനികളും നാലുചുറ്റുംനിന്നു വളഞ്ഞത് ലോകം ആശങ്കയോടെയാണു കണ്ടത്. വിമാനവാഹിനിക്കപ്പലുകളിൽനിന്നു പറന്നുയർന്ന യുദ്ധവിമാനങ്ങൾ തയ്വാന്റെ വ്യോമാതിർത്തി ലംഘിച്ച് പലതവണ പ്രകോപനം സൃഷ്ടിച്ചെങ്കിലും പ്രത്യാക്രമണം നടത്താതെ തയ്വാൻ സ്വയം നിയന്ത്രിച്ചതും സംഘർഷം ലഘൂകരിച്ചു.

ഒരു പരമാധികാരറിപ്പബ്ലിക് അല്ലെങ്കിലും സമ്പൂർണജനാധിപത്യരാജ്യവും ലോകത്തെ പതിനൊന്നാമത്തെ ശക്തിയുമാണ് തയ്വാൻ എന്ന ചെറുദ്വീപുരാഷ്ട്രം. സെമികണ്ടക്ടർ ചിപ്പുകളുടെ നിർമാണത്തിൽ ഒന്നാംസ്ഥാനം തയ്വാനാണ്. മൊബൈൽ, കാർ, യുദ്ധവിമാനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നതിനുള്ള ഇലക്ട്രോണിക് സംവിധാനങ്ങൾക്കുള്ള ചിപ്പുകളുടെ 90 ശതമാനവും തയ്വാനിലാണ് ഉത്പാദിപ്പിക്കുന്നത്. വൻശക്തിയായി ഉയർന്ന് 'ലോകത്തിന്റെ ഫാക്ടറി' എന്ന ഖ്യാതി നേടിയ ചൈനപോലും ഇക്കാര്യത്തിൽ തയ്വാന്റെ പിന്നിലായതിനാൽ അവർ ഏർപ്പെടുത്തിയ ഉപരോധത്തിൽ ചിപ്പു വ്യവസായത്തെ തൊടാൻ ധൈര്യം കാണിച്ചിട്ടില്ല. ചിപ്പ് ഇറക്കുമതി നിരോധിച്ചാൽ ചൈനയിലെ ഇലക്ട്രോണിക്/വാഹനവ്യവസായങ്ങൾ കടുത്ത പ്രതിസന്ധി നേരിടേണ്ടിവരുമെന്ന് അവർക്കറിയാം. ഏതാനും ദിവസത്തേക്കുള്ള യുദ്ധമാണെങ്കിൽപ്പോലും ലോകമെമ്പാടുമുള്ള വാഹനഫാക്ടറികൾക്കും പൂട്ടിടേണ്ടിവരുമെന്നാണ് വാർത്ത.

**ചരിത്രത്തിന്റെ നാൾവഴികൾ**


എ ഡി 239 മുതൽ ഇരുരാജ്യങ്ങളും തമ്മിൽ ചരിത്രപരമായ ബന്ധമുള്ളതായി ചരിത്രരേഖകൾ സാക്ഷിക്കുന്നുണ്ട്. ഫൊർമോസ എന്ന് മുമ്പ് അറിയപ്പെട്ടിരുന്ന തയ്വാനും സമീപപ്രദേശങ്ങളിലുള്ള ദ്വീപസമൂഹങ്ങളും എ ഡി 1624 ൽ കോളനിയാക്കിയ ഡച്ചുകാരെ കീഴടക്കിയ ക്വിംഗ് രാജവംശം 1682 മുതൽ 1875 വരെ തയ്വാൻ ഭരിച്ചു. അതിമനോഹരമായ ആ ദ്വീപസമൂഹങ്ങളെ സ്വന്തമാക്കാൻ മോഹിച്ച ചൈനയും ജപ്പാനും ഏറ്റുമുട്ടിയ യുദ്ധത്തിൽ ജപ്പാൻ വിജയിക്കുകയും 1895 മുതൽ രണ്ടാം ലോകമഹായുദ്ധത്തിൽ പരാജയമടയുന്നതുവരെ ഭരിക്കുകയും ചെയ്തു. 1945 നുശേഷം തയ്വാന്റെ അധികാരം ജപ്പാൻ ചൈനയ്ക്കു കൈമാറിയതും ചരിത്രം. ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലും യുഎസ് പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ്വെൽറ്റും ചൈനീസ് നാഷണലിസ്റ്റ് പാർട്ടിയുടെ സമുന്നതനേതാവും റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രസിഡന്റുമായിരുന്ന ചിയാംഗ് കൈഷെക്കുമായി 1943 ൽ ഒപ്പുവച്ച കെയ്റോ ഉടമ്പടിപ്രകാരമായിരുന്നു ഈ കൈമാറ്റം. മാവോ സേ തുംഗിന്റെ കമ്യൂണിസ്റ്റു സേനയോട് 1949 ലെ ആഭ്യന്തരയുദ്ധത്തിൽ പരാജയപ്പെട്ടു പലായനം ചെയ്ത് തയ്വാനിൽ അഭയം തേടിയ ചിയാംഗ് കൈഷെക് രൂപവത്കരിച്ച കൂമിന്റാംഗ് കക്ഷി നേതൃത്വം കൊടുത്ത റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രസിഡന്റായി 1975 ൽ അദ്ദേഹത്തിന്റെ മരണംവരെ ഭരണം തുടരുകയും ചെയ്തു. ചൈനാവൻകരയിൽനിന്നു രക്ഷപ്പെട്ടോടിയ കൂമിന്റാംഗുകാരുടെ പിൻതലമുറക്കാരാണ് തയ്വാനിലെ ഭൂരിപക്ഷം ജനങ്ങളും.

കേരളത്തോളംപോലും വലിപ്പമില്ലാത്ത തയ്വാനിലെ ആകെ ജനസംഖ്യ 2.40 കോടിയാണ്. തലസ്ഥാനമായ തയ്പെയിൽ 27 ലക്ഷം പേർ വസിക്കുന്നു. 2016 ൽ പ്രസിഡന്റായി സ്ഥാനമേറ്റ ത്സായ് ഇംഗ്വെൻ 2020 ൽ വൻഭൂരിപക്ഷത്തോടെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

യഥാർത്ഥത്തിൽ, ലോകപോലീസുകാരൻ ആരായിരിക്കണമെന്ന മത്സരമാണിപ്പോൾ നടക്കുന്നതെന്നു കാണാനാകും. റഷ്യയെ മൂന്നാം സ്ഥാനത്തേക്കു തള്ളിയാണ് ചൈനയുടെ മുന്നോട്ടുള്ള കുതിപ്പ്. യുക്രെയ്ൻ യുദ്ധം അവസാനിക്കുമ്പോഴേക്കും റഷ്യ സാമ്പത്തികമായും സൈനികമായും ഒന്നുകൂടി തളരുമെന്നും യു.എസ്. കണക്കുകൂട്ടുന്നുണ്ട്. 1979 ൽ ബെയ്ജിംഗുമായി നയതന്ത്രബന്ധം സ്ഥാപിക്കുമ്പോഴും, ഒരു ചൈന മാത്രമേയുള്ളൂവെന്ന് വിശേഷിപ്പിക്കുകയും ചെയ്തപ്പോഴും, ചൈന ഇത്രത്തോളം വളരുമെന്ന് അമേരിക്ക സ്വപ്നേപി കരുതിയിട്ടുണ്ടാകില്ല. അധികം വൈകാതെ അബദ്ധം തിരിച്ചറിഞ്ഞപ്പോൾ യുഎസ് ഭരണകൂടം മറ്റൊരു നിയമംകൂടി പാസ്സാക്കി തയ്വാന് സ്വയം പ്രതിരോധിക്കാൻ അവകാശമുണ്ടെന്നു വരുത്തി ആയുധം നല്കുകയായിരുന്നു.

ഒരു രാജ്യവും രണ്ടു ഭരണക്രമവും എന്ന ഹോങ്കോംഗ് മാതൃക നടപ്പാക്കിയാൽ ഒരുപക്ഷേ, സമാധാനത്തിന്റെ ഒരു പുതിയ അധ്യായം തുറക്കാൻ കഴിയുമെന്നു നിരീക്ഷിക്കുന്നവരുണ്ട്. അത്തരത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള പക്വതയും രാജ്യതന്ത്രജ്ഞതയും അമേരിക്കയും ചൈനയും പ്രകടമാക്കിയാൽ യുദ്ധത്തിലേക്കു വഴുതിവീഴാതെ സമാധാനത്തിലേക്കുള്ള വഴിതെളിക്കാനാകും. ■

# ഒടുവിലത്തെ അത്താഴം



സി.എൽ. ജോസ്

**വി**ശ്വപ്രസിദ്ധ ചിത്രകാരനായ ലിയോനാർഡോ ഡാവിഞ്ചി വരച്ച അതിപ്രശസ്തചിത്രമാണ് 'യേശുവിന്റെ ഒടുവിലത്തെ അത്താഴം'. മിലാനിലെ ഭരണാധികാരിയായ ഡ്യൂക്ക് ലുഡൊവിക്കോ 1495 ൽ ഡാവിഞ്ചിയോട് സുപ്രധാനമായ ഒരാവശ്യം ഉന്നയിച്ചു. ശിഷ്യരോടൊത്തുള്ള യേശുവിന്റെ അവസാനത്തെ അത്താഴവേളയിലെ ഏറ്റവും മികച്ച നാടകീയമുഹൂർത്തം ചിത്രീകരിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്.

രംഗം എങ്ങനെ ഏതു രീതിയിൽ വേണം എന്നത് ഡാവിഞ്ചിയുടെ ഭാവനയ്ക്കു വിട്ടുകൊടുത്തു. അദ്ദേഹം ആ ദൗത്യം സസന്തോഷം ഏറ്റെടുത്തു. ഏതാണ് ആ നാടകീയമുഹൂർത്തം? ഡാവിഞ്ചി ചിന്തിക്കാൻ തുടങ്ങി. ക്രമേണ, ഡാവിഞ്ചിയുടെ മനസ്സിൽ മികച്ചൊരു മുഹൂർത്തം തെളിഞ്ഞുവന്നു. ബൈബിളിൽ അത്താഴസമയത്ത് യേശു ശിഷ്യരോടായി പറയുന്ന ഒരു വാക്യമുണ്ട്: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും." സ്ഫോടനാത്മകമായ വാക്യം. അതു ശിഷ്യരിൽ ഉണ്ടാക്കിയ നടുക്കം, പരിഭ്രാന്തി, ഉത്കണ്ഠ, വിവിധ ഭാവങ്ങൾ, ആംഗ്യങ്ങൾ! ഇതിലും നല്ല മുഹൂർത്തം വേറേ എന്ത്? ഇതുതന്നെ ചിത്രീകരിക്കാൻ തീരുമാനിച്ചു.

അന്നു ഡാവിഞ്ചിക്ക് നാല്പത്തിമൂന്നു വയസ്സ്. മിലാനിലെ സാന്താമരിയ മൊണാസ്ട്രിയിലെ ഡൈനിങ് ഹാളിന്റെ വലിയ ചുമരിലാണ് ചിത്രം വരയ്ക്കേണ്ടത്. യൂദാസടക്കമുള്ള പന്ത്രണ്ടു ശിഷ്യന്മാരെ മൂന്നുപേർ വീതമുള്ള നാലു ഗ്രൂപ്പുകളാക്കി ഡാവിഞ്ചി തിരിച്ചു. ഓരോ വശത്തും ആറുപേർ വീതം. നടുവിൽ യേശുവിന്റെ രൂപം. മേശപ്പുറത്തുള്ള അത്താഴവിഭവങ്ങൾക്കൊപ്പം യേശുവിന്റെ വലതുകരത്തിൽ വീഞ്ഞുനിറച്ച ഒരു സ്ഫടികക്കപ്പ്. പന്ത്രണ്ടു ശിഷ്യന്മാരുടെയും യേശുവിന്റെയും വ്യത്യസ്തഭാവങ്ങളിലുള്ള ചിത്രം വളരെ സാവധാനത്തിലും ഏറെ സൂക്ഷ്മതയോടും എല്ലാ വിശദാംശങ്ങളോടുംകൂടി ഡാവിഞ്ചി വരച്ചു പൂർത്തിയാക്കി. മൂന്നു വർഷമെടുത്തു ചിത്രം വരച്ചുതീർക്കാൻ.

പെയിന്റിങ് പൂർത്തിയായപ്പോൾ എന്തെന്നില്ലാത്ത അഭിമാനവും സംതൃപ്തിയും തോന്നി. കുറേനേരം അതിന്റെ ഭംഗിയാസ്വദിച്ചുനിന്നു. ചിത്രത്തെക്കുറിച്ചു മറ്റൊരാളുടെ അഭിപ്രായമറിയാനുള്ള വ്യഗ്രതയോടെ ഡാവിഞ്ചി തന്റെ ഏറ്റവുമടുത്ത സുഹൃത്തിനെ വിളിച്ചുവരുത്തി ചിത്രം കാണിച്ചിട്ടു പറഞ്ഞു: "നീ നിന്റെ സത്യസന്ധമായ അഭിപ്രായം പറയണം."

അല്പനേരം ചിത്രത്തിൽ നോക്കിനിന്നശേഷം സുഹൃത്തു പറഞ്ഞു:"അദ്ഭുതകരമായിരിക്കുന്നു. ഇത്ര മനോഹരമായൊരു ചിത്രം എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. നല്ല മിഴിവുള്ള, ജീവൻ തുടിക്കുന്ന ചിത്രം. ഹോ! യേശുവിന്റെ കൈയിലെ ആ വൈൻകപ്പ് ശരിക്കും വീഞ്ഞുനിറച്ച യഥാർത്ഥ സ്ഫടികക്കപ്പുതന്നെ. അതിൽനിന്നു കണ്ണെടുക്കാൻ തോന്നുന്നില്ല. അത്രയ്ക്കും സജീവമായിരിക്കുന്നു."

ഡാവിഞ്ചി അതുകേട്ടു സന്തോഷിക്കുകയല്ല ചെയ്തത്. മ്ലാനമുഖനായിത്തീർന്ന അദ്ദേഹം ഉടനെ തന്റെ ബ്രഷ് ചായത്തിൽ മുക്കി ആ വൈൻകപ്പ് അപ്പാടെ മായ്ച്ചുകളഞ്ഞു. സുഹൃത്തു ഞെട്ടിപ്പോയി. ഡാവിഞ്ചി സുഹൃത്തിനോടു പറഞ്ഞു: "നിന്നെ അത് അത്രമാത്രം ആകർഷിക്കുന്നെങ്കിൽ അതവിടെ ഉണ്ടാകാൻ പാടില്ല. യേശുവിൽനിന്നു ശ്രദ്ധ തെറ്റിക്കുന്ന യാതൊന്നും ഇതിലുണ്ടാവരുത്."



ഇതുതന്നെയാണ് നാടകത്തിന്റെയും സ്ഥിതി. മൊത്തം നാടകത്തിൽനിന്നു ശ്രദ്ധ തെറ്റിക്കുന്ന ഏതെങ്കിലും പ്രത്യേക ഘടകത്തിന് ഊന്നലോ മുൻതൂക്കമോ ലഭിക്കുന്ന യാതൊന്നും നാടകത്തിലുണ്ടാകരുത്. No part is more important than the whole. ഈ വസ്തുത ഞാൻ രചിച്ച 'നാടകരചന എന്ത്, എങ്ങനെ?' എന്ന പഠനഗ്രന്ഥത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ഒരു കാര്യംകൂടി: ഡാവിഞ്ചിയുടെ 'മൊണാലിസ' പോലെതന്നെ ഒരു മാസ്റ്റർപീസായ 'ഒടുവിലത്തെ അത്താഴം' എന്ന അനശ്വരചിത്രത്തിൽ സൂക്ഷിച്ചുനോക്കിയാൽ യേശുവിന്റെ വലതുകരത്തിലെ വിരലുകൾ വിടർത്തിപ്പിടിച്ചിരിക്കുന്നതു കാണാം. അതിനിടയിലുണ്ടായിരുന്ന വൈൻകപ്പ് മാത്രം അപ്രത്യക്ഷമായി. ■

---



ടി.പി. ശാസ്തമംഗലം




# അക്ഷന്തവ്യമായ അപരാധം

**ഏ**താനും ദിവസങ്ങൾക്കുമുമ്പ് യൂട്യൂബിലും മറ്റും ഇങ്ങനെ ഒരു പോസ്റ്റർ പ്രത്യക്ഷപ്പെട്ടു:

RELEASING ON 18 JULY MONDAY 7 PM

കൺവ്വനന്ദിനിയോ...

(ചുവടെ ഈ ഗാനത്തിന്റെ സാങ്കേതികവിദഗ്ധരുടെ പേരുകളും മറ്റും കൊടുത്തിരിക്കുന്നു.)

'കൺവ്വനന്ദിനി'യിലാണ് പെട്ടെന്ന് എന്റെ കണ്ണുകൾ ഉടക്കിയത്. അപ്പോൾമുതൽ അതിനെക്കുറിച്ചായി എന്റെ ചിന്ത. എത്ര ആലോചിച്ചിട്ടും ഒരെത്തുംപിടിയും കിട്ടിയില്ല. ഒടുവിൽ ജൂലൈ 18 സന്ധ്യയ്ക്ക് ഏഴുമണിയാകുന്നതും കാത്തു ഞാനിരുന്നു. ഗാനത്തിന്റെ തുടക്കം ശീർഷകമാക്കി മാറ്റിയതിന്റെ കുഴപ്പംകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നു പിടികിട്ടി. ഇതാണു ഗാനം:

"കണ്വനന്ദിനിയോ കാമമോഹിനിയോ
ശൈലാദ്രിസാനുക്കൾതൻ പ്രിയ പുത്രിയാം
ശൈലജയോ - നീ ശൈലജയോ?"

ഗാനരചന - ബി. രാംകുമാർ; സംഗീതം - ദർശൻ രാമൻ; ആലാപനം - ബി. ചന്ദ്രശേഖർ; സംവിധാനം - സജീഷ് നെല്ലിക്കോട്)

കണ്വനന്ദിനിയാണ് കൺവ്വനന്ദിനിയായി രൂപപരിണാമം വന്ന് പോസ്റ്ററിൽ കയറിപ്പറ്റിയത്. 'അഭിജ്ഞാനശാകുന്തള'ത്തിലെ കണ്വമഹർഷി മലയാളികൾക്ക് അത്ര അന്യനൊന്നുമല്ല. ഇത്രയും പ്രചാരം സിദ്ധിച്ച ഒരു കഥാപാത്രത്തിന്റെ പേര് തെറ്റിച്ചെഴുതിയത് അക്ഷന്തവ്യമായ അപരാധമാണെന്ന് മലയാളഭാഷയെ മുൻനിറുത്തി ഞാൻ പറയട്ടെ.

വയലാർ രാമവർമ്മ 1972 ൽ 'പുനർജ്ജന്മം' എന്ന ചിത്രത്തിനുവേണ്ടി ഇങ്ങനെയെഴുതി:

"കാമിനീ... കാവ്യമോഹിനീ
കാളിദാസന്റെ മാനസനന്ദിനീ
നിന്റെ മാലിനീതീരത്തു ഞാൻ തീർക്കും
എന്റെ സാഹിതീക്ഷേത്രം"

അര നൂറ്റാണ്ടു വേണ്ടിവന്നു ബി. രാംകുമാറിന്റെ ഭാവനയിൽ വയലാർ ഗാനത്തിന്റെ പ്രേതം മുകളിൽക്കാണുന്ന വിധത്തിൽ പല്ലിളിച്ചു നില്ക്കാൻ! വയലാറിന്റെ മാനസനന്ദിനിയെ സ്വല്പമൊന്നു മാറ്റിപ്പിടിച്ച് കണ്വനന്ദിനിയാക്കുകയും അദ്ദേഹത്തിന്റെ (വയലാറിന്റെ) തന്നെ കാവ്യമോഹിനിയെ അതേപടി പ്രതിഷ്ഠിക്കുകയും ചെയ്തപ്പോൾ രാംകുമാറിന് പുതിയ ഗാനം പടച്ചുവിടാനുള്ള ധൈര്യമായി. അദ്ദേഹത്തിന്റെ സംഗീതാൽബത്തിലെ രണ്ടാമത്തെ വരിയിലുമുണ്ട് വയലാർഗാനത്തിന്റെ അരനൂറ്റാണ്ടു പഴക്കമുള്ള മറ്റൊരു പ്രേതം.

"സഹ്യാദ്രിസാനുക്കൾ എനിക്കു നല്കിയ
സൗന്ദര്യദേവത നീ" (ചിത്രം - മറവിൽ തിരിവ് സൂക്ഷിക്കുക)

വയലാറിന്റെ സഹ്യാദ്രിസാനുക്കളെ തെല്ലൊന്നു പാഠഭേദം വരുത്തി ശൈലാദ്രിസാനുക്കൾ എന്നാക്കിയതോടെ സംഗതി എളുപ്പമായി. നീ ശകുന്തളയാണോ പാർവതിയാണോ എന്നു ചോദിക്കുന്ന മട്ടിൽ ഗാനത്തെ ആശയപരമായി ഔന്നത്യത്തിലെത്തിച്ചെന്ന് രാംകുമാറിന് വീമ്പിളക്കാൻ വകയുമായി.

"മകരമാസത്തെ തൂമഞ്ഞിൽ പൊഴിയും
മന്ദസമീരണൻ പോലവേ
വന്നെന്നുള്ളിൽ അനുരാഗത്തിൻ
കുളിർക്കാറ്റേകി നീ."

മഞ്ഞുപൊഴിയും; സമ്മതിച്ചു. എന്നാൽ, അതേ ലാഘവത്തോടെ കാറ്റുപൊഴിയും എന്നു പറഞ്ഞാൽ തൊണ്ട തൊടാതെ വിഴുങ്ങുക അസാധ്യമത്രേ. കാറ്റുപോലെ കാറ്റേകി എന്ന പറയുന്നതിന്റെ അനൗചിത്യം രചയിതാവിനു മനസ്സിലായില്ലെങ്കിലും ആസ്വാദകർക്കു പിടികിട്ടും. ബി. രാംകുമാറിനെപ്പോലെയുള്ള പാട്ടെഴുത്തുകാർ ആദ്യം ഗാനരചനയുടെ പൊതുതത്ത്വങ്ങൾ ഗ്രഹിക്കണം. എന്നിട്ടുവേണം തൂലികയെടുക്കാൻ. എങ്കിൽ മാത്രമേ അദ്ദേഹത്തിന് യശസ്സു നേടാനാവൂ. കുപ്രസിദ്ധി നേടുക ഒരെഴുത്തുകാരന് ഒരിക്കലും ഭൂഷണമല്ലല്ലോ. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



സൗമ്യമായ മറുപടി ക്രോധം ശമിപ്പിക്കുന്നു;
പരുഷമായ വാക്ക് കോപം ഇളക്കിവിടുന്നു.

സുഭാഷിതങ്ങൾ 15:1

**എഡിറ്റോറിയൽ**

# പാതകളിൽ പൊലിയുന്ന ജീവിതങ്ങൾ

ദേശീയപാതകളിലടക്കമുള്ള മരണക്കുഴികളെക്കുറിച്ചാണ് കഴിഞ്ഞ കുറേ ആഴ്ചകളായി വർത്തമാന കേരളം ആവർത്തിച്ചുസംസാരിക്കുന്നത്. മാധ്യമങ്ങൾ വാർത്തയെഴുതിയും പരമ്പരയിറക്കിയും പ്രതിഷേധിച്ചു മടുക്കുന്നു. സമൂഹമാധ്യമങ്ങളാകട്ടെ ട്രോളുകൾ നിരത്തി സർക്കാരിനെതിരേ രൂക്ഷവിമർശനമുന്നയിക്കുന്നു. ഒടുവിലിതാ കോടതിയും അന്ത്യശാസനമിറക്കി പ്രതികരിക്കേണ്ടിവന്നിരിക്കുന്നു. ആരൊക്കെ എന്തൊക്കെപ്പറഞ്ഞാലും, പാതകളിലെ പാതാളക്കുഴികളുടെ ആഴവും മരണപ്പെടുന്നവരുടെ എണ്ണവും ദിനംപ്രതി വർദ്ധിക്കുന്നതല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല എന്നതാണു വിചിത്രം. ഉത്തരവാദിത്വപ്പെട്ടവരുടെ ക്രിയാത്മകവും സത്യസന്ധവുമായ ഇടപെടലുകൾ സമയബന്ധിതമായി ഉണ്ടാവാത്തതിൽ ജനത്തിന്റെ അങ്കലാപ്പും അമർഷവും പെരുകുകയാണ്. ഓരോ റോഡപകടമരണവും വിളിച്ചറിയിക്കുന്നത്, അധികൃതരുടെ ഭാഗത്തുനിന്ന് നിരന്തരശ്രദ്ധയും ജാഗ്രതയും ഉണ്ടാവണമെന്ന ഓർമപ്പെടുത്തലാണ്. അതിനുള്ള ഇച്ഛാശക്തിയും പ്രതിബദ്ധതയുമാണ് സർക്കാർ വൃത്തങ്ങളിൽനിന്നു ജനം ഉറ്റുനോക്കുന്നത്.

ഗുണമേന്മയുള്ള റോഡുകൾക്കായി രണ്ടു വർഷത്തിനിടെ നാലു തവണയാണ് ഹൈക്കോടതി സഗൗരവം ഇടപെട്ടിരിക്കുന്നത്. മഴക്കാലത്തെ അതിജീവിക്കാൻ കഴിയുംവിധം ശാസ്ത്രീയമായും സത്യസന്ധമായും റോഡു നിർമിക്കാനാവില്ലെങ്കിൽ എൻജിനീയർമാർ രാജിവച്ചുപോകണമെന്നഭിപ്രായപ്പെട്ടത് 2021 നവംബർ 25 നാണ്. കൊച്ചിയിലെ റോഡുകൾ പശ തേച്ച് ഒട്ടിച്ചതാണോ എന്ന പരിഹാസമുന്നയിച്ചതാകട്ടെ 2022 ജൂലൈ ഏഴിന്. ഇതേ മാസംതന്നെ, റോഡുകളുടെ കാര്യം പറഞ്ഞുമടുത്ത് നാണം തോന്നുന്നുവെന്നുവരെ കോടതി പറയേണ്ട ഗതികേടിലായി! ഏറ്റവുമൊടുവിലിതാ ഓഗസ്റ്റ് എട്ടിന്, കേരളത്തിൽ ദേശീയപാതകളിലെ കുഴികൾ ഒരാഴ്ചയ്ക്കകം അടയ്ക്കണമെന്ന് ഹൈക്കോടതിയുടെ അന്ത്യശാസനവും. റോഡപകടങ്ങൾ മനുഷ്യനിർമിതദുരന്തങ്ങളാണെന്നും റോഡുകൾ കുരുതിക്കളമാക്കരുതെന്നും കോടതി പ്രതികരിച്ചു. ദേശീയപാതയാണെങ്കിലും പി.ഡബ്ല്യു.ഡി, തദ്ദേശസ്വയംഭരണസ്ഥാപനറോഡുകളാണെങ്കിലും അപകടം ഒഴിവാക്കാനുള്ള നടപടികൾ ഊർജിതമായി ഉറപ്പാക്കേണ്ട കളക്ടർമാർ വെറും കാഴ്ചക്കാരാവരുതെന്നും കോടതി നിർദേശിച്ചു. റോഡുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച വിവിധ ഹർജികളിലാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിറങ്ങിയിരിക്കുന്നത്.

റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ ഇനിയെത്ര ജീവൻ നഷ്ടമാകണമെന്ന ഹൈക്കോടതിയുടെ അതിരൂക്ഷമായ ചോദ്യം, മനുഷ്യജീവന്റെ കാവൽഭടന്മാരായ ജനപ്രതിനിധികളുടെയും സർക്കാരുദ്യോഗസ്ഥരുടെയും കൂട്ടുത്തരവാദിത്വത്തെ ഓർമിപ്പിക്കുന്നതാണ്. വീട്ടിൽനിന്നു പോകുന്നവർ മടങ്ങിയെത്തുമോയെന്ന് യാതൊരു ഉറപ്പുമില്ലാത്തവിധം നമ്മുടെ റോഡുകൾ മരണഗർത്തങ്ങളായി മാറിയിരിക്കുന്നത് പൊതുസമൂഹം വിമർശനബുദ്ധ്യാ വിലയിരുത്തേണ്ട സമയമാണിത്. റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിലും അപകടമുണ്ടായാൽ നഷ്ടപരിഹാരം തീർപ്പുകല്പിക്കുന്നതിലും നിയമത്തിൽ വ്യവസ്ഥകൾ ഏറെയുണ്ടെങ്കിലും ഉത്തരവാദിത്വപ്പെട്ടവർ അവയൊന്നും നടപ്പാക്കുന്നില്ല എന്നതാണു ഗുരുതരമായ പ്രശ്നം. ഈ പ്രശ്നത്തിനു പരിഹാരമുണ്ടാകണമെങ്കിൽ പൗരസമൂഹം ഒറ്റക്കെട്ടായി പ്രതികരിക്കുകയും ജനകീയസമരപോരാട്ടങ്ങളിലേക്കിറങ്ങുകയും വേണം.

പൗരന്മാർ നടുറോഡിൽ കൊല്ലപ്പെടുമ്പോൾ ഉത്തരവാദിത്വത്തിൽനിന്നൊഴിയാൻ ജനപക്ഷത്തു നിലയുറപ്പിച്ചിരിക്കുന്ന ഒരു സർക്കാരിനുമാവില്ല. കേരളത്തിലെ റോഡുകൾ അടിയന്തരമായി കുഴികളടച്ചു നന്നാക്കണമെന്ന് ഹൈക്കോടതി അന്ത്യശാസനമിറക്കിയിട്ടും, കേന്ദ്രവും സംസ്ഥാനവും തമ്മിൽ ഉത്തരവാദിത്വത്തെച്ചൊല്ലി പരസ്പരം പഴിചാരുന്നതും തർക്കിക്കുന്നതുമൊന്നും ഒട്ടും ആശാസ്യമല്ല. ഈ വിഷയത്തിൽ പ്രതിപക്ഷം നിയമസഭയിൽ ചർച്ച ആവശ്യപ്പെട്ട് അടിയന്തരപ്രമേയനോട്ടീസ് നല്കിയിട്ടും, അവഗണിച്ചുതള്ളിയത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള കടുത്ത അലംഭാവവും ഉദാസീനതയുമാണ്.

ദേശീയപാതയായാലും പൊതുമരാമത്തു റോഡായാലും ആരോപണങ്ങൾക്കും അവകാശവാദങ്ങൾക്കുമപ്പുറത്ത് യുദ്ധകാലാടിസ്ഥാനത്തിൽ കുഴികളടച്ച് റോഡുകൾ സഞ്ചാരയോഗ്യമാക്കണമെന്നത് ജനകീയാവശ്യമാണെന്നു കരുതാൻ ബന്ധപ്പെട്ടവർക്കു കനിവുണ്ടാവണം. പൗരന്മാരുടെ ജീവനും സമയവും സമ്പത്തും നഷ്ടപ്പെടുന്ന അവസ്ഥ ഇന്നാട്ടിൽ ഇനിയും ഉണ്ടായിക്കൂടാ.

■



# ദീപനാളം സാഹിത്യോത്സവം



ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ - ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി അഖിലകേരളാടിസ്ഥാനത്തിൽ സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ.

**പൊതുനിബന്ധനകൾ**

രണ്ടു ഘട്ടങ്ങളിലായാണ് മത്സരം. ഒന്നാം ഘട്ടത്തിൽ വിഷയനിബന്ധനയില്ല. പ്രസ്തുത മത്സരത്തിലെ രചനാമികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രമായിരിക്കും രണ്ടാം ഘട്ടത്തിൽ പ്രവേശനം.

എൻട്രികൾ ഡിറ്റിപി ചെയ്ത് അയയ്ക്കേണ്ടതാണ്. ഒരു പേജിൽ നാല്പതു വരിയെന്ന കണക്കിൽ ഉപന്യാസം അഞ്ചു പേജിലും, കഥ മൂന്നു പേജിലും, കവിത ഇരുപതു വരിയിലും കവിയരുത്.

ചിത്രരചനയ്ക്ക് വാട്ടർകളർ, കളർപെൻസിൽ, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പേസ്റ്റ് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്. editordeepanalam@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കോ 7306874714 എന്ന വാട്സാപ്പ് നമ്പരിലേക്കോ പിഡിഎഫ് ആയി എൻട്രികൾ അയയ്ക്കുക.

എൻട്രികൾ **2022 ഓഗസ്റ്റ് 31** നുമുമ്പ് ലഭിച്ചിരിക്കണം.

ഫൈനൽ മത്സരങ്ങൾ **സെപ്റ്റംബർ 9** വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ദീപനാളം ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.

രജിസ്ട്രേഷൻഫീസ് 100 രൂപ. DEEPANALAM A/C No: 435 922 000 334 59, IFSC : CNRB 001 43 59 (Canara Bank, Pala Branch) എന്ന നമ്പരിലേക്ക് രജി. ഫീസ് ഗൂഗിൾപേ ചെയ്യേണ്ടതാണ്.

എൻട്രികളോടൊപ്പം E-mail ID യും ഫോൺ നമ്പരും ബാങ്ക് ട്രാൻസാക്ഷൻ IDയും നിർബന്ധമായും ചേർത്തിരിക്കണം.

**ക്യാഷ് അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**



കഥ



നിഷ ആന്റണി

# ഇനി മരങ്ങൾ ചിരിക്കട്ടെ

മഞ്ഞിനേക്കാൾ തണുത്ത മറ്റെന്തോ ഭൂമിയിലേക്കു വീണ ഒരു പുലർച്ചയായിരുന്നു അത്. വർഷങ്ങളായി എന്നെ ബാധിച്ചിരുന്ന സുരക്ഷിതത്വമില്ലാത്ത ഉറക്കത്തിൽ ഞാനെന്റെ ശരീരത്തെ വളച്ചുകൂട്ടി പുതപ്പിനു കീഴിൽ ഒതുക്കി.

മഴത്തണുപ്പു വന്നെന്നെ വിളിക്കുമ്പോൾ ഞാൻ അവനെ കെട്ടിപ്പിടിച്ചു കരയുകയായിരുന്നു. എനിക്ക് ഉണരണമെന്നേ തോന്നിയില്ല. കുറച്ചുനാളായി ശിഥിലമായിപ്പോയിരുന്ന എന്റെ ഹൃദയം ഒരു യാചകസന്തതിയെപ്പോലെ അവന്റെ നെഞ്ചോടള്ളിപ്പിടിച്ച് തേങ്ങിക്കൊണ്ടിരുന്നു.

ഞാൻ അനുഭവിച്ചിരുന്നത് ഒരു സ്വപ്നത്തിന്റെ തിരക്കഥയാണെന്നു തിരിച്ചറിഞ്ഞ നിമിഷത്തിൽ ശരീരം പിന്നെയും വിതുമ്മിക്കൂടി. അത് അട്ട ചുരുളുമ്പോലെ ചുരുണ്ട് ഒരു തുണിക്കഷണത്തിനു കീഴെ പതുങ്ങാൻ ആഗ്രഹിച്ചെങ്കിലും എന്റെയുള്ളിലെ ഞാൻതന്നെ ബഹുമാനിക്കുന്ന അപരിചിത, ഉയിർത്തുണർന്നു പുറത്തേക്കിറങ്ങി.

മഴ പെയ്ത് ആലിപ്പഴങ്ങൾ നനുത്തിറങ്ങുന്ന മുറ്റം. ഒരിലക്കഷണത്തിലേക്കൊഴുകാൻ തുടങ്ങിയ മഴമിഠായിയെ കൈവെള്ളയിലാക്കി ഞാൻ നാവിലേക്കലിയിച്ച നിമിഷത്തിൽ എനിക്ക് നാട്ടിലെ രാമന്റെ കടയിലെ നാരങ്ങാമിഠായികൾ ഓർമ വരികയും എന്റെ ഓർമപ്പെരുവഴികളിൽ അവൻ വീണ്ടും നടക്കാൻ തുടങ്ങുകയും ചെയ്തു.

കഥാപാത്രത്തിന്റെ പേരും സ്ഥലവും അമ്മയോടു വ്യക്തമാക്കിയാൽ ഒരിക്കലും പോകാനാഗ്രഹിച്ച സ്ഥലത്തേക്കു വിടില്ല എന്നറിയാവുന്നതുകൊണ്ട് 'എനിക്കൊരു സ്ഥലത്ത് അത്യാവശ്യമായി പോയേ തീരൂ' എന്നു ഞാൻ നിർബന്ധം പിടിച്ചു.

എന്നോടു പറഞ്ഞിട്ടു കാര്യമില്ല എന്നോർത്തിട്ടാണോ, മകളുടെ വിഷാദഭാവം മാറട്ടെ എന്നു കരുതീട്ടാണോ ഒരു നിബന്ധനയിൽ യാത്രയ്ക്ക് അമ്മ സമ്മതിച്ചു.

ശന്തനു നെന്നെ കിട്ട്യേല്ലേൽ ഇന്റെ ഫോണിലേക്കാ വീഡിയോ കോൾ വിളിക്ക്യാ.. സന്ധ്യയ്ക്കു മൂന്നേ തിരിച്ചെത്തണം. എനിക്കു കള്ളം പറയാൻ വയ്യ.

അമേരിക്കൻ രതിയുടെ ചൂടിൽ എരിയുമ്പോഴും ശന്തനുവിലെ സദാചാരമലയാളി കൃത്യമായ ഇടവേളകളിൽ ജോലിസ്ഥലത്തുനിന്ന് വീഡിയോ കോൾ വിളിച്ച് ക്ഷേമാന്വേഷണം നടത്തിപ്പോന്നു.

അതു മാത്രല്ല, ഇപ്പോ പണ്ടത്തെക്കാലം പോലാണോ, സന്ധ്യയായാൽ പെങ്കുഞ്ഞുങ്ങൾക്കു വഴിനടക്കാനാവോ?

സന്ധ്യയ്ക്കും രാത്രിക്കും അല്ലമ്മേ പ്രശ്നം. മനുഷ്യർക്കാണ് എല്ലാക്കാലത്തും സൂക്കേട്.

അനൂഖി സാരി ധരിച്ചുവന്നു.

വെറും അമ്മ - മകൾ മിണ്ടലുകൾക്കപ്പുറത്തുനിന്ന് മകളുടെ നീലിച്ച ഭാവവും, അമർച്ച ചെയ്യപ്പെട്ട നിലവിളികളും ഏതെങ്കിലും കാലത്ത് അമ്മമാർ മനസ്സിലാക്കുമോ എന്ന ചോദ്യം വായുവിലേക്കയച്ച് അവൾ കാറിലേക്കു കയറി. ഒപ്പം, പത്തുവയസ്സുള്ള അനൂഖി കാലങ്ങൾക്കിപ്പുറത്തുനിന്ന് അമ്മയോടു വീണ്ടും കലഹിക്കാൻ ആരംഭിച്ചു:

എനിക്കു ട്യൂഷനു പോണ്ടാ... നീലയും മഞ്ഞയും പൂമ്പാറ്റകൾ പറക്കുന്ന കുട്ടിയുടുപ്പിനുള്ളിലെ മുതിർന്നുവരുന്ന ഭയത്തെ മുഴുവൻ പുറത്തേക്കൊഴുക്കി അനൂഖി കരഞ്ഞു.

പോണ്ടാന്നു പറഞ്ഞാ എങ്ങന്യാ ശര്യാവാ. അച്ഛനറിഞ്ഞാൽ അനൂട്ടിക്കു തല്ലു കിട്ടും.

ദീപനില്ലാതെ ഞാൻ പോവില്ല. എനിക്കും ഓനും ഒരുമിച്ചല്ലേ ട്യൂഷൻ ഏർപ്പാടാക്കിയത്? എന്നിറ്റ് ഓനേടെ? അമ്മ ഓനോടും പറ വരാൻ.

ഞാൻ പറഞ്ഞാ കേക്കുന്ന തര്വാണോ ഓൻ. ഇയ്യന്നെ പറ. അമ്മ വിറകും ഒതുക്കിപ്പിടിച്ച് അകത്തേക്കു കയറി.

വാല്യക്കാരൻ കുഞ്ഞിരാമന്റെ ഒപ്പം ചന്തത്തുരുത്തിലൂടെ നടക്കുമ്പോഴും പൂമ്പാറ്റയുടുപ്പിലെ കുഞ്ഞുശരീരം തളരാൻ തുടങ്ങിയിരുന്നു. ലോകം മുഴുവൻ പെട്ടെന്ന് ഇരുട്ടിലായിപ്പോയെന്നും അതിലൊരു പെങ്കുട്ടി പകച്ച കണ്ണുകളോടെ വെളിച്ചം തിരഞ്ഞ് ചുമരില്ലാത്ത വഴിയിൽ കൈകൊണ്ടു തപ്പിപ്പിടഞ്ഞ് നടക്കുന്നതായും അനൂഖിക്കു തോന്നി.

'ന്നാ എനിക്കൊരു ചുരിദാറ് വാങ്ങിച്ചു താ. ഞാൻ അതിട്ടോണ്ട് പൊയ്ക്കോളാ...'

കൗമാരമെത്തുംമുന്നേ ശരീരത്തെ വസ്ത്രത്തിൽ ഒളിപ്പിക്കാനുള്ള ദുസ്സഹമായ വേദനയോടെ അനൂഖി അമ്മയോടു ചിലമ്പി. മൊട്ടേന്നു വിരിഞ്ഞില്ല. അയ്നും മുന്നേ ഫാഷൻ ഭ്രമാണ്. മിണ്ടാണ്ട് പൊക്കോളാ...

സ്നേഹശൂന്യമായ വാക്കുകൾ അമ്മയുടെ വായിൽനിന്നു ചത്തുപൊഴിഞ്ഞുകൊണ്ടിരുന്നു.

കുഞ്ഞിരാമേട്ടൻ ഇന്റൊപ്പം ട്യൂഷൻ കഴിയണവരെ നിക്ക്വോ?

വ്യസനത്തോടെയുള്ള തന്റെ ചോദ്യത്തിനു നേരേ കുഞ്ഞിരാമൻ അയാളുടെ ബുദ്ധിമുട്ടു പറഞ്ഞു:

കുട്ട്യേന്താ തമാശ പറയ്യാ! കുട്ടീന്റാട



ഇനിക്ക് തോനെ പണീല്ലേ. പയ്യിനേം കന്നൂട്ടീനേം തൊഴുത്തില് കെട്ടണം. വെറക് അടുപ്പിന്റാത്തു കൊണ്ടിടണം. കുട്ടീന്റച്ഛന്റെ പാർട്ടിക്കാര് വര്മ്പോ നെലത്തെ കമ്പളം തട്ടി വൃത്തിയാക്കണം.

പകലിനവസാനം ഇലകൾ നിലാവു ചൂടി തുടങ്ങിയിരിക്കുന്നു.

തനിക്കും ദീപനും ട്യൂഷനെടുക്കാൻ തീരുമാനിച്ച മുറിക്ക് ഒറ്റവരി ജനാല മാത്രായിരുന്നു ഉണ്ടായിരുന്നത്. അതിനുപുറത്ത് വിളഞ്ഞുമൂത്തുനിന്നിരുന്ന ഒരാൽമരം മുറിയിലേക്ക് എപ്പോഴും ഇരുൾ പടർത്തിവിട്ടു.

ഇലകൾക്കിടയിലൂടെ വരുന്ന ഇത്തിരിവെട്ടത്തിനുപോലും തന്നെ പിടികൊടുക്കരുത് എന്നു വിചാരിച്ചിട്ടാവും ട്യൂഷനെടുക്കുന്ന സമയങ്ങളിൽ അയാൾ ജനാലവാതിൽ ചാരിയിട്ടിരുന്നു.

ദൂരെനിന്നേ ആൽമരച്ചുവട്ടിൽ സൈക്കിൾ കണ്ടു.

കുട്ട്യേന്താ ആത്തേക്കു പോവാത്തെ?

ദീപനെവിടെ കുഞ്ഞിരാമേട്ടാ...

ഊയ്യ്... അക്കുട്ടീനെ എന്തിനാ അനൂട്ടി ശ്രദ്ധിക്കണേ.

ദീപനില്ലാതെ ഞാൻ പോവില്ല.

ഓൻ ഓന്റച്ഛന്റെ പൊടിമില്ലിലുണ്ടാവും.

എന്നെ ആട കൊണ്ടാക്കിത്തരി ഇങ്ങള്.

തേങ്ങലിന്റെ ഒച്ച പെരുമ്പറ ആവൂന്നു പേടിച്ചിട്ടാവാം, കുഞ്ഞിരാമേട്ടൻ അരിപ്പൊടിമില്ലിലേക്കു നടന്നു.

വിചാരിച്ചതുപോലെ ദീപൻ ഓന്റച്ഛന്റെ കസേരയിൽ വല്യാള് ചമഞ്ഞ് ഇരിക്കുന്നുണ്ടായിരുന്നു.

വെളുത്ത മുഖത്തെ വിരിഞ്ഞുനിന്ന പുരികങ്ങൾ നീയെന്തിനാ ഇങ്ങോട്ടു വന്നത് എന്നുള്ള ചോദ്യമുന്നയിച്ചു.

ഇയ്യ് വര്വോ ട്യൂഷന് എന്റൂടി?

ഒരു പത്തുവയസ്സുകാരിക്കു താങ്ങാൻ പറ്റാത്തത്ര ദുഃഖമത്രയും സ്വരത്തിൽ ചുമന്ന് ഞാൻ അവനോടു ചോദിച്ചു.

നെനക്ക് അച്ഛനോടു പറഞ്ഞ് രാമന്റെ കടേന്ന് ലാക്കോ കിംഗ് മുഠായി മേടിച്ചരാം.

ഞാൻ ട്യൂഷൻ നിർത്തീതാ.

ഇയ്യ് പഠിക്കണ്ട. ആടെ ഇന്റൊപ്പം വെറുതെ വന്നിരുന്നാൽ മതി.

എന്റെ കണ്ണ് നെറഞ്ഞൊഴുകുന്നത് കണ്ടിട്ടോ, നാല് മുഠായി മധുരപ്രലോഭനമോർത്തിട്ടോ എന്നറിയില്ല, അവൻ പത്തുവയസ്സുകാരിയുടെ സംരക്ഷകനായി.

പകുതി പേടിച്ചും പകുതി ധൈര്യത്തിലും നടന്ന് അടഞ്ഞ മുറിയുടെ മുന്നിലെത്തിയപ്പോൾ താൻ ഒന്നൂടി പറഞ്ഞു:

അയ്യാള് ഇറങ്ങി പൂവ്വാൻ പറഞ്ഞാലും ഇയ്യ് പൂവ്വരുത്. പോവ്വോ?

ഇല്ല.

ഇന്റെ കയ്യിലടിച്ച് സത്യം ചെയ്യ്.

അനൂട്ടിക്കെന്തിനാ ഇത്ര പേടി?

ആരെങ്കിലും ഒന്നു ചോദിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ച ചോദ്യം ദീപൻ ചോദിച്ചപ്പോൾത്തന്നെ പഴുത്ത മഞ്ഞപ്പരു പൊട്ടിയപോലെ മലിനമായ ഉത്തരം പുറത്തേക്കു ചാടി:

അയാളെന്നെ നുള്ളും.

അനൂട്ടി പഠിക്കാഞ്ഞിട്ടല്ലെ?

അല്ല.

പിന്നെ?

ഇനിക്കറീല്ല.

എന്തുത്തരമാണ് അവനു മനസ്സിലാക്കാൻവേണ്ടി പറയണ്ടത് എന്നറിയാതെ വളർന്നുപോയൊരു ബാല്യം ഏങ്ങലടിച്ചു.

ഒരു ശൈശവത്തെ ഉരിഞ്ഞെടുത്ത് കൗമാരത്തിലോട്ടും യുവത്വത്തിലോട്ടും വിഷം തളിച്ച് മൂപ്പെത്തിക്കുന്ന ഭ്രാന്തൻ നായയുടെ ഉളുമ്പുനാറ്റത്തെക്കുറിച്ച് ഒരു പത്തുവയസ്സുകാരന് എന്ത് അറിയാനാണ്!

കരയണ്ട. ഇന്നയാള് നുള്ളില്ല.

ദീപൻ ധൈര്യം ഭാവിച്ചു.

ട്യൂഷൻ തുടങ്ങി. അയാൾ കസേരയുടെ കൈയില് കൈചാരി ഇരുന്നു.

പുസ്തകം മറിച്ചു.

മറുകൈയുടെ വിരലുകൾ വിറയ്ക്കുന്നതും ഇടയ്ക്കിടെ കസേരപ്പിടിയിൻമേൽ അമർത്തിപ്പിടിക്കുന്നതും മാത്രം താൻ ശ്രദ്ധിച്ചു. വായുവിൽ കലർന്ന അക്കങ്ങളും അക്ഷരങ്ങളും മുഴുവൻ കാമവെറി പൂണ്ട നായയുടെ ഛർദിലുകളായി തന്റെ മേൽ ചുറ്റിക്കറങ്ങി.

ഇയ്യാരെ കാണാനാ കുത്തിരിക്ക്ണ്. എണീറ്റ് പോയ്യൂട്.

അയാൾ ദീപനോട് ഒച്ചയിട്ടു.

ഞാമ്പോണില്ല. ഇതെന്റച്ഛന്റെ മുറിയാ...

ദീപന്റെ മറുപടി അയാൾക്കു മുഷിഞ്ഞു. പിന്നീടയാൾ ഒന്നും പറഞ്ഞില്ല.

ഇടയ്ക്ക് ഏത്തക്കാപൊരിച്ചതും പാലൊഴിച്ച ചായയുമായി ആണ്ടിയുടെ ഹോട്ടലിൽനിന്നു സപ്ലെയർ വന്നു.

അയാൾ മാത്രം അതൊക്കെ സ്വാദോടെ കഴിച്ചു. ദീപൻ അയാളിലേക്കു മാത്രം കണ്ണയച്ചിരുന്നു.

ഇടയ്ക്കുമാത്രം അവൻ ചത്തുനിലമ്പറ്റിയ ഒരെട്ടുകാലിയെ മുളവടികൊണ്ട് തട്ടിക്കളിച്ചു.

വിശന്ന ചെന്നായ എത്രനേരം കൂട്ടിലൊളിക്കും? അയാൾ ദീപന്റെ ചെറിയ പ്രായത്തെ അവഗണിച്ച് വേട്ടയ്ക്കൊരുങ്ങാൻ തുടങ്ങി.

കറുത്ത നിറമുള്ള നീണ്ട അഞ്ച് കുരുടിപ്പാമ്പുകൾ ഇഴഞ്ഞ് തന്റെ കാൽവണ്ണയിലെ ഉടുപ്പുയർത്തിയ നിമിഷം ദീപൻ പാഞ്ഞു വന്നു.

മാഷേോളെ നുള്ളണ്ട.

നുള്ള്യാ?

അയാൾക്ക് കിതച്ചുതുടങ്ങിയിരുന്നു.

ദീപന്റെ കയ്യൊന്ന് താണുയർന്നു.

കൂർത്തുമൂർത്ത പെൻസിൽ അയാളുടെ കൈമണ്ടമേൽ നൂണിറങ്ങി. രക്തം കിനിഞ്ഞു.

അയാൾ ഭ്രാന്തനെപ്പോലെ പുറത്തേക്കു നിലവിളിച്ചോടി.

ഒപ്പം താനും ഉറക്കെ നിലവിളിച്ചു.

ആൾക്കാർ ഓടിവന്നു.

ഒരാങ്കുട്ടിയെ കെട്ടിപ്പിടിച്ചു നിൽക്കുന്ന പെങ്കുട്ടിയെക്കണ്ട് പുറംലോകം ആർത്തിരമ്പിയപ്പോൾ ഞാനാരെയും ശ്രദ്ധിക്കാതെ അവന്റെ നെഞ്ചിൻ ചോട്ടിൽ പറ്റിക്കിടന്ന് മുളചീന്തുംപോലെ പൊട്ടിക്കരഞ്ഞുകൊണ്ടിരുന്നു.

ദീപാ...

എനിക്കു പേടിയാവുന്നു.

*   *   *

എനിക്കു ദീപനതാണ് ശ്രീനി. അയാളുടെ ശല്യത്തിൽനിന്നും, ഭയത്തിൽനിന്നും എനിക്കു സ്വാതന്ത്ര്യം തന്നതവനാണ്. അവനൊരിക്കലും ഒരു പെണ്ണിനെ കൊല്ലാമ്പറ്റൂന്ന് എനിക്കു തോന്നണില്ല.

നിന്നേംകൊണ്ട് ഞാൻ ജയിലിപ്പോയെന്നറിഞ്ഞാ എന്റച്ഛനും നിന്റമ്മയും എന്നെ കൊല്ലും. വേറെ എത്രയോ പേരെ നിനക്കു പ്രേമിക്കാനുണ്ട്?


*ശേഷം 8-ാം പേജിൽ*




ഓഗസ്റ്റ് 21
കൈത്താക്കാലം
അഞ്ചാം ഞായർ

ലേവ്യ 16 : 20–28
ഏശ 14 : 1–15
യൂദാ 1 : 8–13
ലൂക്കാ 11 : 14–26

# നല്ല ഫലങ്ങൾ ദൈവത്തിൽനിന്നുമാത്രം



ഡോ. ജോസഫ് കരികുളം



**കൈ**ത്താക്കാലത്തിന്റെ അഞ്ചാം ഞായറാഴ്ച ദൈവത്തിന്റെ അപരിമേയശക്തിയെക്കുറിച്ചും, ആ ശക്തിയിൽ അഭയം തേടാത്തവർക്കു പിശാച് ഉണ്ടാക്കുന്ന നാശത്തെക്കുറിച്ചും സഭ ധ്യാനിക്കുന്നു. നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ദൈവത്തോടു ചേർന്നിരിക്കുന്നവരാണെന്നും പിശാചിന് ഇടംകൊടുക്കുന്നവർ സ്വനാശത്തിലേക്കു പതിക്കുന്നുവെന്നും സംശയലേശമെന്യേ വചനം പഠിപ്പിക്കുന്നു. പാപമില്ലാത്ത മനുഷ്യനില്ല. എന്നാൽ, പാപത്തെ നിഹനിക്കുന്ന ദൈവത്തിന്റെ കരുണയിൽ മനുഷ്യൻ അഭയംതേടുമ്പോൾ പാപം പരിഹരിക്കപ്പെടും.

ഒന്നാംവായന പാപപരിഹാരബലിയെക്കുറിച്ച് ലേവ്യരുടെ പുസ്തകത്തിൽനിന്നുള്ളതാണ് (ലേവ്യ. 16:20-28). ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ഏറ്റവും ബുദ്ധിമുട്ടു സൃഷ്ടിക്കുന്ന സാഹചര്യം പാപത്തിന്റേതാണ്. പാപം ദൈവത്തിൽനിന്നുള്ള അകൽച്ചയാണെന്ന് അവനറിയാം. മാനുഷികമായ തലത്തിൽ പാപത്തിലേക്കുള്ള ചായ്‌വ് കൂടുതലാണുതാനും! അപ്പോൾ, മനുഷ്യന് എന്താണു ചെയ്യാൻ കഴിയുക? പാപങ്ങൾക്ക് ആരു പരിഹാരം ചെയ്യും? പാപത്തിൽ വീണ് ദൈവത്തിൽ നിന്നകന്നിരിക്കുന്ന മനുഷ്യനു തന്റെതന്നെ പാപത്തിനു പരിഹാരം ചെയ്യാൻ കഴിയുമോ? ഇല്ല. പാപം ദൈവത്തിന്റെ പരിശുദ്ധിയിൽനിന്നുള്ള മനുഷ്യന്റെ അകൽച്ചയാണ്. അതുകൊണ്ടുതന്നെ ആ വിശുദ്ധിയിലേക്ക് മനുഷ്യന് തന്നെത്തന്നെ അടുപ്പിക്കാനാവില്ല. പാപം മനുഷ്യന്റെ ദൈവച്ഛായ നഷ്ടമാക്കുന്നതാണ്. നഷ്ടപ്പെട്ട ദൈവച്ഛായ കൃത്രിമമായി നിർമിക്കാൻ മനുഷ്യനു കഴിയുകയില്ല. അതിന് ദൈവത്തിന്റെ സഹായംതന്നെ വേണം. അതിനാലാണ്, ദൈവം രക്ഷകനെ വാഗ്ദാനം ചെയ്യുന്നതും ഈശോമിശിഹാ നമുക്കുവേണ്ടി രക്ഷകനാകുന്നതും. സമയത്തിന്റെ പൂർത്തീകരണത്തിൽ ഈശോമിശിഹാ മനുഷ്യന്റെ പാപപരിഹാരത്തിനായുള്ള ബലിയർപ്പിക്കുന്നതുവരെ, മനുഷ്യൻ പാപപരിഹാരത്തിന്റെ മറ്റു മാർഗങ്ങൾ ആരാഞ്ഞിരുന്നു. ദൈവത്താൽ നിർദേശിക്കപ്പെട്ട ഒരു വഴിയാണ് പാപപരിഹാരബലി. കുഞ്ഞാടിന്റെ രക്തംകൊണ്ട് പ്രതീകാത്മകമായി മനുഷ്യന്റെ പാപത്തിനുള്ള പരിഹാരം ചെയ്യുക. "അഹറോൻ... തനിക്കും ജനത്തിനുംവേണ്ടി ദഹനബലിയർപ്പിച്ചു പാപപരിഹാരം ചെയ്യണം" (16:24). പ്രതീകങ്ങളെ നശിപ്പിച്ച് ഈശോതന്നെ പാപത്തിനുള്ള ബലിയായി.

തിന്മയുടെയും ദൈവനിഷേധത്തിന്റെയും പ്രതീകമായ ബാബിലോൺ രാജാവിന്റെ ദുരവസ്ഥയെക്കുറിച്ച് ഏശയ്യാപ്രവാചകൻ രണ്ടാംവായനയിൽ സംസാരിക്കുന്നു (ഏശ. 14:1-15). മർദകൻ, ഔദ്ധത്യമുള്ളവൻ, കോപിക്കുന്നവൻ, ജനതകളെ പ്രഹരിക്കുന്നവൻ, പ്രതാപി. ദൈവത്തെക്കാൾ ഉയരത്തിൽ സിംഹാസനം സ്ഥാപിക്കുമെന്നും അത്യുന്നതനെപ്പോലെ താനും ആയിത്തീരുമെന്നും വീമ്പടിച്ചവനാണ് ബാബിലോൺ രാജാവ്. ഇസ്രായേൽ തന്റെ ദൈവമായ കർത്താവിനെ അനുസരിക്കാതെ തിന്മയിലേക്കു ചുവടുമാറ്റം നടത്തിയപ്പോൾ, തിന്മയുടെ മൂർത്തീഭാവമായിരുന്ന ബാബിലോൺ രാജാവിന് അവരെ അടിമകളാക്കാൻ ദൈവം അനുവദിച്ചു. നോക്കൂ! തിന്മ വലിയ തിന്മയോടു ചേർന്നുനില്ക്കുന്നു. ഇസ്രായേൽജനത്തിന്റെയും ബാബിലോൺ രാജാവിന്റെയും തിന്മ ഒന്നുതന്നെയായിരുന്നു: ദൈവത്തിനു നൽകേണ്ട പ്രഥമസ്ഥാനം നൽകിയില്ല! തന്നെത്തന്നെ അത്യുന്നതന്റെ സ്ഥാനത്തേക്കുയർത്തിയ ബാബിലോൺ രാജാവും ദൈവത്തിനു പകരം മറ്റു സൃഷ്ടവസ്തുക്കളിൽ ആവാസം തേടിപ്പോകുന്ന ഇസ്രായേൽജനവും ചെയ്ത തെറ്റ് ഗൗരവതരംതന്നെ.

പക്ഷേ, ഇസ്രായേലിന്റെമേൽ കാരുണ്യമുണ്ടാകും എന്നു പ്രവാചകൻവഴി ദൈവം വാക്കുകൊടുക്കുന്നു. അതിന് ഇസ്രായേൽജനം വലിയ പാപപരിഹാരബലിയൊന്നും ചെയ്യേണ്ടതില്ല. കർത്താവിങ്കലേക്കു മനസ്സുതുറന്നാൽ മാത്രം മതി. ആ നിമിഷം 'കർത്താവിന് യാക്കോബിന്റെമേൽ കാരുണ്യമുണ്ടാവുകയും ഇസ്രായേലിനെ വീണ്ടും തിരഞ്ഞെടുത്ത് അവരെ സ്വന്തം ദേശത്തു സ്ഥാപിക്കുകയും ചെയ്യും' (14:1). ഈ തിരിച്ചുവരവിന് ബാബിലോൺ രാജാവ് തയ്യാറല്ലാതിരുന്നതിനാൽ അയാൾ 'പാതാളത്തിന്റെ അഗാധഗർത്തങ്ങളിലേക്കു തള്ളിയിടപ്പെട്ടിരിക്കുന്നു' (14:15). ഈ തിരിച്ചറിവും അനുഭവസാക്ഷ്യവും നമ്മുടെ കണ്ണു തുറപ്പിക്കണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു. ദൈവത്തിലേക്കുള്ള തുറവു മാത്രമാണ് നമ്മുടെ ജീവന്റെ അടിസ്ഥാനമെന്ന തിരിച്ചറിവുണ്ടായിരിക്കണം. പാപത്തിൽ വീണാലും ദൈവത്തിന്റെ കാരുണ്യത്തിന്റെ തണൽ നമ്മെ കാത്തിരിക്കുന്നുണ്ട് എന്ന ബോധ്യം ആ കാരുണ്യത്തിലൂടെ പാപമോചനം നേടാൻ നമ്മെ സഹായിക്കട്ടെ. തിരുസ്സഭയിൽ വി. കുമ്പസാരമെന്ന കൂദാശ സ്ഥാപിച്ച് നമ്മെ ദൈവത്തിന്റെ ഛായയിലേക്ക് എപ്പോഴും തിരികെ വിളിക്കുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ!

തന്റെ ലേഖനത്തിൽ യൂദാസ് 'വിശുദ്ധർക്ക് എന്നന്നേക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണമെന്ന്' വിശ്വാസികളോട് കർക്കശമായി ആവശ്യപ്പെടുന്നു (യൂദാ. 1:3)വിശ്വാസികളുടെയിടയിൽ കയറിക്കൂടിയിരിക്കുന്ന ചില ദുഷ്ടമനുഷ്യർ, "ദൈവത്തിന്റെ കൃപയെ തങ്ങളുടെ അശുദ്ധജീവിതത്തിനായി ദുർവിനിയോഗിക്കുകയും നമ്മുടെ ഏകനാഥനും കർത്താവുമായ ഈശോമിശിഹായെ തള്ളിപ്പറയുകയും ചെയ്യുന്നു (1:4). സഭയ്ക്കുള്ളിലെ തിന്മയുടെ ഈ ചാലകശക്തികളെ ദൈവം നിഗ്രഹിക്കുമെന്ന് യൂദാസ് ദൃഷ്ടാന്തങ്ങൾവഴി പഠിപ്പിക്കുന്നു (1:5-7). തുടർന്നുവരുന്ന ഇന്നത്തെ ലേഖനഭാഗം (യൂദാസ് 1:8-13), തിന്മയുടെ വക്താക്കളായ ഇവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശ്വാസികൾ എങ്ങനെ ഇവരോടു പ്രതികരിക്കണമെന്നതിനെക്കുറിച്ചും പഠിപ്പിക്കുന്നു. ഈ ദുഷ്ടർ സ്വപ്നങ്ങളിൽ നിമഗ്നരാണ്. അവർ 'ശരീരത്തെ അശുദ്ധമാക്കുകയും അധികാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നു' (1:8), 'തങ്ങൾക്കു മനസ്സിലാകാത്ത എല്ലാക്കാര്യങ്ങളും ദൂഷിക്കുന്നു' (1:10). വിശ്വാസികൾക്കു ലഭിക്കുന്ന കൃപകൊണ്ടു നടത്തുന്ന വിവേചനമില്ലാതെ, വെറും ജന്മവാസനകൊണ്ടു മനസ്സിലാക്കുന്ന കാര്യങ്ങൾ പഠിപ്പിച്ചുകൊണ്ട് അവർ തങ്ങളെത്തന്നെയും മറ്റുള്ളവരെയും മലിനരാക്കുന്നു. പക്ഷേ, ഇവരോടും ക്ഷമയോടെ പെരുമാറണമെന്ന് യൂദാസ് ഓർമിപ്പിക്കുന്നു.

ദൈവാരാധനയുടെയും വിശ്വാസപ്രഖ്യാപനങ്ങളുടെയും കാര്യത്തിൽ അറിവും പാരമ്പര്യവും വിവേകവും ഉപയോഗിച്ച് കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ജന്മവാസനകൊണ്ട് ദൈവികകാര്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് അബദ്ധമാണ്. കുറച്ചുപേർ ഒരുമിച്ചുകൂടി തങ്ങളാണു ശരി എന്നു പ്രഖ്യാപിച്ചാൽ തെറ്റു ശരിയാകില്ല എന്നതു പരമാർത്ഥമാണല്ലോ. യൂദാസിന്റെ ചിന്തകൾ എത്രമാത്രം കാലികപ്രസക്തിയുള്ളതാണെന്ന് ഇന്നത്തെ സാഹചര്യങ്ങൾ ചേർത്തുവായിക്കുമ്പോൾ നമുക്കു മനസ്സിലാകും.

ജനങ്ങൾക്കിടയിൽ ഈശോയ്ക്കുള്ള അംഗീകാരത്തെ ഇല്ലാതാക്കാനുള്ള കുതന്ത്രങ്ങളുമായി ചിലർ ഇറങ്ങിയിരിക്കുന്ന കാര്യമാണ് ലൂക്കായുടെ സുവിശേഷത്തിൽനിന്നുള്ള ഇന്നത്തെ വായന (ലൂക്കാ 11:14-26). യൂദാസിന്റെ ലേഖനത്തിൽ കണ്ടതുപോലെ തിന്മയുടെ വക്താക്കളായ ഇവരുടെ പ്രവർത്തനങ്ങളിൽ ചിലതാണ് ഈശോയ്ക്കെതിരേയും നാം കാണുന്നത്. ദൈവത്തിന്റെ അധികാരത്തെയും ആ അധികാരം ഉപയോഗിക്കുന്ന പുത്രനായ ഈശോമിശിഹായെയും തള്ളിപ്പറയുന്നു. മഹിമയണിഞ്ഞ ദൈവപുത്രനെ നിന്ദിക്കുന്നു. തങ്ങൾക്കു മനസ്സിലാകാത്ത എല്ലാക്കാര്യങ്ങളെയും ദൂഷിക്കുന്നു. അവരുടെ ഹൃദയത്തിൽനിന്ന് നന്മയെ ഇല്ലായ്മ ചെയ്യാനുള്ള കുടിലതന്ത്രങ്ങൾ പുറത്തുവരുന്നു. പക്ഷേ, അവിടെയും ആത്യന്തികവിജയം നന്മയുടേതുതന്നെയാണ്. ദുഷ്ടതയ്ക്കും തിന്മയ്ക്കും അനുസരണക്കേടിനും ഇവയെ നിയന്ത്രിക്കുന്ന പൈശാചികശക്തികൾക്കും എന്നന്നേക്കുമായി വിജയിക്കാനാവില്ല. ദൈവകരം അത്രമാത്രം ശക്തമാണ്.

ഒറ്റനോട്ടത്തിൽ മനസ്സിലാകാത്ത കാര്യങ്ങൾ ഈശോ അവർക്ക് വ്യാഖ്യാനിച്ചുകൊടുക്കുന്നുണ്ട്. പിശാചിന് മറ്റൊരു പിശാചിനെ പുറത്താക്കാനാവില്ല. അതുകൊണ്ടുതന്നെ ഈശോ പിശാചിനെ പുറത്താക്കുന്നത് ദൈവത്തിന്റെ ശക്തികൊണ്ടാണെന്ന് ജനം മനസ്സിലാക്കണം.

നല്ല ഫലം പുറപ്പെടുവിക്കുന്നതിനുള്ള ഏറ്റവും പ്രധാന തടസ്സം പിശാചിന്റെ/പാപത്തിന്റെ/തിന്മയുടെ സാന്നിധ്യവും കുതന്ത്രങ്ങളുമാണ്. അവൻ നല്ലതിനെ ചീത്ത എന്നും ചീത്തയെ നല്ലതെന്നും പ്രചരിപ്പിക്കുന്നു. അനുസരണത്തെ എതിർക്കുന്നു. എതിർക്കുന്നതാണ് ഹീറോയിസം എന്നു പഠിപ്പിക്കും. തിന്മയോടു ചായ്‌വുള്ള മനസ്സിൽ അവൻ വിഷം നിറയ്ക്കും. അതിനാൽ, നമ്മെ പൂർണമായും ദൈവത്തോടു ചേർത്തുനിറുത്തണം. നമ്മിലൂടെ ധാരാളം നല്ല ഫലം ലോകത്തുണ്ടാകും. ■

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



ദിയ ഡെന്നി
പ്ലാത്തോട്ടം
കുവൈറ്റ്

**സാന്ത്വനം**

# സംശയങ്ങൾ ഉണ്ടാകുമ്പോൾ



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

അമ്പതു വയസ്സായ ജോസഫ് ചേട്ടന്റെയും നാല പത്തിയെട്ടു വയസ്സായ അന്നമ്മച്ചേച്ചിയുടെയും വഴക്കിനു പ്രധാന കാരണം, ചേച്ചിക്ക് ഈ പ്രായത്തിൽ ചേട്ടനെ സംശയമാണെന്നതാണ്. അന്നമ്മച്ചേച്ചി പറയുന്നത്, മറ്റു പെണ്ണുങ്ങളോടൊക്കെ തമാശ പറയാനറിയാം, എന്നോടു മാത്രം മിണ്ടാനില്ല എന്നാണ്. എന്റെ സൗന്ദര്യം കുറഞ്ഞുപോയതുകൊണ്ടാകും എന്നും അവർ വിശ്വസിക്കുന്നു. ഇവരുടെ ഒരു മോളുടെ വിവാഹം കഴിഞ്ഞു. മറ്റു കുട്ടികൾ പഠിക്കുന്നു. പ്രായഭേദമില്ലാതെ പല ദമ്പതിമാരെയും അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നമാണ് സംശയരോഗം.

ജീവിതപങ്കാളികൾ പരസ്പരം മനസ്സിലാക്കി എല്ലാം പങ്കുവച്ചുകൊണ്ട് സമ്പൂർണ സമർപ്പണമനോഭാവത്തോടെ ജീവിച്ചാൽ, എല്ലാ പ്രശ്നങ്ങളും തീരും. എന്നാൽ, ആധുനികസമൂഹത്തിൽ പങ്കാളിക്കുവേണ്ടി തന്റേതായ കുറച്ചു കാര്യങ്ങൾ വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുന്ന എത്രപേരുണ്ട്? സ്വന്തം ഇഷ്ടംമാത്രം നോക്കുമ്പോഴാണ് കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

മനുഷ്യൻ വ്യക്തിതലത്തിലും ശാരീരിക - മാനസികതലത്തിലും അപൂർണരാണ്. വ്യക്തിതലത്തിൽ സ്ത്രീയും പുരുഷനും തുല്യരാണെങ്കിലും പ്രത്യേകതകൾ നിറഞ്ഞ വ്യത്യസ്തഭവനങ്ങളിൽ വളർന്ന രണ്ടു വ്യക്തികളാണ്. ശാരീരികവും മാനസികവുമായ തലങ്ങളിൽ സ്ത്രീയും പുരുഷനും വിഭിന്നർതന്നെ. വിവാഹജീവിതത്തിലൂടെ ഒന്നിക്കുന്ന സ്ത്രീപുരുഷന്മാർ, പുതിയ ചുറ്റുപാടുകളുമായും വ്യക്തികളുമായും ഒന്നിച്ചുപോകണമെങ്കിൽ വൈകാരികപക്വത ഉണ്ടായിരിക്കണം. ഇതില്ലാത്തപ്പോഴാണ് പലപ്പോഴും തമാശകളും പ്രശ്നങ്ങളായി ചിത്രീകരിക്കപ്പെടുന്നത്.

തന്റെ ജീവിതത്തിന്റെ ഉത്തരവാദിത്വം പൂർണമായി മനസ്സിലാക്കാനുള്ള കഴിവ് ദമ്പതിമാർക്കുണ്ടാവണം. അത് മാതാപിതാക്കളോട്, സഹോദരങ്ങളോട്, പങ്കാളിയോട്, മക്കളോട് ഒക്കെയായിരിക്കും. ആരോടൊക്കെ എങ്ങനെ പെരുമാറണം, എപ്പോൾ എന്തു ചെയ്യണം എന്നീ കാര്യങ്ങൾ അറിഞ്ഞിരിക്കാനുള്ള കഴിവ് ഓരോരുത്തരും ജീവിതാനുഭവങ്ങളിലൂടെ സ്വായത്തമാക്കണം. സ്വയാവബോധം, സുരക്ഷിതത്വബോധം, സ്വയം വിലയിരുത്താനും തെറ്റുകൾ തിരുത്താനും യാഥാർത്ഥ്യങ്ങളെ അംഗീകരിക്കാനുമുള്ള കഴിവ് ഇവയൊക്കെ ഉറച്ച വ്യക്തിത്വത്തിന്റെയും പക്വതയുടെയും ലക്ഷണങ്ങളാണ്. വ്യക്തിത്വം പലതരത്തിലുണ്ട്.



തങ്ങളുടെ വ്യക്തിത്വത്തിനനുസരിച്ചായിരിക്കും ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ. ഏതാനും വ്യക്തിത്വങ്ങൾ പരിചയപ്പെടാം:

Multiple Personality (സംയുക്തവ്യക്തിത്വം), Split Personality (ഖണ്ഡിതവ്യക്തിത്വം), Psychothymic Personality (അല്പോന്മാദം), Neurosthenic Personality (തന്ത്രിദൗർബല്യമുള്ള വ്യക്തിത്വം) Psychometric Personality(മനോദൗർബല്യമുള്ള വ്യക്തിത്വം), Hysteric Personality(അപതന്ത്രവ്യക്തിത്വം), Compulsive Personality (നിർബന്ധിതസ്വഭാവ വ്യക്തിത്വം), Paranoic Personality (സംഭ്രാന്തി, സംശയബുദ്ധി, പെട്ടെന്നു കോപിക്കുന്ന വ്യക്തിത്വം), Sadistic Personality (പരപീഡനാസക്തിയുള്ള വ്യക്തിത്വം), Melancholic Personality (വിഷാദാത്മക വ്യക്തിത്വം).

ഇത്തരം വ്യക്തിത്വസ്വഭാവ പ്രത്യേകതകളുള്ള ദമ്പതിമാരുടെ ജീവിതം എന്നും പ്രശ്നങ്ങളിലായിരിക്കും, നരകതുല്യമായിരിക്കും. അതായത്, ഹൈപ്പർ മാനിക് പേഴ്സണാലിറ്റിയോ ഹിസ്റ്റീരിക് പേഴ്സണാലിറ്റിയോ ഉള്ള വ്യക്തിയുടെ സ്വഭാവം തികച്ചും മാനസികരോഗികളെപ്പോലെയായിരിക്കും. ആവശ്യമില്ലാതെ ചീത്തവിളിക്കുക, കലി തുള്ളുക, എല്ലാം തട്ടിമറിക്കുക തുടങ്ങിയ പെരുമാറ്റരീതികളായിരിക്കും. പാരനോയിക് പേഴ്സണാലിറ്റിക്ക് ഉടമകളായവർ എപ്പോഴും സംശയപ്രകൃതിക്കാരായിരിക്കും. ഇവിടെ പറഞ്ഞ അന്നമ്മച്ചേച്ചി ഏകദേശം ഈ പേഴ്സണാലിറ്റിയോട് യോജിക്കുന്നയാളാണ്. പെട്ടെന്നു ദേഷ്യം വരും. എപ്പോഴും സംശയം, അയലത്തെ ചേച്ചി മുറ്റം അടിച്ചു വൃത്തിയാക്കിയാൽ അതും ജോസഫ് ചേട്ടനെ കാണിക്കാനാണ് എന്ന തോന്നൽ. ചിലപ്പോൾ ഇത് ജീവിതസാഹചര്യങ്ങൾകൊണ്ടു വന്നുഭവിക്കും. ചെറുപ്പത്തിൽ മറ്റുള്ളവരിൽനിന്ന് ആരോഗ്യപരമല്ലാത്ത രീതിയിൽ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ഈ ഒരു സ്വഭാവം പിന്നീടു രൂപപ്പെടാം. അല്ലെങ്കിൽ സ്വയം മതിപ്പില്ലാത്തപ്പോഴും. മറ്റുള്ളവർ താഴ്ത്തിക്കെട്ടി സംസാരിക്കുന്ന വേളയിൽ ജീവിതപങ്കാളിയുംകൂടി അതു ശരിവച്ചു പ്രതികരിച്ചാൽ, പിന്നീട് ഈ ഒരു സംശയപ്രകൃതി വളരാം. എന്നെ ആർക്കും ഇഷ്ടമല്ല, മറ്റുള്ളവരോടാണു താത്പര്യം എന്നു വിചാരിച്ച് ഒരു വിഷാദത്തിലേക്കു പോകാം. ഇവിടെയൊക്കെ ജീവിതപങ്കാളിയുടെ പക്വതയാർന്ന ഇടപെടൽ ഉണ്ടാവണം. സംശയരോഗം അധികമായാൽ, ഉറക്കം ഇല്ലാതായാൽ, തന്നെ സംസാരിക്കുന്നതായിക്കണ്ടാൽ എത്രയും വേഗം അതിനു വേണ്ട മരുന്നുകൾ നൽകുന്നത് കൂടുതൽ സഹായകമായിരിക്കും.

■

# നിയമവ്യവസ്ഥയുടെ ശിരച്ഛേദം നടത്തുമ്പോൾ

2-ാം പേജ് തുടർച്ച

ഇവിടെ ശ്രദ്ധിക്കേണ്ടത് നടൻ സൂപ്പർഹീറോയാകുമ്പോൾ സംഭവിക്കുന്ന പരിണാമംകൂടിയാണ്. ഉദാഹരണത്തിന്, മോഹൻലാലിന്റെതന്നെ 'നാടുവാഴികൾ' പോലെയുള്ള സിനിമകളെടുക്കുക. നായകൻ നിരപരാധിയാണെങ്കിലും നിയമത്തിനു കീഴടങ്ങി പോലീസിനൊപ്പം പോകാൻ തയ്യാറാകുന്ന കഥാപാത്രങ്ങളെയാണ് അത്തരം സിനിമകളിൽ കാണുന്നത്. പക്ഷേ, മോഹൻലാൽ പിന്നീട് സൂപ്പർ താരപദവിയിലേക്കുയർന്നപ്പോൾ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലും അതിമാനുഷികത കടന്നുവന്നു. സൂപ്പർതാരത്തിന് ഏതറ്റം വരെയും പോകാമെന്ന അവസ്ഥയിലെത്തി കാര്യങ്ങൾ.

നീതി നിഷേധിക്കുമ്പോൾ നിയമം കൈയിലെടുക്കാമെന്നും നീതി നിഷേധിക്കുന്നവനെ കൈകാര്യം ചെയ്യാമെന്നുമുള്ള തെറ്റായ സന്ദേശങ്ങൾ അറിഞ്ഞോ അറിയാതെയോ സാദാപ്രേക്ഷകരിലേക്കെത്തി. പോലീസുകാരെയും വൈദികരെയുംകുറിച്ച് അബദ്ധധാരണകൾ രൂപപ്പെടാനും അവരെ വെറുപ്പോടെ വീക്ഷിക്കാനുംവരെ കാര്യങ്ങളെത്തി. മാനുഷികതയും സ്വാഭാവികതയുമുള്ള പോലീസുകാരെ മലയാളത്തിൽ അടുത്തകാലത്തു കണ്ടത് നായാട്ട്, ആക്ഷൻ ഹീറോ ബിജു പോലെയുള്ള സിനിമകളിലായിരുന്നു. പോലീസുകാരെന്നാൽ ക്രൂരരും ദുഷ്ടരുമാണ് എന്ന ധാരണകളെ പൊളിച്ചെഴുതി അവരുടെ നിസ്സഹായതകൾക്കു നേരേ വിളക്കുയർത്തിപ്പിടിച്ച ചിത്രമായിരുന്നു നായാട്ട്.

ഒരു പോലീസുകാരൻ എന്തുകൊണ്ടാണ് മോശമായി പെരുമാറുകയും സംസാരിക്കുകയും ചെയ്യുന്നതെന്ന് ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവർ കേൾക്കുന്നതും കാണുന്നതും നേരിടുന്നതും കടന്നുപോകുന്നതും ഒരിക്കലും പോസിറ്റീവായ കാര്യങ്ങളല്ല. ഒരു സന്തോഷവർത്തമാനം പങ്കുവയ്ക്കാനായി ഒരാളും രാവിലെ പോലീസ്സ്റ്റേഷനിലേക്കു കടന്നുവരുന്നില്ല. ജീവിതത്തിലെ ഏറ്റവും മോശമായതോ അല്ലെങ്കിൽ ദുരിതംപിടിച്ചതോ ആയ ഒരു കാര്യത്തിനുള്ള പരിഹാരം തേടിയാണ് എല്ലാവരും പോലീസിനെ സമീപിക്കുന്നത്. വീട്ടിലെ പലവിധ പ്രഷറുകളുമായി ജോലിസ്ഥലത്തേക്കു വരുമ്പോൾ അവർക്ക് സാധാരണ മനുഷ്യരെപ്പോലെ സൗമ്യതയോടെ പെരുമാറാൻ കഴിഞ്ഞെന്നും വരില്ല.

ആക്ഷൻ ഹീറോ ബിജുവിലെ ബിജു പൗലോസ് എസ്ഐ പറയുന്നതുപോലെ, സാധാരണക്കാരന്റെ കോടതിയാണ് പോലീസ് സ്റ്റേഷൻ. അവിടെ പരിഹരിക്കപ്പെടാത്ത കേസുകളേ കോടതിയിലേക്കു പോകുന്നുള്ളൂ. അപ്പോൾ നമുക്കു നീതി ലഭിക്കുന്ന പ്രശ്നത്തിന് നമ്മുടെ പരിഹാരം കണ്ടെത്തുന്ന സ്ഥലമാണ് പോലീസ് സ്റ്റേഷൻ. അവിടെയുള്ളവരെ കുറച്ചുകൂടി മാനുഷികതയോടെയും അവരർഹിക്കുന്ന ആദരവോടെയും നോക്കിക്കാണാൻ നമുക്കു കഴിയണം.

ലൂസിഫറും രാവണപ്രഭുവും പോലെയുള്ള സിനിമകൾ പോലീസുകാരിലേല്പിച്ച അപമാനങ്ങൾക്കുള്ള പ്രായശ്ചിത്തമെന്നോണമാണ് നായാട്ടും ആക്ഷൻ ഹീറോയും ഇവിടെ രൂപമെടുത്തത്. എത്ര പോലീസുകാരുടെ കുടുംബാംഗങ്ങൾക്ക് ഒരു പോലീസ്കഥാപാത്രം സ്ക്രീനിൽ നായകന്റെ അടികൊള്ളുമ്പോൾ മനസ്സു തുറന്നു സന്തോഷിക്കാനാവും? അവർ കാണുന്നത് തന്റെ അച്ഛനെയോ ഭർത്താവിനെയോ സഹോദരനെയോ ഒക്കെയാണ്.

പോലീസ് നിയമസംരക്ഷണത്തിന്റെ ഒരു പ്രതീകമാണ്. അതിലേല്പിക്കുന്ന മാലിന്യങ്ങൾ നിയമവ്യവസ്ഥയെത്തന്നെയാണു കളങ്കപ്പെടുത്തുന്നത്. അതുകൊണ്ട് സൂപ്പർഹീറോയ്ക്കു ജയിക്കാനും അയാളുടെ അതിമാനുഷികതയ്ക്ക് ഘോഷാരവം മുഴക്കാനും ഒരു പോലീസുകാരനും ഇവിടെ നായകന്റെ അടികൊണ്ടു വീഴാതിരിക്കട്ടെ.

പോലീസുകാർ/ വൈദികർ നല്ലവരോ കുറ്റക്കാരോ എന്നതു രണ്ടാമത്തെ കാര്യം. തീർച്ചയായും ഈ ഗണത്തിൽ പുഴുക്കുത്തുകളുണ്ട്. പക്ഷേ, നാം ബഹുമാനിക്കുന്നത് അവരുടെ പദവിയെയാണ്. യൂണിഫോം എന്നത് ഔദ്യോഗികാംഗീകാരമാണ്. അതിനെ ബഹുമാനിക്കേണ്ടതുണ്ട്. ബഹുമാനം ഒരു സംസ്കാരവും ജീവിതരീതിയുമാണെന്നു മറന്നുപോകരുത്.

■

# ഇനി മരങ്ങൾ ചിരിക്കട്ടെ

6-ാം പേജ് തുടർച്ച

"ശ്രീനി... അന്ന് പത്തു വയസ്സിലൊരു പെങ്കുട്ടിക്ക് ലൈംഗികാക്രമണം എന്താന്നുപോലും അറീല്ല. അതവളുടെ നാവിനോ ശരീരത്തിനോ വഴങ്ങാത്താണ്. തന്നെ കൊല്ലാൻ വരുന്ന എന്തോ ഒന്നായിട്ടാണ് കരുതുക. ആരോ-ടും പറയാൻ പറ്റാത്ത, പറഞ്ഞാൽത്തന്നെ ആരും മനസ്സിലാക്കാത്ത ആ പ്രായത്തിൽ അവനെനിക്കു നൽകിയ സംരക്ഷണം ഒരു പെങ്കുട്ടിക്കും നിഷേധിക്കാൻ പറ്റാത്ത കരുതലാണ്. പ്രേമമെന്ന ദുർബലമായ പേരു മാത്രം നീയതിനിടരുത്.''

കാർ ഒരു ചെറുകുഴിയിലേക്കു ചാടി ഓഫായി.

എത്ര നന്നാക്കിയിട്ടും നമ്മുടെ റോഡുകൾ പണിതരുന്നതു കണ്ടില്ലേ? ഇതുപോലെയാ മനുഷ്യന്റെ കാര്യത്തിലും. കുഴീല് വീണാ ഒന്നുകിൽ തള്ളണം. അല്ലേൽ സ്വയം എടുക്കണം. നന്നാവണമെന്ന് അവനോ, അവന്റെ കുടുംബക്കാർക്കോ ആഗ്രഹമില്ലായിരുന്നു.

ഞാനവനെ ഓർത്തിരുന്നെങ്കിലും ഒന്നും അറിഞ്ഞിരുന്നില്ല.

അവനു കള്ളു മാത്രല്ല, കഞ്ചാവും ഉണ്ടായിരുന്നു. രണ്ടിന്റേം കൂടി ലഹരിയിൽ പറ്റിയ അബദ്ധമാണെന്നാ നാട്ടുകാരു പറയുന്നത്." ശ്രീനി പറഞ്ഞു.

"അവനും അത് സമ്മതിച്ചോ?"

"നീ കാണുമ്പം ചോദീര്..."

അനൂഖി നിശ്ശബ്ദയായി ഇരുന്നു.

ജെയിലിനു മുന്നിലേക്കു ചെന്നിറങ്ങിയപ്പോൾ അവൾക്ക് ആൽമരവും ഇരുട്ടും, അയാളെയും ഓർമ വന്നു.

സമയം കൊഴിയുന്നു. കടൽത്തിരകൾ കടൽഭിത്തിയിലടിച്ചുയരുന്ന ശബ്ദം സ്വന്തം ഹൃദയത്തിൽനിന്നുകേൾക്കാം.

ഇരുമ്പുകൊണ്ട് അഴിയടിച്ചുണ്ടാക്കിയ ചുമരിനപ്പുറത്തുനിന്ന് ആളനക്കത്തിന്റെ നിഴൽ അടുത്തു വന്നുകൊണ്ടിരുന്നു.

എല്ലാവരുടെയും അനിഷ്ട കഥാപാത്രം.

ലഹരിയിൽ ഭാര്യയെക്കൊന്നവൻ.

നാട്ടുകാർക്കു ഭ്രാന്തൻ.

വീട്ടുകാർക്ക് കുടുംബപ്പേരു നശിപ്പിച്ചവൻ.

അവൾ മുന്നിലേക്കു നടന്നു.

ഷഡ്പദങ്ങൾപോലും ചെല്ലാൻ മടിച്ചു നിൽക്കുന്ന തോട്ടം.

ഒരു കാലത്ത് തനിക്കേറെ വേണ്ടപ്പെട്ടവർ ഉണ്ടായിരുന്നിട്ടും, സഹപാഠിയിൽനിന്നുമാത്രം പാറിവീണ നന്മയിൽ പുനർജനിച്ചൊരാൾ ഈ ഭൂമുഖത്ത് ജീവിച്ചിരിപ്പുണ്ടെന്ന് ഇപ്പോഴെങ്കിലും അവനറിയണമെന്ന ആഗ്രഹത്തോടെ അനൂഖി നടന്നു.

അച്ഛനുപേക്ഷിച്ചപ്പോൾ നാഥനും അമ്മയുപേക്ഷിച്ചപ്പോൾ അനാഥനുമായിപ്പോയ ഒരുവനെ അവൾ അഴികൾക്കുള്ളിലൂടെ ആലിംഗനം ചെയ്തു.

അപ്പോൾ പുറത്ത് മരങ്ങൾ മാത്രം പുഞ്ചിരിക്കാൻ തുടങ്ങി.

■

# സഭാതനയനായ പുരോഹിതൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ അവലോകനം**

**XV**

**ഈ** അധ്യായത്തിൽ വിശുദ്ധ ആഗസ്തീനോസിന്റെ (354–430) പ്രസിദ്ധീകൃതമായിട്ടുള്ള കത്തുകളിൽ 208–ാം നമ്പർ കത്താണ് ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നത്. ഹിപ്പോയിലെ മെത്രാനായിരിക്കേ ഫെലീസിയ എന്ന മഹതിക്ക് എഴുതിയ കത്താണിത്.

"വിശ്വാസത്തിൽ എന്റെ പുത്രിയായ മഹതീ,


നിങ്ങളെപ്പോലെ വിശ്വാസതീക്ഷ്ണതയുള്ള ഒരാൾക്കു മറ്റുള്ളവരുടെ ബലഹീനതകളും തിന്മപ്രവൃത്തികളും ഉളവാക്കുന്ന അസ്വസ്ഥത എത്രമാത്രമെന്നു മനസ്സിലാക്കാൻ എനിക്കു സാധിക്കും. സ്നേഹനിധിയായ വിശുദ്ധ പൗലോസ് അപ്പസ്തോലൻപോലും ഇപ്രകാരം ഒരസ്വസ്ഥത അനുഭവിച്ചിരുന്നു." "ഇതിനെല്ലാം പുറമേ, എല്ലാ സഭകളെയുംകുറിച്ചുള്ള ഉത്കണ്ഠ അനുദിനം എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ആരുടെ ബലഹീനതയിലാണ് ഞാൻ ബലഹീനനാകാതിരുന്നത്? ആരുടെ വീഴ്ചയിലാണ് ഞാൻ വേദനിക്കാതിരുന്നത്?" (2 കൊറി. 11: 29).

ഇപ്രകാരം ആരംഭിക്കുന്ന ഈ കത്തിൽ വിശുദ്ധ ആഗസ്തീനോസ് തുടർന്നെഴുതുന്നത് അവരെ സമാശ്വസിപ്പിക്കാനും ഒപ്പം, ദൈവവചനം ഉദ്ധരിച്ച് ഉദ്ബോധിപ്പിക്കാനുമായിട്ടാണ്. നിങ്ങളിപ്പോൾ നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരമാകുന്ന സഭയിൽ നമ്മോടു ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നു. മിശിഹായുടെ മൗതികശരീരത്തിലെ, ഒരു വിലപ്പെട്ട അംഗമെന്ന നിലയിൽ നിങ്ങൾ സ്നേഹിക്കപ്പെടുന്നു. പരിശുദ്ധ റൂഹായുടെ ഐക്യത്തിൽ നമ്മോടൊപ്പം നിങ്ങൾ ജീവിക്കുന്നു. ഇക്കാര്യങ്ങളെല്ലാം നിങ്ങൾക്കു സമാശ്വാസമേകട്ടെ."

അതുകൊണ്ട്, ഈ ഇടർച്ചകൾ കാരണം അസ്വസ്ഥയാകരുതെന്ന് ഞാൻ ഉപദേശിക്കുന്നു. നമ്മുടെ കർത്താവ് ഇത് മുൻകൂട്ടിക്കണ്ടിരുന്നു. ഇടർച്ചകൾ നിമിത്തം ലോകത്തിന്റെ സ്ഥിതി എത്ര ദയനീയം! ഇടർച്ചകൾ ഉണ്ടാവുക സ്വാഭാവികം. എന്നാൽ, ആരുമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം (മത്താ. 18:7). ആരാണീ ഇടർച്ച നല്കുന്നവർ? പൗലോസ് ശ്ലീഹാ അവരെപ്പറ്റിയല്ലേ എഴുതുന്നത്: "എല്ലാവരും സ്വന്തം താത്പര്യങ്ങളാണ് അന്വേഷിക്കുന്നത്; മിശിഹായുടെ താത്പര്യങ്ങളല്ല"(ഫിലി. 2: 21). അതുകൊണ്ട്, സഭയിൽ ആത്മാക്കളുടെ കാര്യത്തിൽ തത്പരരായ ഇടയന്മാരുള്ളതുപോലെതന്നെ സ്ഥാനമാനങ്ങളും ഭൗതികനേട്ടങ്ങളുംമാത്രം നോട്ടമിടുന്ന ഇടയന്മാരുമുണ്ട്. ഈ വസ്തുത ലോകാവസാനം വരെ തുടരുമെന്ന നിലപാടാണ് വി. പൗലോസ് സ്വീകരിച്ചതെന്ന് വി. ആഗസ്തീനോസ് ഓർമിപ്പിക്കുന്നു.

ഇടയന്മാരുടെ കാര്യത്തിലെന്നപോലെ അജഗണത്തിന്റെ ഇടയിലും നല്ലവരും തണ്ണ്യവരുമുണ്ട്. യുഗാന്ത്യത്തിൽ ഇടയന്മാരുടെ ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കും(മത്താ. 25:32). അതുകൊണ്ട്, തീക്ഷ്ണമതിയായ സഹോദരിയോട് ഈ തരംതിരിക്കലിൽ തെറ്റുവരില്ലാത്ത കർത്താവിന് ആയതു വിട്ടുകൊടുക്കാനാണ് വി. ആഗസ്തീനോസ് ഉപദേശിക്കുന്നത്. ഏതാനും പേരുടെ തിന്മപ്രവൃത്തികൾ കാരണം സഭയുടെ ഐക്യത്തിൽനിന്നു വിട്ടുപോകരുതെന്നാണ് വിശുദ്ധൻ വിവക്ഷിക്കുന്നത്.


'മിശിഹായിൽ പ്രിയ പുത്രീ, നിങ്ങളുടെ വിശ്വാസവും കന്യകാവ്രതജീവിതവുമെല്ലാം നിങ്ങൾക്കു കരുണാസമ്പന്നനായ ദൈവം ഒരുക്കിയിരിക്കുന്ന സ്വർഗീയവിരുന്നിന് നിങ്ങളെ യോഗ്യയാക്കട്ടെ' എന്ന ആശംസയാണ് വിശുദ്ധ ആഗസ്തീനോസ് അവർക്കു നേരുന്നത്. ഇടർച്ചകൾ ഈ പ്രത്യാശയ്ക്കു ചാഞ്ചല്യം സൃഷ്ടിക്കരുതെന്നും ഈശോമിശിഹായെയും അവിടുത്തെ സഭയെയും അകമഴിഞ്ഞു സ്നേഹിക്കണമെന്നുമാണ് വിശുദ്ധൻ ഉദ്ബോധിപ്പിക്കുന്നത്.



കർദിനാൾ സറാ

**വിചിന്തനം**

വിശുദ്ധ ആഗസ്തീനോസ്, പതിനേഴു നൂറ്റാണ്ടുമുമ്പ് എഴുതിയ ഈ കത്ത്



സെന്റ് അഗസ്റ്റിൻ

ഇപ്പോഴും പ്രസക്തമാണെന്നു വ്യക്തമാക്കുകയാണ് ഗ്രന്ഥകർത്താവായ കർദിനാൾ സറാ. അദ്ദേഹം എഴുതുന്നു: "സഭ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവവചനമാകുന്ന ഈശോമിശിഹായോട് ഐക്യപ്പെട്ട് വിശ്വാസികളായ സന്താനങ്ങളെ ജനിപ്പിക്കുന്നു. യഥാർത്ഥ വിശ്വാസികൾ സഭയുടെ ബാഹ്യഘടനയുടെ അഴിച്ചുപണിക്ക് അമിതപ്രാധാന്യം നൽകുന്നില്ല. ഈ പ്രസ്താവനയ്ക്ക് ഉപോത്ബലകമായി ജോസഫ് റാറ്റ്സിംഗറുടെ (ബനഡിക്ട് പതിനാറാമൻ) ആദ്യഗ്രന്ഥങ്ങളിലൊന്നായ 'ക്രിസ്തുധർമ പ്രവേശിക'യിൽനിന്നാണ് ഉദ്ധരിക്കുന്നത്. 1968 ലാണ് പ്രസ്തുത ഗ്രന്ഥം ജർമൻഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ടത്.

ശരിക്കും വിശ്വസിക്കുന്നവർ സഭയുടെ ബാഹ്യഘടനയുടെ നവീകരണത്തിനായുള്ള മുറവിളിക്കു പ്രാധാന്യം കൊടുക്കുന്നില്ല. സഭ എന്നും എന്തായിരുന്നുവോ അതിൽ അവർ ജീവിക്കുന്നു; സഭ ശരിക്കും എന്തായിരുന്നു എന്നറിയണമെങ്കിൽ ആ വിശ്വാസികളുടെ അടുത്തുപോകണം. സംഘടിപ്പിക്കൽ, നവീകരിക്കൽ, ഭരണനിർവഹണം ഇവിടെയൊന്നുമല്ല സഭ ശരിക്കു ഹാജരാകുന്നത്; പ്രത്യുത, തങ്ങളുടെ ജീവനായ വിശ്വാസത്തിന്റെ 'ദാനത്തെ തങ്ങൾക്കു നല്കിയ സഭയെ സ്വീകരിക്കുന്നവരിലാണ് സഭ സജീവ'മായി സന്നിഹിതരായിരിക്കുന്നത്. ശുശ്രൂഷകർ മാറിവന്നാലും ശുശ്രൂഷകളുടെ രൂപമാതൃകയ്ക്കു മാറ്റം വന്നാലും, സഭ മനുഷ്യരെ പണിതുയർത്തുന്നുവെന്നും അവർക്ക് ഒരു ഭവനവും പ്രത്യാശയും – പ്രത്യാശ തന്നെയാണ് ആ ഭവനം അഥവാ നിത്യജീവനിലേക്കുള്ള പാത – കൊടുക്കുന്നുവെന്നും അനുഭവിച്ചറിഞ്ഞവർക്കാണ്, അവർക്കു മാത്രമാണ്, പോയകാലത്തും ഇപ്പോഴും സഭ എന്താണ് എന്നറിയൂ." (പരിഭാഷ: ജോസ് മാണിപ്പറമ്പിൽ, ക്രിസ്തുധർമപ്രവേശിക, പേജ് 437).

കർദിനാൾ സറായുടെതന്നെ The day is now far spent എന്ന ഗ്രന്ഥത്തിൽനിന്ന് (പേജ് 108–109) ഒരു ഭാഗംകൂടി ഉദ്ധരിക്കുന്നുണ്ട്: "എല്ലാക്കാര്യങ്ങളും വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു നോക്കി കാണുകയാണ് ഇന്നിന്റെ അടിയന്തരമായ ആവശ്യമെന്നും സഭാസംവിധാനത്തിൽ വരുത്തുന്ന നിരന്തരമാറ്റങ്ങൾകൊണ്ടു കാര്യമായി ഒന്നും നേടാനില്ലെന്നും കർദിനാൾ എഴുതുന്നു. റോമൻ കൂരിയായുടെ ഘടനയിൽ വരുത്തുന്ന ചെറിയ മാറ്റങ്ങൾകൊണ്ട് ആരുടെയെങ്കിലും മനോഭാവത്തിലോ വിചാരധാരയിലോ ധാർമികജീവിതത്തിലോ ആഗ്രഹിക്കുന്ന പരിവർത്തനം സംഭവിക്കില്ല എന്ന് കർദിനാൾ റോബർട്ട് സറാ തുറന്നെഴുതുന്നു.

സഭയുടെ യഥാർത്ഥ നവീകരണം ദൈവത്താൽ നവമായി മെനയപ്പെടാൻ അനുവദിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്നും മാനേജ്മെന്റ് വൈദഗ്ധ്യമല്ല, വിശുദ്ധിയാണ് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കു പരിഹാരം കാണാൻ സഭയെ പ്രാപ്തയാക്കുന്നതെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

**സഭാമാതാവ്**

വിശുദ്ധരും വിശ്വാസികളുമായ സ്ത്രീപുരുഷന്മാർക്കു ജന്മം നൽകുന്നത് സഭയാണ്. മിശിഹായ്ക്കും അവിടുത്തെ സുവിശേഷത്തിനും സാക്ഷ്യംവഹിക്കുകയും രക്തസാക്ഷികളാവുകയും ചെയ്യുന്ന ധീരാത്മാക്കളുടെ പെറ്റമ്മയാണ് സഭ. ഇപ്രകാരമാണ് കർദിനാൾ സറാ തന്റെ പരിചിന്തനം തുടരുന്നത്. നമ്മുടെ അമ്മയാണ് സഭയെന്നും വിശ്വാസത്തിന്റെ മുലപ്പാൽ നല്കി പൈതങ്ങളായ നമ്മളെ വളർത്തുന്നത് സഭാമാതാവാണെന്നും കാവ്യാത്മകമായി വിശുദ്ധ ആഗസ്തീനോസ് മറ്റൊരു കത്തിൽ വിവരിക്കുന്നുണ്ട്.

**ഭൗതിക ഭരണാധികാരികൾ**

വി. അഗസ്റ്റിന്റെ കാലത്തുതന്നെ, അതായത്, എ.ഡി. നാലാം നൂറ്റാണ്ടിൽ, ഇടയന്മാർ ആത്മീയനേതൃത്വത്തിനു പുറമേ ഭൗതികാധികാരങ്ങളും ഏറ്റെടുത്തുതുടങ്ങി. ഇത് മെത്രാന്മാർ അവരുടെ പ്രഥമവും പ്രധാനവുമായ ആത്മീയോത്തരവാദിത്വങ്ങൾ അവഗണിക്കാൻ കാരണമായി. ഈ സ്ഥിതിവിശേഷം മറ്റൊരുവിധത്തിൽ ഇന്നും നിലവിലുണ്ടെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു. വളരെയധികം മെത്രാന്മാരും വൈദികരും അവരുടെ ഊർജവും സമയവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രശ്നനിവാരണത്തിനായി വ്യയം ചെയ്യുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. "ദൈവശാസ്ത്രസംസ്കൃതിയുടെയും സുദൃഢമായ ബൈബിൾവ്യാഖ്യാനശേഷിയുടെയും അഭാവവും ആദ്ധ്യാത്മികാലസതയും മീഡിയായോടുള്ള ഭയപ്പാടും ആധുനികലോകത്തിന്റെ അംഗീകാരത്തിനായുള്ള ആഗ്രഹവുമാണ് പല ഇടയന്മാരും സത്യവിശ്വാസം പഠിപ്പിക്കുന്നതിൽ ഉപേക്ഷ വിചാരിക്കുന്നതിനു കാരണമെന്ന് കർദിനാൾ സറാ ശക്തിയുക്തം പ്രസ്താവിക്കുന്നു. ഇടർച്ചകൾക്ക് ഇടംകൊടുക്കുന്ന ഇടയന്മാരെയും കർദിനാൾ സറാ അപലപിക്കുന്നുണ്ട്. പുതിയ ഉണർവോടും തീക്ഷ്ണതയോടുംകൂടി മുഴുവൻ സമയവും അജപാലനശുശ്രൂഷയിലേർപ്പെടാനാണ് മെത്രാന്മാരോടും വൈദികരോടും അദ്ദേഹം ആഹ്വാനം ചെയ്യുന്നത്.

■

---

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ

# പരീക്ഷ്യർ, മാത്സരികർ



അർത്ഥി(അർത്ഥിൻ) എന്ന പദത്തിന് യാചകൻ, അപേക്ഷകൻ, ആഗ്രഹിക്കുന്നവൻ എന്നെല്ലാമാണ് മലയാളത്തിൽ അർത്ഥം. അർത്ഥിശബ്ദത്തെ ഉത്തരപദമായി നിർത്തി സമസ്തപദങ്ങൾ സൃഷ്ടിക്കാം. വിദ്യ അർത്ഥിക്കുന്ന ആൾ വിദ്യാർത്ഥിയും സ്ഥാനം അർത്ഥിക്കുന്ന ആൾ സ്ഥാനാർത്ഥിയും ഉദ്യോഗം (ജോലി) അർത്ഥിക്കുന്ന ആൾ ഉദ്യോഗാർത്ഥിയും അഭയം അർത്ഥിക്കുന്ന ആൾ അഭയാർത്ഥിയും ആകുന്നു. 'ഏകുമർത്ഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ (നളിനി) എന്നു മഹാകവി കുമാരനാശാൻ പ്രയോഗിച്ചിട്ടുണ്ട്. (അർത്ഥി – പുല്ലിംഗം; അർത്ഥിനി – സ്ത്രീലിംഗം).

ഇങ്ങനെയുള്ള പദനിർമിതികൾ കണ്ടിട്ടാവണം 'മത്സരാർത്ഥി', 'പരീക്ഷാർത്ഥി' എന്നിങ്ങനെ പുതുരൂപങ്ങൾ സൃഷ്ടിച്ചത്. മത്സരം അർത്ഥിക്കുന്ന ആൾ എന്നു മത്സരാർത്ഥിക്കും പരീക്ഷ അർത്ഥിക്കുന്ന ആൾ എന്നു പരീക്ഷാർത്ഥിക്കും വിവക്ഷിതം. എന്നാൽ, മത്സരം തരണമേ! പരീക്ഷ തരണമേ! എന്ന് ആരെങ്കിലും യാചിക്കാറുണ്ടോ? മത്സരത്തിലും പരീക്ഷയിലും പങ്കെടുക്കാൻ ചില വ്യവസ്ഥകളുണ്ട്. യോഗ്യത നേടിയും അപേക്ഷ സമർപ്പിച്ചും മത്സരത്തിലോ പരീക്ഷയിലോ പങ്കെടുക്കുന്നവർ ആരോടും യാചിക്കുന്നില്ല അഥവാ അർത്ഥിക്കുന്നില്ല. ആ സ്ഥിതിക്ക് അവരെ മത്സരാർത്ഥികൾ, പരീക്ഷാർത്ഥികൾ എന്നൊക്കെ വിളിക്കുന്നത് അവഹേളനമാകാം. 'ലേലാർത്ഥികൾ', 'ഉത്സവാർത്ഥികൾ', 'വിവാഹാർത്ഥികൾ', 'ചരമാർത്ഥികൾ', 'വിലാപയാത്രാർത്ഥികൾ' മുതലായവയെല്ലാം തെറ്റായ പ്രയോഗങ്ങളാണ്. അർത്ഥി എവിടെയും ഉത്തരപദമായി ചേർക്കാമെന്നു വയ്ക്കരുത്.

മത്സരത്തിൽ പങ്കെടുക്കുന്നവർ, പരീക്ഷയിൽ പങ്കുകൊള്ളുന്നവർ എന്നെഴുതിയാൽ ലളിതമലയാളമായി. സംസ്കൃതം വേണമെന്നു ശഠിക്കുന്നവർക്ക്, മത്സരിക്കുന്നവൻ എന്നതിന് മാത്സരികൻ എന്നും പരീക്ഷയ്ക്കുള്ളവനെ പരീക്ഷ്യൻ എന്നും വിളിക്കാം. മാത്സരികർ, പരീക്ഷ്യർ എന്നൊക്കെയായാൽ ബഹുവചനമായി. "അതേസമയം, എന്തൊക്കെ മാനഹാനി സഹിച്ചാലും വേണ്ടില്ല, ഒരു വിജയം, സ്ഥാനം, ഉദ്യോഗം കിട്ടിയാൽ മതി, അതിന് താൻ ഇരയായി ഇഴയാം, തന്നെ പരീക്ഷിച്ചു നോക്കിക്കോളൂ എന്നൊക്കെ അർത്ഥിക്കുന്നവർ കാണുമായിരിക്കും. അതു വേറേ; അതു വച്ച് ഒരു വിഭാഗത്തിനാകെ മാനനഷ്ടമുളവാക്കുന്ന മത്സരാർത്ഥി, പരീക്ഷാർത്ഥി പ്രയോഗങ്ങൾ വർജിക്കും, വിവേകികൾ. ചുരുങ്ങിയ പക്ഷം, നമ്മുടെ വിദ്യാഭ്യാസവകുപ്പ് അതിന്റെ വിദ്യാർത്ഥികളെയും പബ്ലിക് സർവീസ് കമ്മീഷൻ അതിന്റെ ഉദ്യോഗാർത്ഥികളെയും ഹീനമായി ചിത്രീകരിക്കാതിരിക്കും."**

*കുമാരനാശാൻ, നളിനി, പാഠം, പഠനം, വ്യാഖ്യാനം, വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, ഡി.സി. ബുക്സ്, കോട്ടയം, 2009, പുറം – 39.

**നാരായണൻ വി.കെ, വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 83, 84.

# ബന്ധങ്ങൾ വളരണമെങ്കിൽ






ജസ്റ്റിൻ തോമസ്

രണ്ടാം ഭാഗം

പുരുഷനും സ്ത്രീയും വിവാഹിതരാകുന്നതോടെ തങ്ങളുടെ ഇണയുടെ മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളായി കാണുന്ന കുലീനതയുള്ള ഒരു സംസ്കാരമാണു നമ്മുടേത്. ഒപ്പം, വിവാഹത്തിലൂടെ തന്റെ കുടുംബത്തിന്റെ ഭാഗമാകുന്ന വ്യക്തിയെ സ്വന്തം മകനായി, മകളായി മാതാപിതാക്കളും കാണുന്നു. മേൽസുതണലുമായി മൂല്യങ്ങളിൽ അധിഷ്ഠിതമായി ജീവിക്കാൻ, നിലനിൽക്കുന്ന മാന്യമായ ഒരു സംസ്കാരത്തിന്റെ ഭാഗമാകാൻ.

മേല്പറഞ്ഞവ ജീവിതത്തിന്റെ ഭാഗമായി മാറുമ്പോഴ, നവദമ്പതികൾക്കു നന്മ നിറഞ്ഞ ഒരു ജീവിതം നയിക്കാൻ കഴിയൂ.

**മകന്റെ, മകളുടെ ഇണയെ എന്തിന് സ്വന്തം മകനായി, മകളായി കാണണം?**

സ്വന്തം മകന്റെ / മകളുടെ ശരീരത്തിന്റെ, മനസ്സിന്റെ, ആത്മാവിന്റെ ഭാഗമായി മാറുന്ന വ്യക്തിയെ സ്വന്തമായി കാണുക എന്നത് കുലീനതയുടെ ലക്ഷണമാണ്. ഇതു സ്നേഹം പ്രകടിപ്പിക്കുന്നതിനും പുതുതായി വന്ന വ്യക്തിയെ ബഹുമാനിക്കുന്നതിനും കാരണമാകും. ഇത് ഉൾപ്പെടുത്തലിന്റെ പ്രതീകമാണ്. കുടുംബസമാധാനവും വിശാലചിന്താഗതിയും ഇത് ഊട്ടിയുറപ്പിക്കും. പരമ്പരാഗതമായി കൈമാറപ്പെട്ട മൂല്യങ്ങൾ നുമാണ് കൂടുതൽ അവകാശം എന്ന തിരിച്ചറിവ്, തന്റെ കുട്ടി വളർന്നുവലുതായി എന്ന വിവേകപൂർവമായ അംഗീകരിക്കൽ, തന്റെ കുട്ടിയുടെമേൽ പണ്ടുണ്ടായിരുന്ന സ്വാതന്ത്ര്യം കുറയ്ക്കണമെന്ന ഉൾവിളി, തുടർച്ചയായ അന്വേഷണങ്ങൾ കുറയ്ക്കൽ, വിമർശനം ഒഴിവാക്കൽ, പക്ഷപാതപരമായ പ്രവൃത്തികൾ മനഃപൂർവമായി ചെയ്യാതിരിക്കൽ, എല്ലാത്തിനും തങ്ങൾ കൂടെയുണ്ടെന്ന അനാവശ്യ ഉറപ്പുകൾ നൽകാതിരിക്കൽ, തന്റെ കുട്ടിയോട് ഇണയെക്കുറിച്ചു കുറ്റം പറയാതിരിക്കൽ, കഴിഞ്ഞ കാല നെഗറ്റീവ് സംഭവികാസങ്ങൾ ചികഞ്ഞെടുക്കാതിരിക്കൽ, തന്റെ കുട്ടിയെ കൂടുതലായി പരിഗണിക്കുകയും ഇണയെ അവഗണിക്കുകയും ചെയ്യാതിരിക്കൽ, പുതുതായി വീട്ടിലെത്തിയ അംഗത്തെ കഠിനമായ ജോലികളിലേക്കു തള്ളിവിടാതിരിക്കൽ, സ്ത്രീധനം, പീഡനം തുടങ്ങിയ തിന്മകൾ അകറ്റിനിർത്തൽ ഇവയൊക്കെ തീർച്ചചിപ്പിച്ച രണ്ടു സമീപനങ്ങൾക്കും അപവാദമായി പെരുമാറുന്നവരും കുറവല്ല.



**എന്തിന് ഇണയുടെ മാതാപിതാക്കളെ സ്വന്തമായി കരുതണം?**

തന്റെ ഭാര്യയുടെ പിതാവിനെ അങ്കിൾ എന്നു വിളിക്കുന്ന മരുമകനെ കൗൺസിലിങ്ങിൽ പരിചയപ്പെട്ടു. ഭാര്യയുടെ പിതാവിനെ അപ്പൻ എന്നു വിളിച്ചുകൂടേ എന്ന ചോദ്യത്തിന്, 'എന്തിന്' എന്നായിരുന്നു മറുചോദ്യം. ഇണയുടെ മാതാപിതാക്കളെ സ്വന്തമായി കാണേണ്ടതിന്റെ ആവശ്യകത താഴെ സൂചിപ്പിക്കുന്നു.

സ്നേഹബന്ധം ഊട്ടിയുറപ്പിക്കാൻ, ഇണയെ ബഹുമാനിക്കാൻ, സ്നേഹിക്കാൻ, തുറവും വിശാലചിന്താഗതിയും വളർത്താൻ, സൗഹാർദപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ പരസ്പരം താങ്ങും സംരക്ഷിക്കപ്പെടുകയും ചെയ്യും.

**മാതാപിതാക്കളും വിവാഹിതരും അറിയേണ്ട വസ്തുതകൾ**

ഒരിക്കൽ കൗൺസലിങ്ങിനായി വന്ന പുരുഷൻ പ്രധാനമായും ആവശ്യപ്പെട്ടത് ഭാര്യ അവളുടെ അമ്മയെ വിളിച്ച് എല്ലാക്കാര്യങ്ങളും പറയരുത് എന്നതാണ്. തങ്ങളുടെ ബഡ്റൂം രഹസ്യങ്ങൾവരെ അമ്മയ്ക്ക് അല്ലെങ്കിൽ അപ്പന് എത്തിച്ചുനൽകുന്ന വ്യക്തികളെ അറിയാം! മക്കൾ വിവാഹിതരായാൽ മാതാപിതാക്കൾ അനുവർത്തിക്കേണ്ട ചില വസ്തുതകൾ ചുവടെ ചേർക്കുന്നു:

തന്റെ മകൻ / മകൾ ഇപ്പോൾ ഒരു ഭർത്താവാണ്/ ഭാര്യയാണ് എന്ന ബോധ്യം, തന്റെ മകന്റെമേൽ ഭാര്യയ്ക്കും മകളുടെമേൽ ഭർത്താവിയായും മാതാപിതാക്കൾ അതീവജാഗ്രതയോടെ ശ്രദ്ധിക്കേണ്ടവയാണ്.

മാതാപിതാക്കൾ ഓർക്കേണ്ട പരമപ്രധാനമായ ഒരു വസ്തുത, വിവാഹത്തിലൂടെ തന്റെ മകൻ / മകൾ, ഭർത്താവ്, ഭാര്യ എന്നീ നിലകളിലേക്ക് ഉയർത്തപ്പെട്ടു എന്നതാണ്. ഈ ബോധ്യം മക്കൾക്കും ഉണ്ടാവണം. വിവാഹിതയായ/ വിവാഹിതനായ/മകളുടെ/ മകന്റെ മാതാപിതാക്കൾക്ക് അവരുടേതായ വലിയ ഉത്തരവാദിത്വങ്ങളുണ്ട്. അതോടൊപ്പം, വിവാഹിതരായ മക്കൾക്ക് മാതാപിതാക്കളോടും വലിയ ഉത്തരവാദിത്വങ്ങളുണ്ട്. ഈ ബോധ്യം മക്കളെയും മാതാപിതാക്കളെയും ഉയർന്ന ചിന്തയിൽ വളരാൻ സഹായിക്കും.

■

ഊഹോ 24

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# ഗൂഢാലോചന




ദുഷ്ടതയെ അഗ്രമൂലം നിർമാർജ്ജനം ചെയ്യാൻ വന്നതുകൊണ്ടുതന്നെ ദുഷ്ടഹൃദയർ അവനെ ഭയന്നു. ക്രോധവൈരികളുടെ കഴുകൻകണ്ണുകൾ അവനെ തിരയാൻ തുടങ്ങി. അവന്റെ പ്രവൃത്തികളും പദപ്രയോഗങ്ങളും തങ്ങളുടെ മനസ്സമാധാനത്തിനും സുഖശയനത്തിനും ഭീഷണിയായി അവർക്കു തോന്നി. തന്മൂലം, അവന്റെ വഴികളിൽ വിരിക്കാനുള്ള വലക്കണ്ണികൾ അവർ കൂട്ടം കൂടിയിരുന്നു കെട്ടിയുണ്ടാക്കി. കാരണം, അവനെ ഉൾക്കൊള്ളാൻ അവർക്കാവില്ലായിരുന്നു. അവനെ വെറുതേവിട്ടാൽ ഉണ്ടാകാവുന്ന വിപത്തുകളെപ്പറ്റി അവർക്കു വ്യക്തമായ ബോധ്യങ്ങളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവനെ ഇല്ലായ്മ ചെയ്യാൻ രഹസ്യതന്ത്രങ്ങൾ മെനഞ്ഞു. ദൈവം നമുക്ക് ഏതെങ്കിലും വിധത്തിൽ ഒരു ഭീഷണിയാണോ? അവിടുത്തെ ചില ഇടപെടലുകൾ നമ്മിൽ അസഹിഷ്ണുതയ്ക്കും, അസ്വസ്ഥതയ്ക്കും ഹേതുവാകുന്നുണ്ടോ? ഉണ്ടെങ്കിൽ, നാം അവിടത്തെ ഇനിയും അറിഞ്ഞിട്ടില്ല എന്നുള്ളതാണ്. അവിടത്തെ ചെയ്തികളെല്ലാം നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണെന്നു കരുതിയാൽപ്പിന്നെ അവനെതിരേ ഒരു പടയൊരുക്കത്തിനു പ്രസക്തിയേയില്ല.

ആരുടെയെങ്കിലും ആത്മീയമോ ഭൗതികമോ ആയ കെടുതിയെ ലാക്കാക്കിയുള്ള ഗൂഢാലോചനകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിട്ടുണ്ടോ? ഓർക്കണം, ഗൂഢാലോചന മനുഷ്യർക്കു ചേർന്നതല്ല. അതു മറ്റുള്ളവരെ നശിപ്പിക്കുന്നതിന്റെ ആദ്യഘട്ടവും അതിനാൽത്തന്നെ കുറ്റകൃത്യവുമാണ്. അതേക്കുറിച്ചുള്ള ആലോചനയിൽനിന്നുപോലും നാം വിട്ടുനില്ക്കണം. ഗൂഢമല്ല, ഗാഢമായിരിക്കട്ടെ നമ്മുടെ ആലോചനകൾ. അവ ദൈവികവും ക്രിസ്തീയവുമായിരിക്കണം. ഭീരുക്കൾക്കും സത്യത്തെ അഭിമുഖീകരിക്കാൻ ചങ്കൂറ്റമില്ലാത്തവർക്കുമൊക്കെ പറഞ്ഞിട്ടുള്ളതാണ് നിഗൂഢനിരൂപണങ്ങളും കുതന്ത്രങ്ങളും. ഗൂഢാലോചന മറ്റുള്ളവരുമായുള്ള രഹസ്യാലോചന മാത്രമല്ല, ഹൃദയത്തിൽ നാം നാമുമായി നടത്തുന്നതുകൂടിയാണ്. അന്യരുടെ അധഃപതനത്തിനുവേണ്ടിയുള്ള ആഗ്രഹംപോലും ഗൂഢാലോചന തന്നെ. ചിന്തകളെയും ചെയ്തികളെയും നേരിന്റെ നിരത്തിലൂടെ തെളിച്ചുകൊണ്ടു പോകാൻ പരിശ്രമിക്കാം. നമ്മുടേതുപോലെ ചുറ്റുമുള്ളവരുടെയും നന്മയും മേന്മയും ആശിക്കാം. ആരുടെയും വീഴ്ചയെ നമ്മുടെ വാഴ്ചയ്ക്കും വളർച്ചയ്ക്കും വളമാക്കരുത്. മനോഭാവങ്ങൾ മാന്യമായിരിക്കട്ടെ. നെഞ്ചകം നല്ല വിചാരങ്ങളുടെ വിളനിലമാകട്ടെ. മറ്റുള്ളവരുടെ ക്ഷേമത്തെയും ഐശ്വര്യത്തെയും കാംക്ഷിച്ചുകൊണ്ടുള്ളവയായിരിക്കട്ടെ നമ്മുടെ മനോവ്യാപാരങ്ങൾ. രക്ഷകന്റെ വളർത്തുപിതാവിന്റേതുപോലെ നമ്മുടെ ആലോചനകൾ സ്വർഗവുമായി മാത്രം ആയിരിക്കട്ടെ. അപ്പോൾ അവ സർവരുടെയും രക്ഷയ്ക്കായി ഭവിക്കും. ഹൃദയവിചാരങ്ങളെ വിശുദ്ധീകരിക്കാനുള്ള ആഹ്വാനമാണു നമുക്കുള്ളത്. ഒപ്പം, നമ്മുടെ ജീവിതത്തിന്റെ നിഗൂഢതയുടെ ചുരുളുകൾ അഴിക്കാൻ ധൈര്യപ്പെടാം. അത് സ്വല്പംകൂടി സുതാര്യമാകട്ടെ.

■




ഗിരീഷ് കെ. ശാന്തിപുരം

ബ്രാഹ്മണർ വീണ്ടും ദേവസഹായത്തിനു മുമ്പിൽ അമ്പേ പരാജയപ്പെടുകയായിരുന്നു. അധികാരപ്രമത്തതയും അഹങ്കാരവും മടിശ്ശീലയിൽ സൂക്ഷിച്ചിരുന്ന ബ്രാഹ്മണവർഗത്തിനു ചെറിയ തോൽവികൾപോലും അഭിലഷണീയങ്ങളായിരുന്നില്ല.

ആഢ്യജന്മങ്ങളെന്നും ബ്രഹ്മജ്ഞാനികളെന്നും അഹങ്കരിച്ചുപോന്നിരുന്ന വരേണ്യവർഗത്തിന് ആജ്ഞാപിച്ചും ശിക്ഷിച്ചും മാത്രമേ ശീലമുണ്ടായിരുന്നുള്ളൂ. ദേവീദേവന്മാരുടെയും മതവിചാരാചാരങ്ങളുടെയും മൂലസ്ഥാനം തങ്ങളിലാണു കേന്ദ്രീകൃതമായിരിക്കുന്നതെന്നു വ്യഥാ വിശ്വസിച്ചിരുന്ന അവർക്ക് നീലകണ്ഠനെന്ന കാരാഗൃഹവാസിയുടെ മുമ്പിൽ പരാജിതരായി നില്ക്കേണ്ടിവരുന്നതിൽ അതിയായ അഭിമാനക്ഷതമുണ്ടായി. ജയിക്കാൻ ഒരേയൊരു മാർഗം മാത്രം, നീലകണ്ഠനെ എങ്ങനെയും തീർത്തുകളയുക.

ദേവസഹായമാകട്ടെ, മരണത്തെ സ്നേഹിച്ചുതുടങ്ങിയിരുന്നു. അതു ക്രിസ്തുവിനുവേണ്ടിയാകുമ്പോൾ എത്രയും വേഗം സംഭവിക്കണേയെന്ന് അദ്ദേഹം പ്രാർത്ഥനകൊണ്ടു.

യഥാർത്ഥ വിശ്വാസിയായ ഒരുവനു ഭൂമിയിൽ ഒന്നുമില്ല. അവൻ ക്രിസ്തുവിനോടൊപ്പം കൂട്ടവകാശിയും സ്വർഗത്തിന്റെ അവകാശിയുമാണ്. ഭൂമിയിലെ അപ്പക്കഷണങ്ങൾ ശരീരത്തിന്റെ വിശപ്പുകറ്റും. ആത്മാവിന്റെ വിശപ്പകറ്റുന്നത് സ്വർഗീയവിരുന്നിൽ ഭാഗഭാക്കാവുമ്പോഴാണ്.

അതുകൊണ്ട് ദേവസഹായം പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെട്ടില്ല. പക്ഷേ, ബ്രാഹ്മണാധിപന്മാർ ദേവസഹായത്തെ ഭയപ്പെട്ടുതുടങ്ങിയിരുന്നു. ഇവൻ നമ്മുടെ അധികാരത്തിന്റെയും മതത്തിന്റെയും ദേവീദേവസങ്കല്പങ്ങളുടെയും അസ്തിവാരമിളക്കിക്കളയും.

അവർ മഹാരാജാവിനെ വീണ്ടും ശരണം പ്രാപിച്ചു. "നീലകണ്ഠനെ വധിച്ചുകളയേണ്ട സമയം കഴിഞ്ഞിരിക്കുന്നു. നമ്മുടെ മതവും ദേവഗണങ്ങളും ഇവിടെ നിലനില്ക്കണമെങ്കിൽ അങ്ങനെ തന്നെ സംഭവിക്കണം." അവർ രാജാവിനോടുണർത്തിച്ചു.

അതാണു യുക്തമെന്ന് രാജാവിനും തോന്നി. നീലകണ്ഠൻ പൂർവാശ്രമങ്ങളിലേക്കു മടങ്ങിവരികയില്ല.

മഹാരാജാവ് മന്ത്രി രാമയ്യനെ ആളയച്ചു. രാമയ്യൻ രാജസന്നിധിയിലെത്തി.

"ക്രിസ്ത്യാനികൾ എല്ലാവരും കണ്ട് ഭയപ്പെടത്തക്കവിധത്തിൽ നീലകണ്ഠന്റെ കഴുത്തിൽ എരിക്കിൽപൂമാലചാർത്തി തെരുവുകൾതോറും നടത്തി കുളമക്കാട്ടിൽ കൊണ്ടുചെന്ന് ഗളച്ഛേദം ചെയ്ത് വധിക്കുക.'' മഹാരാജാവ് കല്പിച്ചു.

ഇക്കാലയളവിൽ നാട്ടിൽ പലയിടത്തും മതപരമായ കലാപങ്ങൾ അരങ്ങേറാൻ തുടങ്ങിയിരിക്കുന്നു. അതിനാകട്ടെ അണിയറയിൽ ചുക്കാൻ പിടിച്ചത് ബ്രാഹ്മണപ്രധാനികളും നായർ പ്രമാണിമാരും.

കലുഷിതമായ ഒരു കാലഘട്ടമായിരുന്നത്. തുലോം തുച്ഛമായിരുന്നു ക്രിസ്ത്യാനികളുടെ സംഖ്യ. സ്വസ്ഥമായും ഭയാശങ്കകളില്ലാതെയും ജീവിക്കാൻ പറ്റാത്ത ഒരു വസ്ഥ. അവർ ഒളിഞ്ഞും പാത്തും പ്രമാണിമാരുടെ കണ്ണിൽപ്പെടാതെ ജീവിതം മുന്നോട്ടുനീക്കി.

ദേവസഹായത്തിനോടുള്ള എതിർപ്പായിരുന്നു ഇതിന്റെയെല്ലാം പിന്നിൽ. ദേവസഹായത്തിന്റെ വധശിക്ഷയോടെ നാട്ടിൽനിന്ന് ക്രിസ്ത്യാനികളെ പാടേ നിഷ്കാസനം ചെയ്യാമെന്നു കരുതിയ ഉപരിവർഗം കച്ച കെട്ടിയിറങ്ങുകയായിരുന്നു.

ഈ വിവരം രഹസ്യമായറിഞ്ഞ ദേവസഹായത്തിന് അത്യധികമായ മനോവിഷമമുണ്ടായി. പക്ഷേ, കഷ്ടതയനുഭവിക്കുന്ന ക്രിസ്ത്യാനികൾക്കുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമുണ്ടായിരുന്നില്ല അദ്ദേഹത്തിനു മുമ്പിൽ. തടവറയിൽ അദ്ദേഹം ഹൃദയം തകർന്നു പ്രാർത്ഥിച്ചു.

''പരമകാരുണികനായ ദൈവമേ, അങ്ങയുടെ ദാസന്മാരുടെ മടിശ്ശീലകളിൽനിന്ന് സത്യവിശ്വാസത്തിന്റെ താക്കോൽ എടുത്തുകളയരുതേ... അവരുടെ ജീവരക്ഷയ്ക്കായി എന്റെ ജീവനെ ഞാൻ അങ്ങയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു. എന്റെ പ്രാണനെ ദയാപൂർവ്വം സ്വീകരിച്ച് സത്യവിശ്വാസികളെ രക്ഷിക്കണമേ...''



തന്റെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു എന്ന് ദേവസഹായത്തിനു മനസ്സിലായി. രാജഭടന്മാർ തടവറയിലെത്തി രാജകല്പന ദേവസഹായത്തെ അറിയിച്ചു.

"ദൈവത്തിനു സ്തുതിയായിരിക്കട്ടെ." ദേവസഹായം അതിരറ്റ ആഹ്ലാദത്തോടെ പറഞ്ഞു.

രാജഭടന്മാർ അമ്പരന്നുപോയി. സ്വന്തം വധശിക്ഷയറിഞ്ഞു സന്തോഷിക്കുന്ന ഒരു മനുഷ്യനെ അവർ ജീവിതത്തിലാദ്യമായി കാണുകയായിരുന്നു.

"ഇവൻ ഒരു സാധാരണ മനുഷ്യനല്ല. ഇവനിൽ അദൃശ്യമായ എന്തോ ഒരു ശക്തി കുടികൊള്ളുന്നുണ്ട്. അല്ലെങ്കിൽ സ്വന്തം മരണത്തെക്കുറിച്ചറിഞ്ഞ് ആരെങ്കിലും സന്തോഷിക്കുമോ?" ഭടന്മാർ പരസ്പരം രഹസ്യമായി പറഞ്ഞു.

''പ്രിയ സഹോദരന്മാരേ...'' ദേവസഹായം രാജഭടന്മാരെ സംബോധന ചെയ്തു. ആ വിളിയിലെ സ്നേഹവും അലിവും രാജഭടന്മാരുടെ മനസ്സിൽതട്ടി. ഭടന്മാരിലൊരുവൻ പറഞ്ഞു:

"ഈ മനുഷ്യൻ വധശിക്ഷക്കർഹനാകുന്നതെങ്ങനെ?'' വേദം സ്വീകരിച്ചതോ... അത് അക്ഷന്തവ്യമായ ഒരു തെറ്റാണോ... ഈ മനുഷ്യനിൽ ഞാനൊരു കുറ്റവും കാണുന്നില്ല. എനിക്കു തോന്നുന്നത് നമ്മുടെ മഹാരാജാവിനു തെറ്റുപറ്റിയെന്നാണ്."

"നിങ്ങൾ എന്നേപ്രതി വിഷമിക്കേണ്ടതില്ല." ദേവസഹായം തുടർന്നു: ''ഞാൻ ഇങ്ങനെയൊന്ന് വളരെക്കാലമായി ആഗ്രഹിക്കുന്നു. അതിനിപ്പോൾ അവസരം വന്നുചേർന്നതിൽ ഞാൻ ദൈവത്തോടു നന്ദി പറയുന്നു. അന്ധവിശ്വാസങ്ങളിൽനിന്നു മുക്തിനേടി സത്യമാർഗത്തിൽ ജീവിക്കാൻ തുടങ്ങിയ ഒരുവന്റെ ധർമബുദ്ധി ഏതു വിധമാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങളിപ്പോൾ അറിയുക. അതുകൊണ്ട് മിത്രങ്ങളേ, രാജകല്പന നിറവേറ്റുന്നതിൽ ഇനി താമസമരുതെന്നു ഞാൻ അപേക്ഷിക്കുന്നു."

രാജകല്പന അറിയിക്കാൻ വന്ന ഭടന്മാർ മടങ്ങി. ദേവസഹായം ഏകനായി. ഏകാന്തതയുന്നലില്ലാത്ത ഒരു കുപ്പായംപോലെ ദേവസഹായത്തെ മൂടി. വിശുദ്ധമായ ഒരാന്തരികചോദനയാൽ ദേവസഹായം പൂരിതനായി. അദ്ദേഹം ഇപ്രകാരം പ്രാർത്ഥന കൊണ്ടു:

"ദൈവമേ, നീ എന്നിൽ ആരംഭിച്ച പ്രവൃത്തിയെ പൂർത്തീകരിക്കേണമേ. ഞാൻ തുറമുഖത്തോടടുത്ത് എത്താറാകുമ്പോൾ എന്റെ കപ്പൽ തകർന്നുപോകാതെ കാത്തുകൊള്ളേണമേ..."

ഏതാനും സമയത്തിനുശേഷം ആരാച്ചാരും സംഘവുമെത്തി. അവർ തടവറയ്ക്കുള്ളിൽക്കയറി ദേവസഹായത്തിന്റെ വിലങ്ങുകൾ അഴിച്ചുമാറ്റി. ഇരുകൈകളും പിറകിലേക്കു ചേർത്തുകെട്ടി. എരിക്കിൻപൂമാല കഴുത്തിലണിയിച്ച് നിരത്തിലൂടെ നടത്താൻ തുടങ്ങി.

ചെണ്ടക്കാരുടെ താളരഹിതമായ കൊട്ടിന്റെയും ചില ആഭാസന്മാരുടെ കൂക്കുവിളികളുടെയും ദൂഷണങ്ങളുടെയും അകമ്പടിയോടെ ദേവസഹായത്തിനെ അവർ കുളമക്കാട്ടേക്കു നടത്തി.

തെരുവിനിരുപുറവും വിചിത്രമായ ഈ കാഴ്ചകാണാൻ ആളുകൾ കൂടിയിരുന്നു. ചിലർ ദേവസഹായത്തിനെ കൂക്കിവിളിച്ചു പരിഹസിക്കുന്നു. മറ്റു ചിലർ അദ്ദേഹത്തിന്റെ കഷ്ടാനുഭവങ്ങളിൽ പരിതപിച്ചു പറഞ്ഞു.

''ഒരു പച്ചമനുഷ്യനോട് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ത്?"

"നിന്റെ സത്യദൈവത്തോട് നിന്നെ രക്ഷിക്കാൻ പറയ്..." മറ്റു ചിലർ പരിഹസിച്ചു.

ദേവസഹായം ലോകത്തിനു നേരേ കണ്ണുകളും കാതുകളുമടച്ചുകളഞ്ഞു. അദ്ദേഹം അലമുറയിടുകയോ വിലപിക്കുകയോ ചെയ്തില്ല. ആരാച്ചാരെയും കൂട്ടാളികളെയും അതിശയിപ്പിക്കുമാറ് വളരെ സന്തോഷത്തോടെ ആവുന്നത്ര വേഗത്തിലും തിടുക്കത്തിലും നടന്നു. സ്വന്തം പിതാവിന്റെ പക്കലേക്ക് ഓടിയടുക്കുന്ന പിഞ്ചുപൈതലിന്റെ കാലുകളുടെ ചടുലതയായിരുന്നു ദേവസഹായത്തിന്.

ആരാച്ചാരുടെ കൂട്ടാളികൾ ദേവസഹായത്തിന്റെ ധൈര്യം കണ്ട് അദ്ഭുതപ്പെട്ടു. അവർ പരിഹാസത്തോടെ പറഞ്ഞു:

"നിന്നെ എവിടേക്കാണ് കൊണ്ടുപോകുന്നതെന്ന് നിനക്ക് അറിയില്ലെന്നുണ്ടോ. വിവാഹം കഴിപ്പിക്കുന്നതിനോ വലിയ സ്ഥാനമാനങ്ങൾ നല്കി ബഹുമാനിക്കുന്നതിനോ ആണെന്നു കരുതിയോ..."

''എന്നെ എവിടേക്കാണു കൊണ്ടുപോകുന്നതെന്ന് എനിക്കു നന്നായിട്ടറിയാം സുഹൃത്തുക്കളേ...'' ദേവസഹായത്തിന്റെ വാക്കുകൾ ഇടറുകയോ ചിതറുകയോ ചെയ്തില്ല. ഒരു കൃഷ്ണമൃഗത്തിന്റെ ശാന്തതയായിരുന്നു അദ്ദേഹത്തിന്റെ കണ്ണുകളിൽ. അദ്ദേഹം സൗമ്യനായി തുടർന്നു:

''എന്നാൽ, നിങ്ങൾക്കാണ് ഒരു കാര്യമറിയാത്തത്. എനിക്കു വിവാഹവും സ്ഥാനമാനബഹുമാനങ്ങളും മോക്ഷവിരുന്നും ഇതാണ്. ഇങ്ങനെയുള്ള അവസ്ഥയില്ലല്ലാതെ മനുഷ്യന്റെ ധൈര്യത്തിനും സന്തോഷത്തിനും എന്തു വില? നിങ്ങൾ എനിക്കു തരുന്ന കഷ്ടതകളെ സന്തോഷത്തോടെ അനുഭവിക്കുന്ന ഞാനാണോ ജ്ഞാനാന്ധതമൂലം മിഥ്യാമൂർത്തികളെ ആരാധിച്ചും അന്ധവിശ്വാസങ്ങളുടെ തമോഗർത്തത്തിൽ ജീവിച്ചും കഠിനമാനസ്സരായി എന്തു ക്രൂരതകളും പ്രവർത്തിക്കുന്ന നിങ്ങളാണോ തീനരകത്തിൽ പതിച്ച് നിത്യപീഡയനുഭവിക്കാൻ പോകുന്നത്?"

ദേവസഹായത്തിനെ അവർ കുളമക്കാട്ടിലെത്തിച്ചു. ഒരു ബലിമൃഗത്തെയെന്നപോലെ അവരദ്ദേഹത്തെ കൊലക്കളത്തിൽ നിറുത്തി. ദിഗന്തങ്ങളിൽനിന്ന് മരണമണി മുഴങ്ങുന്നത് ദേവസഹായം കേട്ടു.

"ദൈവമേ... എന്റെ ദൈവമേ, എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഭരമേല്പിക്കുന്നു."

ആരാച്ചാരുടെ കൂട്ടാളികൾ ദേവസഹായത്തിനെ വട്ടമിട്ടു നിന്നു. വധശിക്ഷ കാണാനെത്തിയ ഹൃദയശൂന്യർ ഉയർന്ന സ്ഥലങ്ങളിൽ ഇടംപിടിച്ചു. ആരാച്ചാർ തന്റെ ആയുധത്തിന്റെ മൂർച്ച പരിശോധിച്ചുറപ്പിക്കുന്നു.

അപ്പോഴാണ് ഒരാൾ ഓടിക്കിതച്ചെത്തുന്നത്. അയാൾ എന്തോ വിളിച്ചു പറയുന്നുണ്ട്. വരുന്നത് ഒരു രാജഭടനാണെന്ന് ഏവർക്കും മനസ്സിലായി. അയാളുടെ വേഷവിധാനങ്ങൾ അതു വെളിപ്പെടുത്തുന്നുണ്ട്.

ഞൊടിയിടനേരംകൊണ്ട് അയാൾ കൊലക്കളത്തിലെത്തി. എന്നിട്ടു കിതപ്പാറ്റി പറഞ്ഞു:

''നീലകണ്ഠനെ ഇപ്പോൾ വധിക്കേണ്ട. തടവിൽ പാർപ്പിച്ചാൽ മതി. ഇത് മഹാരാജാവിന്റെ കല്പന."

(തുടരും)

# ബഫർസോൺ : അധികാരികൾ കണ്ണുതുറക്കുമോ?

(1-ാം പേജ് തുടർച്ച)



കേരളത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ മൂന്നിൽ രണ്ടു ഭാഗത്തെയും പരിസ്ഥിതിലോലപ്രദേശമായി പ്രഖ്യാപിച്ചു, പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി. പരിസ്ഥിതിലോലപ്രദേശങ്ങളെ ഗാഡ്ഗിൽ മൂന്നു വിഭാഗങ്ങളായി തിരിച്ചു. പലവിധ നിയന്ത്രണങ്ങൾക്കു വിധേയമായി മാത്രം അവിടെ ജീവിക്കേണ്ടിവരുന്ന മനുഷ്യർ പ്രതിഷേധിച്ചു. പ്രതിഷേധം ശക്തമായപ്പോൾ ഗാഡ്ഗിൽ നിർദേശങ്ങളെ മയപ്പെടുത്താനായി കേന്ദ്രസർക്കാർ നിയോഗിച്ചു, ശൂന്യാകാശശാസ്ത്രജ്ഞൻ കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ. ഈ കമ്മിറ്റിയുടെ പഠനം കഴിഞ്ഞ് നമ്മുടെ പശ്ചിമഘട്ടം പ്രദേശത്തുള്ള 123 ഗ്രാമങ്ങളെ പരിസ്ഥിതിലോലമായി പ്രഖ്യാപിച്ചു. ഏറ്റവും കൂടുതൽ സസ്യസമ്പത്തുള്ള ഗ്രാമങ്ങളെയായിരുന്നു മനുഷ്യവാസമില്ലാത്ത വനപ്രദേശമായിരിക്കുമെന്നു കരുതി പ്രത്യേകം സംരക്ഷണമാവശ്യമായ പരിസ്ഥിതിലോലപ്രദേശം എന്നു കസ്തൂരിരംഗൻ നിർണയിച്ചത്. പക്ഷേ, ഉപഗ്രഹത്തിൽനിന്നുള്ള ചിത്രങ്ങളുടെ അടിസ്ഥാനത്തിലാണ് കസ്തൂരിരംഗൻ കാടും നാടും തിരിച്ചറിയാൻ ശ്രമിച്ചത്. ഉപഗ്രഹഫോട്ടോയിൽ തോട്ടങ്ങളും കാടുപോലെ തോന്നുമല്ലോ.

ഈ പശ്ചാത്തലത്തിലാണ് ജൂൺ മൂന്നിലെ സുപ്രീം കോടതിവിധി വന്നിരിക്കുന്നത്. ഇന്ന് കേരളത്തിലുള്ള നാഷനൽ പാർക്കുകളും വന്യമൃഗസങ്കേതങ്ങളുംകൂടി 24 എണ്ണമുണ്ട്. ഉദ്ദേശം 8 ലക്ഷം ഏക്കർ വിസ്തൃതി. ഇവയോരോന്നിനും ചുറ്റും ഒരു കിലോമീറ്റർ വീതിയിൽ ബഫർസോൺ നിർണയിച്ചാൽ 4 ലക്ഷം ഏക്കർ സ്ഥലത്തെയാവും അതു ബാധിക്കുന്നത്.

വന്യമൃഗസങ്കേതങ്ങൾ ജാഗ്രതയോടെ പരിരക്ഷിക്കപ്പെടേണ്ടവതന്നെ. അവയുടെ അതിർത്തികൾ വേലിയുറപ്പിച്ചു ഭദ്രമാക്കണം. സോളാർവേലികൾ, കിടങ്ങുകൾ എന്നിവയുടെ സഹായത്തോടെ വന്യമൃഗങ്ങൾ സങ്കേതത്തിനു പുറത്തിറങ്ങാതെ ശ്രദ്ധിക്കേണ്ടത് വനംവകുപ്പിന്റെ ചുമതലയാണ്. പക്ഷേ, ഒരു കിലോമീറ്റർ ബഫർസോൺ എന്ന ആശയംതന്നെ കേരളത്തെപ്പോലെ ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്തിൽ നടപ്പാക്കാനാവില്ലെന്ന് കേരളസർക്കാർ പ്രഖ്യാപിക്കണം. ബഫർസോൺ നടപ്പിൽ വരുത്തിയാൽ അവിടെ അകപ്പെടുന്ന കർഷകർ പലതരത്തിലുള്ള നിയന്ത്രണങ്ങൾക്കു വിധേയരായി ജീവിക്കേണ്ടിവരും. ക്രമേണ സാധാരണജീവിതം അസാധ്യമായിത്തീർന്ന് മറ്റു മാർഗങ്ങളില്ലാതെ വീടുവിട്ടിറങ്ങി അഭയാർത്ഥികളായി നട്ടംതിരിയാൻ വിധിക്കപ്പെടും.

സുപ്രീം കോടതിയുടെ വിധിന്യായത്തിൽത്തന്നെ ഒരു പരിഹാരമാർഗം നിർദേശിച്ചിട്ടുണ്ട്. ഡൽഹിയിലെ ഒരു മുൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിച്ചിരിക്കുന്ന ഉന്നതാധികാരസമിതിക്കുമുമ്പാകെ പരാതിയുള്ള സംസ്ഥാന സർക്കാരുകൾക്കു നിവേദനം സമർപ്പിക്കാം. വിധി നടപ്പാക്കാൻ നമുക്കുള്ള പ്രശ്നങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ സഹിതം അവതരിപ്പിച്ച് സമിതിയെ ബോധ്യപ്പെടുത്താൻ നമുക്കു കഴിയണം.

പരാതിക്കാരായി ഏതാനും കർഷകസംഘങ്ങളെമാത്രം അണിനിരത്തിയാൽ പോരാ. വന്യമൃഗസങ്കേതങ്ങളുടെ സമീപപഞ്ചായത്തുകൾ സമിതിക്കു നിവേദനം സമർപ്പിക്കണം. അതിനുവേണ്ടി ഈ പഞ്ചായത്തുകളിലെല്ലാം ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടണം. ഗ്രാമസഭ പാസ്സാക്കുന്ന പ്രമേയത്തിൽ അവിടെ ഒരു കിലോമീറ്റർ ബഫർസോൺ നടപ്പാക്കിയാൽ ആ സോണിൽ അകപ്പെടുന്ന ജനങ്ങളുടെ എണ്ണം, വീടുകൾ, കൃഷിസ്ഥലങ്ങൾ, കടകൾ, വ്യാപാരസ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുടെ വിവരങ്ങൾ ഉൾപ്പെടുത്തണം. ഉന്നതാധികാരസമിതിക്കു സമർപ്പിക്കുന്ന നിവേദനം സംസ്ഥാനസർക്കാരിനും നൽകി, സർക്കാരിന്റെ ശിപാർശയോടെ ഉന്നതാധികാരസമിതിക്കു മുമ്പാകെ എത്തിക്കണം.

ഉന്നതാധികാരസമിതിയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമേ സുപ്രീം കോടതിയിലും അനുകൂലവിധിക്കു സാധ്യതയുണ്ടാകൂ. ഈ പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടാൽ കേന്ദ്ര-കേരള സർക്കാർ നിയമഭേദഗതികൾ കൊണ്ടുവന്ന് ബഫർസോണിൽ അകപ്പെടുന്ന കർഷകരെ രക്ഷിക്കണം.

ഈ വിഷയത്തിൽ അവ്യക്തമായി തുടരുന്ന ഒരു കാര്യം കേരള സർക്കാരിന്റെ നിലപാടാണ്. 2019 നവംബറിൽ കേരള സർക്കാരിന്റെ ഒരു കാബിനറ്റ് തീരുമാനമുണ്ടായിരുന്നു, നമ്മുടെ വന്യമൃഗസങ്കേതങ്ങളിൽ ഒരു കിലോമീറ്റർ ബഫർസോൺ സ്ഥാപിക്കണമെന്ന്. ഈ തീരുമാനം റദ്ദു ചെയ്യാൻ കേരള സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. അതേസമയം, കേരളനിയമസഭയിൽ ബഫർസോണിനെതിരേ പ്രമേയം കൊണ്ടുവന്ന് പ്രതിപക്ഷത്തിന്റെ സഹകരണവും നേടി ഐകകണ്ഠ്യേന പാസ്സാക്കിയെടുക്കാൻ കേരള സർക്കാർ താത്പര്യം കാണിച്ചിരിക്കുന്നു.

മറ്റൊരു കാര്യം, കേരളത്തിലെ 24 വന്യമൃഗസങ്കേതങ്ങളിൽ മിക്കവയുടെയും അതിർത്തികൾ ഇതുവരെ സർക്കാർ നിർണയിച്ചു വിളംബരപ്പെടുത്തിയിട്ടില്ല എന്നതാണ്. ബഫർസോണിൽ അകപ്പെടുന്നവരിൽ കുറേപ്പേരെയെങ്കിലും രക്ഷപ്പെടുത്താനുള്ള ഒരവസരം ഇവിടെയുണ്ട്. വന്യമൃഗസങ്കേതങ്ങളുടെ അതിർത്തികൾ നിർണയിച്ചു വിളംബരം ചെയ്യുമ്പോൾ അവയുടെ ഇപ്പോഴത്തെ അതിർത്തിയിൽനിന്ന് ഒരു കിലോമീറ്റർ ഉള്ളിലേക്കു നീക്കി നിർണയിച്ച് വിളംബരം ചെയ്യാം. അതിർത്തിക്കുള്ളിൽ ചേർക്കാതെ വിടുന്ന ഒരു കിലോമീറ്റർ ഭാഗം അപ്പോൾ ബഫർസോണായി പ്രഖ്യാപിക്കുകയും ചെയ്യാം. ഏതായാലും, ഒരു കാര്യം വ്യക്തം, നമ്മുടെ വന്യമൃഗസങ്കേതങ്ങളുടെ ചുറ്റും ഇന്ന് ജനവാസകേന്ദ്രങ്ങളായി കാണപ്പെടുന്ന പ്രദേശങ്ങൾ ആളുകളെ ഒഴിപ്പിച്ചു വനമാക്കിമാറ്റാൻ ശ്രമിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഒന്നും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ബഫർസോണിൽ അകപ്പെടുന്ന കർഷകരുടെ ഭൂമി പൊന്നുംവിലയ്ക്കെടുത്ത് ഉചിതമായ നഷ്ടപരിഹാരം നൽകി അവരെ പുനരധിവസിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം.

ഏറ്റവും പ്രായോഗികമായ സമീപനം, കേരളത്തിലെ ജനസാന്ദ്രതയും കർഷകർ മലയോരത്ത് എത്താനിടയായ പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്ത് ബഫർസോൺ എന്ന ആശയം ഇവിടെ അപ്രായോഗികമെന്ന വസ്തുത സ്ഥിതി അംഗീകരിക്കുക എന്നതാണ്.

വനാതിർത്തികളും, വന്യമൃഗസങ്കേതങ്ങളും ശക്തമായ വേലിക്കെട്ടിനുള്ളിലായിരിക്കണം. അവിടെനിന്നു മൃഗങ്ങൾ പുറത്തുചാടി മനുഷ്യജീവിതം ദുസ്സഹമാക്കാൻ ഒരിക്കലും അനുവദിക്കാൻ പാടില്ല. അതോടൊപ്പം വളരെ വേഗം പെറ്റുപെരുകുന്ന കാട്ടുപന്നി, കുരങ്ങ് ഇവയെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണം. ഇത്തരം മൃഗങ്ങളുടെ സംഖ്യ കാലാകാലങ്ങളിൽ കൃത്യമായി കണക്കെടുത്ത് കാടിനു താങ്ങാവുന്നതിലധികമാകുമ്പോൾ ശാസ്ത്രീയരീതിയിൽ അവയുടെ സംഖ്യ നിയന്ത്രിച്ചു നിറുത്താൻ വനംവകുപ്പിനെ അധികാരപ്പെടുത്തണം.

കഠിനപ്രയത്നം ചെയ്ത് ഒരു നിർണായകഘട്ടത്തിൽ നാട്ടിൽ പട്ടിണിമരണം ഒഴിവാക്കിയ കർഷകരെ മറക്കാൻ പാടില്ല. അവരുടെ ജീവിതം സുരക്ഷിതമായി നിലനിറുത്താനുള്ള ബാധ്യത സർക്കാരിനുണ്ട്.

■

## ആഴ്ചമൊഴി



നമ്മുടെ സ്വാതന്ത്ര്യസമരപോരാളികൾ നല്കിയ മഹിമയേറിയ സംഭാവനകളും അവരുടെ ത്യാഗപൂർണമായ ജീവിതവും മനസ്സിലാക്കി വൈവിധ്യസമ്പന്നമായ ഭൂതകാലം തിരിച്ചുപിടിക്കേണ്ടത് നമ്മുടെയെല്ലാം കടമയാണ്. അവരുടെ സ്വപ്നങ്ങളിലുള്ള സമത്വസുന്ദരവും സമ്പൽസമൃദ്ധവുമായ ഇന്ത്യയെ സാക്ഷാത്കരിക്കാൻ കർമനിരതരാവുക എന്നത് നമ്മുടെയെല്ലാം ധാർമികോത്തരവാദിത്വമാണ്.

എം. വെങ്കയ്യനായിഡു

---



ഗാന്ധിജിയിൽനിന്ന് ഗോഡ്സേയിലേക്കു പോകുന്ന മാറ്റമാണ് ഇന്ത്യയിൽ സംഭവിക്കുന്നത്. പ്രതിമരാഷ്ട്രീയം തലപൊക്കി വരുകയും ജനക്ഷേമരാഷ്ട്രീയം കുഴിച്ചുമൂടുകയും ചെയ്തിരിക്കുന്നു. കോടികൾ മുടക്കി നിർമിച്ച പട്ടേൽപ്രതിമയും പാർലമെന്റുമന്ദിരത്തിലെ അശോകസ്തംഭവും ഇതാണു സൂചിപ്പിക്കുന്നത്.

പ്രശാന്ത് ഭൂഷൺ

---



ഏറ്റവും വലിയ സന്തോഷം ആർക്കും വേണ്ടാതിരുന്ന ഞങ്ങളുടെ ഇരുളഭാഷയും പാട്ടുകളും എല്ലാ ആളുകളും അറിഞ്ഞതും ഏറ്റുപാടാൻ തുടങ്ങിയതുമാണ്. ഈ ആദിവാസിവിഭാഗവും ഞങ്ങളുടെ കഥകളും പാട്ടുകളും സംസ്കാരവും ഭാഷയുമൊക്കെ ഈ ഭൂമി അവശേഷിക്കുന്ന കാലമത്രയും ഇവിടെ നിലനില്ക്കണം.

നഞ്ചിയമ്മ

# എഴുത്തിലെ ജീവിതയാഥാർത്ഥ്യങ്ങൾ



ജോസ് വഴുതനപ്പിള്ളി

നന്മമരങ്ങളായ ചില മനുഷ്യർ തിന്മയെ ചവിട്ടിമെതിച്ച് ഉൻമൂലനം ചെയ്യുന്നു. അവർ സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ വെന്നിക്കൊടികൾ പാറിക്കുന്നു. ഈ മട്ടിലുള്ള സാഹിത്യകൃതികൾ ഒന്നുംതന്നെ മലയാളിക്കു പ്രിയങ്കരമല്ല. നന്മതിന്മകളുടെ വേർതിരിവു സൃഷ്ടിക്കുന്ന, അവയെ രണ്ടു ചേരികളിലായി നിർത്തി ഉപന്യസിക്കുന്ന കഥകളോ നോവലുകളോ ഒന്നും മലയാളി എഴുത്തുകാരുടെ പുസ്തകങ്ങളിലും കണ്ടിരുന്നിരിക്കില്ല. ഉദാഹരണത്തിന്, ഗ്രീക്കുപുരാണങ്ങളിലെ ഹെർക്കുലീസിനെ എടുക്കാം. ആൾ ഉഗ്രപ്രതാപിയായിരുന്നുവെങ്കിലും കൊടുംക്രൂരതകൾ ചെയ്ത ആളായിരുന്നു. ഹേരാ എന്നൊരു മോഹിനിയുടെ സ്വാധീനത്താൽ അയാൾ സ്വന്തം മക്കളെപ്പോലും കൊന്നു. ഇതു വായിച്ചപ്പോഴൊന്നും ആരും നന്മയെയും തിന്മയെയും വേർതിരിച്ചു കണ്ടില്ല.

ഹൈന്ദവപുരാണങ്ങളിലെ വാല്മീകി കൊലപാതകിയും പിടിച്ചുപറിക്കാരനുമായിരുന്നു. പിന്നീട് അയാൾക്കു മാനസികപരിവർത്തനം സംഭവിക്കുന്നു; സമാരാധ്യനായ ആത്മീയഗുരുവായി മാറുന്നു. അലാവുദ്ദീനും അദ്ഭുതവിളക്കും എന്ന കഥയിൽ അമ്മാവന് ഒരു ദുരാഗ്രഹം, ആ വിളക്കു സ്വന്തമാക്കാൻ. പക്ഷേ, കഥയിൽ ആരെയും ശത്രുപക്ഷത്തു നിറുത്തി ശിക്ഷിക്കുന്നില്ല. മോശം കഥാപാത്രമാക്കി വിചാരണ ചെയ്യുന്നില്ല.

**എഴുത്തിലെ കറുപ്പും വെളുപ്പും**

പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലാകമാനം ജനപ്രിയകലാരൂപങ്ങളായി സന്മാർഗനാടകങ്ങളുടെ കുത്തൊഴുക്കായിരുന്നു. നീതിയുടെയും നന്മയുടെയും സന്മാർഗത്തിന്റെയും പ്രതീകങ്ങളായി, പര്യായങ്ങളായി കുറെ കഥാപാത്രങ്ങൾ അതിലുണ്ടായിരുന്നു. അവർ നമുക്കു ദൈവികഗുണങ്ങൾ പറഞ്ഞുതരും. മനുഷ്യന്റെ സ്വതഃസിദ്ധമായ ബലഹീനതകളെ ദുഷ്ടശക്തികൾ ആക്രമിക്കാൻ തുടങ്ങുമ്പോൾ അവൻ മാരകപാപങ്ങളിലേക്കു നിപതിക്കുന്നു. ദൈവത്തിന്റെ നാലു പുത്രിമാരായ കരുണയെ, നീതിയെ, ആത്മസംയമനത്തെ, സത്യത്തെ ഉപേക്ഷിക്കുന്നു; നാശവും മരണവും ക്ഷണിച്ചുവരുത്തുന്നു. ഇത്തരം നാടകങ്ങൾ ഒന്നും മലയാളി ശ്രദ്ധിച്ചില്ല. അതിനുപകരം അറബിക്കഥകളും ഷേക്സ്പിയറും ക്ലാസ്സിക്കുകളും വേണ്ടുവോളം വായിച്ചു.

അറബിക്കഥയിലെ 'നിരക്ഷരനായ സ്കൂൾമാസ്റ്റർ' സ്വന്തം നിലനില്പിനായി വിദ്യാസമ്പന്നനായി അഭിനയിക്കുന്നു. ഒടുവിൽ ഒരു പട്ടാളക്കാരൻ അയച്ച ടെലിഗ്രാം വായിപ്പിക്കാൻ കൊണ്ടുചെല്ലുമ്പോൾ അയാൾ വെറുതെ ഭാവാഭിനയത്തിലൂടെ ആൾ മരിച്ചു എന്ന് വരുത്തിവയ്ക്കുന്നു. സാക്ഷാൽ പട്ടാളക്കാരൻ വരുമ്പോൾ പൂച്ചു പുറത്താകുന്നു. ഇവിടെയും ആരും സ്കൂൾമാസ്റ്ററെ ഒരു വില്ലൻകഥാപാത്രമായി കണ്ടില്ല.

**ആലിബാബയും നാല്പതു കള്ളന്മാരും**

ആലി എന്ന ചെറുപ്പക്കാരൻ, തസ്കരൻമാർ ഗുഹയിലൊളിപ്പിച്ച സ്വർണനാണയങ്ങൾ കണ്ടെത്തുകയും അടിച്ചുമാറ്റുകയും ചെയ്യുന്നു. അവിടെ നാമാരും പറയുന്നില്ല 'അതു മോശം' എന്ന്. ഒടുവിൽ തസ്കരനേതാവ് കൽഭരണികളിൽ ഒളിപ്പിച്ച മറ്റു കള്ളന്മാരുമായി എത്തുമ്പോൾ ആലിയുടെ വേലക്കാരി തിളപ്പിച്ച എണ്ണയൊഴിച്ച് അവരെ കൊലപ്പെടുത്തുന്നു. അതൊരു ക്രൂരകൃത്യമായി നമുക്കു തോന്നുന്നതേയില്ല. എല്ലാം വെറുതെ ഒരു കഥ കേൾക്കുന്ന ലാഘവത്തിൽ, അലിയോടുള്ള സഹജവികാരത്തോടെ നാം വായിച്ചുപോകുന്നു.

'ഒലിവർ ടിസ്റ്റ്' എന്ന നോവലിൽ പാവം ഒലിവർ ഫാഗിൻ എന്നൊരു പോക്കറ്റടിസ്കൂൾ നടത്തിപ്പുകാരന്റെയും ദുർന്നടപ്പുകാരി നാൻസിയുടെയും സംഘത്തിൽ പെട്ടുപോകുന്നു. കഥയിൽ ഇവരെ ആരെയും ഭീകരരായോ ദുഷ്ടരായോ നാം കാണുന്നില്ല. ചില സാഹചര്യങ്ങൾ അവരെ അങ്ങനെയാക്കി എന്നുമാത്രം ചിന്തിക്കുന്നു.

'മാക്ബെത്' നാടകത്തിൽ കൊട്ടാരത്തിൽ വിരുന്നിനെത്തിയ രാജാവിനെ കൊലചെയ്യുകയാണ് മാക്ബെത്. അതിനുവേണ്ടി കാവൽക്കാരെ മയക്കി ഉറക്കുന്നതു ലേഡി മാക്ബെത്താണ്. ഇതെല്ലം മനുഷ്യരെക്കൊണ്ട് ദുർഭൂതങ്ങൾ ചെയ്യിക്കുന്നു എന്നു സമാധാനിക്കുക മാത്രം. 'മേയർ ഓഫ് കാസ്റ്റർബ്രിഡ്ജ്' എന്ന നോവലിൽ തന്റെ ഭാര്യയെ ലേലം വിളിച്ചിട്ടാണ് തിരപ്പുറപ്പാട്. വീണ്ടും ധനാഢ്യനായി കുടുംബത്തെ വീണ്ടെടുത്തിട്ടും ഒടുവിൽ അയാൾ സ്വന്തം ചെയ്തികൾകൊണ്ടും പ്രതികാരചിന്തകൊണ്ടും എല്ലാം നഷ്ടമാക്കുന്നു. മനുഷ്യമനസ്സുകളുടെ ദ്വയധ്രുവങ്ങളിലേക്കുള്ള ചാഞ്ചാട്ടമാണ് 'ഡോക്ടർ ജെക്കാൾ ആൻഡ് മിസ്റ്റർ ഹൈഡ്' എന്ന കഥയിലും വായിക്കുക.

**കുറ്റവും ശിക്ഷയും**

റോഡിൻ എന്നൊരു ദരിദ്രയുവാവ് പണം പലിശയ്ക്കു കൊടുക്കുന്ന, അറുത്ത കൈയ്ക്ക് ഉപ്പു തേക്കാത്ത ഒരു സ്ത്രീയെ കൊലപ്പെടുത്തുന്നു. സ്വത്തെല്ലാം സ്വന്തമാക്കി തന്റെ ദാരിദ്ര്യം തുടച്ചുനീക്കാം, മഹത്തായ കാര്യങ്ങൾ ചെയ്യാം എന്നൊക്കെയായിരുന്നു അവന്റെ പ്ലാൻ. പക്ഷേ, തീവ്രമായ മാനസികവേദനകളിലേക്കും വിഭ്രാന്തിയിലേക്കുമാണ് അയാൾ നിപതിക്കുന്നത്. അയാൾക്ക് ഒടുവിൽ സ്വയം മടുപ്പും വിദ്വേഷവും തോന്നുന്നു.

**തിന്മയിലേക്ക് ഒരു ചായ്വ്**

തിന്മയിലേക്ക് ഒരാകർഷണം മനുഷ്യർക്കെല്ലാം സ്വതഃസിദ്ധമാണ്. അസൂയ, കോപം തുടങ്ങിയ അധമവികാരങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്തവർ ആരുമില്ല. മനുഷ്യജീവിതം തെറ്റും ശരിയും ഇഴചേർന്നു കിടക്കുന്ന




ഒരു പ്രതിഭാസമാണ്. ആലിബാബയുടെ കഥയിൽ ആ സ്വർണനാണയങ്ങൾ കൈക്കലാക്കാൻ യാതൊരു മടിയും അയാൾക്കില്ല. അത് സ്വന്തവും അവകാശപ്പെട്ടതുമാണ് എന്നാണു വിചാരം. അതാണു മനുഷ്യൻ. മനുഷ്യനെ മൃഗീയസ്വഭാവക്കാരനും ജന്മനാ കെട്ട സ്വഭാവമുള്ളവനും എന്നൊക്കെ വിശേഷിപ്പിക്കപ്പെടാറുണ്ട്. അതല്ല, നാമൊക്കെ ഉൾക്കാമ്പിൽ സത്യവും നെറിവും സൽസ്വഭാവവും പേറിക്കൊണ്ടാണ് ജന്മമെടുക്കുന്നത് എന്നും ഒരു സിദ്ധാന്തമുണ്ട്. സന്മാർഗം നാം പഠിച്ചെടുക്കുന്നതാണ് എന്നാണ് അരിസ്റ്റോട്ടിലിന്റെ അഭിപ്രായം.

പുനത്തിലിന്റെ സ്മാരകശിലകളിൽ സ്നേഹസമ്പന്നനായ ആ ഫ്യൂഡൽപ്രഭു നാട്ടുകാർക്കുവേണ്ടി എന്തൊക്കെ നന്മകളാണു ചെയ്യുന്നത്! അയാൾ വലിയ കാരുണ്യവാനായിരുന്നു. പക്ഷേ, ഒപ്പം ഒരു വല്ലാത്ത സ്ത്രീലമ്പടനുമായിരുന്നു. തന്റെ ഭാര്യയെ നശിപ്പിച്ചതിന് ഒരു യുവാവ് അതിന്റെ പക പോക്കി അയാളെ വധിക്കുന്നു. നന്മയും തിന്മയുമൊക്കെ എരിവും പുളിയുംപോലെ ജീവിതത്തിൽ സമ്മിശ്രമായിരിക്കുന്നു എന്ന സത്യം തിരിച്ചറിഞ്ഞവരാണ് നമ്മുടെ എഴുത്തുകാർ.

അലക്സാണ്ടർ സോൾസെനിത്സൻ പറയുന്നത്; നന്മയുടെയും തിന്മയുടെയും പോർമുഖങ്ങൾ ഓരോ മനുഷ്യന്റെയും അന്തരാത്മാവിലൂടെ കടന്നുപോകുന്നുവെന്നാണ്.

**എഴുത്തിലെ സന്മാർഗികളും ദുർമാർഗികളും**

അസാധാരണമായ ഒരു പക്വത ചിന്തകളിൽ സാധ്യമാക്കാൻ മലയാളത്തിലെ എഴുത്തുകാർക്കു കഴിയുന്നുണ്ട്. ധാരാളം ഭാവാത്മകമായ തനിമയോടെ നല്ല കഥാപാത്രങ്ങളെ സൃഷ്ടിക്കുന്ന എഴുത്തുകാർ ഇതരഭാഷകളിൽ ഉണ്ടെന്നിരിക്കിലും, അവിടെയൊന്നും കാണാത്ത ഒരു തിളക്കവും മിഴിവും സത്യസന്ധമായ ജീവിതനിരീക്ഷണവും നമുക്കിവിടെ മലയാളത്തിൽ ദൃശ്യമാകുന്നുണ്ട്.

'ഒരു സങ്കീർത്തനംപോലെ' എന്ന നോവലിൽ കഥാനായകനായ ഡോസ്റ്റോവ്സ്കിയുടെ ബലഹീനതകളിലൂടെ, ഏകാന്തതയിലൂടെ എഴുത്തുകാരൻ നമ്മെ വഴി നടത്തുന്നു. ചൂതാട്ടക്കാരനും മദ്യപനുമായ അയാളുടെ പ്രണയബന്ധങ്ങൾ എല്ലാം തകർന്നുപോകുന്നു. തീരാവ്യാധികളും ദാരിദ്ര്യവും അയാളെ വേട്ടയാടുന്നു.

രണ്ടാനമ്മയുമായി അവിഹിതവേഴ്ചയിൽ ഏർപ്പെട്ട് അതിന്റെ മനോവ്യഥയാൽ വിദേശ യൂണിവേഴ്സിറ്റിയിലെ പഠനംപോലും മതിയാക്കി പലായനം ചെയ്യുന്ന രവിയുടെ കഥയാണ് 'ഖസാക്കിന്റെ ഇതിഹാസം.' താൻപോലുമറിയാതെ ഒരു സന്ദിഗ്ധാവസ്ഥയിൽ ദുർബലനായി നിലകൊള്ളുന്ന മനുഷ്യരെ വരച്ചിടുകയാണ് ഈ നോവലുകളിൽ.

'ആയുസ്സിന്റെ പുസ്തക'ത്തിലെ യോഹന്നാൻ, ജീവിതത്തിൽ പല കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന ഒരു വ്യക്തിയാണ്. ഒടുവിൽ അയാൾ സുന്ദരിയായ സാറ എന്ന വിധവയിൽ ആശ്വാസം കണ്ടെത്തി. സാറായെ വിവാഹം കഴിക്കാൻ ആഗ്രഹിച്ച യോഹന്നാന്റെ പിതാവ് തോമാ, മകനും അവളുമായുള്ള വേഴ്ച കണ്ടുപിടിക്കുന്നു. സാറായെ തോമാ കഴുത്തുഞെരിച്ചു കൊല്ലുന്നതോടെ യോഹന്നാൻ കരകാണാക്കടലിൽ എറിയപ്പെട്ടവനെപ്പോലെ ആകുന്നു.

'അരനാഴികനേരം' എന്ന വിഖ്യാതമായ നോവലിൽ വൃദ്ധനായ കുഞ്ഞോനാച്ചൻ തന്റെ മരുമകൾ കുറുപ്പ് എന്നൊരു വ്യക്തിയുടെ കരവലയത്തിൽ അമരുന്നതിനു സാക്ഷിയായി. ഈ കഥ പുറംലോകം അറിയാതിരിക്കാൻ മരുമകളും കുറുപ്പുംകൂടി കഞ്ചാവിൽ വിഷം നൽകി വൃദ്ധനെ കൊലചെയ്യുന്നു. ഒടുവിൽ പശ്ചാത്തപവിവശയായി മരുമകൾ ദീനാമ്മയും അതേ വിഷം കഴിച്ചു മരിക്കുന്നു.

**എഴുത്തിലെ ജീവിതയാഥാർത്ഥ്യങ്ങൾ**

ഏറെ വിഹ്വലതകൾക്കു നടുവിലാണ് ചഞ്ചലചിത്തനായ മനുഷ്യന്റെ ജീവിതം. അവിടെ ഇതൊരു നല്ല മനുഷ്യൻ, ഇതൊരു ചീത്ത മനുഷ്യൻ എന്നു ലേബലിട്ട് ആരെയും വിശേഷിപ്പിക്കാനാകില്ല. ചില സാഹചര്യങ്ങളാണ് ചിലരെ ചില നാൽക്കവലകളിൽ എത്തിക്കുക. അവിടെ കറുപ്പും വെളുപ്പുമില്ല. അതു രണ്ടും സമം ചേർക്കുമ്പോൾ കിട്ടുന്ന ചാരനിറം മാത്രം. അതാണ് എഴുത്തിലെ ജീവിതയാഥാർത്ഥ്യം. ഇവിടെ തിന്മയെ ഉന്മൂലനം ചെയ്തു നന്മയെ പുനഃസ്ഥാപിക്കാനൊന്നും ആരും ശക്തരല്ല. കാരണം, മനുഷ്യർ ബലഹീനരാണ്.

മലയാളി വായിച്ചുകൂട്ടിയ ക്ലാസ്സിക്കുകളുടെയും പുരാണങ്ങളുടെയുമൊക്കെ സ്വാധീനംകൊണ്ടാവണം നമ്മുടെ എഴുത്തുകൾക്കു മനുഷ്യജീവിതത്തോട് മുഖാമുഖം പിടിക്കുന്ന കണ്ണാടികളാവാൻ സാധിക്കുന്നത്; എഴുത്തുകാർക്ക് സത്യസന്ധതയോടെ ജീവിതത്തിന്റെ നേർചിത്രങ്ങൾ വരച്ചിടാനാകുന്നത്.

■

---

## കഥ: വെട്ടം

ജിജോ ജോസഫ് എൻ.

പള്ളിപ്പറമ്പിലെ ചെണ്ടകൊട്ട് ഉച്ചസ്ഥായിയിലായിരിക്കുന്നു.

നിലയ്ക്കാത്ത ആരവങ്ങൾ... ഉറയ്ക്കാത്ത പാദങ്ങൾ... അതായിരുന്നു അയാൾ. ചിത്രത്തൂന്നലുകളുമായി ചരിത്രം കുത്തി വരയ്ക്കാൻ ശ്രമിക്കുന്ന ദൈവാലയഭിത്തികൾ. ഓർഗണിന്റെ ശബ്ദവീചികളിലേറി ചരിക്കുന്ന ഗായകവൃന്ദം.

ഇല്ല... ചുവടുറയ്ക്കുന്നില്ല. ദൃഷ്ടികൾ ഓളപ്പരപ്പെന്നപോലെ തെന്നിക്കളിക്കുന്നു...

തെർമോക്കോൾ കഷണംപോലെ അതിങ്ങനെ അയാളിലേക്കു തുറിച്ചുനോക്കുന്നുണ്ടായിരുന്നു.

മരുഭൂമിയിൽനിന്ന് ഉത്തരങ്ങൾ പെറുക്കിയെടുക്കുന്നവന്റെ അവസ്ഥ... അയാളെ വല്ലാതെ അലട്ടി.

ദൈവാലയത്തിന്റെ വലത്തേക്കോണിൽ ആർക്കോ വേണ്ടി ഒരുക്കിയിരുന്ന മാർബിളിൽ കൊത്തിയ മാമ്മോദീസാത്തൊട്ടിലിൽ അരിപ്രാവുകളിലൊന്ന് ആരുമറിയാതെ മുങ്ങിനിവർന്നു. പ്രകൃതിക്കു വീണ്ടും ജ്ഞാനസ്നാനമോ? അയാൾ ആശ്ചര്യപ്പെട്ടു.

ചായം തേച്ച രൂപങ്ങൾ... ഒന്നിനു പിറകേ ഒന്നായി... പൊട്ടിച്ചിരിക്കുകയാണ് അവൻ. കറുത്തിരുണ്ട അവന്റെ മുഖത്ത് നിരാശയുടെ നിശ്ശബ്ദഭാവങ്ങൾ കോറിയിടാൻ വിധി നടത്തിയ ശ്രമങ്ങൾ വിഫലമായിരുന്നു. സ്രഷ്ടാവിന്റെ കരവൈഭവമെന്നവണ്ണം നിഷ്കളങ്കത അവന്റെ കറുപ്പിനുമേൽ കൈയൊപ്പു ചാർത്തിയിരുന്നു. മനസ്സിന്റെ വെട്ടം ശരീരം ഏറ്റെടുത്തതുപോലെ.

ദേ...അത്... വീണ്ടും അവന്റെ കൈവിരലുകൾ ഉയരുന്നു. ചൂണ്ടിക്കാട്ടുകയാണ് ഒന്നൊന്നായി... എല്ലാം അവനു പുതുമയാണ്. ഇതുവരെ കാണാത്ത മട്ടിൽ...

അയാളുടെ ഇന്ദ്രിയങ്ങൾ അവന്റെ വിരലുകൾക്കൊപ്പം പിച്ചവച്ചുതുടങ്ങി. നിഷ്കളങ്കതയുടെ തീർത്ഥത്തിൽ ആരുമറിയാതെ ഒന്നു മുങ്ങിനിവർന്നാലോ?

മെല്ലെ പടികളിറങ്ങി. അയാൾ ഇറങ്ങിയപ്പോൾ ചില കല്ലുകൾ മുരളുകയും ഒഴിഞ്ഞുമാറുകയും ചെയ്തിരുന്നു...?

അവയെ ആരൊക്കെയോ തിരികെവയ്ക്കാൻ ശ്രമിക്കുന്നുമുണ്ടായിരുന്നു.

# ഈ കാമറക്കണ്ണുകൾ തുറന്നുവച്ചതാര്?


സീയാർ എസ്. പാലാ

**ഫോ**ട്ടോഗ്രഫിയുടെ നിറസാന്നിധ്യം നാം അറിയാൻ തുടങ്ങിയിട്ട് 183 വർഷമായിരിക്കുന്നു. ഫോട്ടോഗ്രഫിയുടെയും കാമറയുടെയും സാങ്കേതികരഹസ്യങ്ങൾ അനാവരണം ചെയ്യപ്പെട്ട ധന്യമായ ദിവസമാണ് 1839 ഓഗസ്റ്റ് 19. ഫോട്ടോഗ്രഫിയുടെ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട് പല ശാസ്ത്രജ്ഞരും പ്രവർത്തിച്ചിരുന്നെങ്കിലും പലരും പാതിവഴിയിൽ ശ്രമം ഉപേക്ഷിച്ച് പിൻവാങ്ങുകയാണുണ്ടായത്. അതിൽ ഏറെ പരിശ്രമശാലിയായിരുന്ന, നിരന്തരം പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെട്ടിരുന്ന വ്യക്തിയാണ് 'ലൂയി ജാക് മാൻഡെ ഡാംഗൂറ' എന്ന ശാസ്ത്രജ്ഞൻ. 'ഡാംഗൂറ'യാണ് അതുവരെ ലോകത്തിന് അജ്ഞാതമായിരുന്ന ഫോട്ടോഗ്രഫിയുടെയും കാമറയുടെയും നിഗൂഢരഹസ്യങ്ങളടങ്ങിയ സാങ്കേതിക അറിവുകൾ കണ്ടുപിടിച്ചത്!

ഒരു ദിവസം ഫ്രഞ്ച് ശാസ്ത്ര അക്കാദമിയുടെയും ലളിതകലാ അക്കാദമിയുടെയും ക്ഷണിക്കപ്പെട്ട സദസ്സിനു മുമ്പിൽ ഡാംഗൂറ ഫോട്ടോഗ്രഫിയുടെ രഹസ്യങ്ങൾ വെളിപ്പെടുത്തി. ഫ്രഞ്ചു സർക്കാർ പ്രതിനിധികൾക്കും നിരീക്ഷകരായ മറ്റു ക്ഷണിക്കപ്പെട്ട ശാസ്ത്രപ്രതിഭകൾക്കും ഡാംഗൂറയുടെ കണ്ടുപിടിത്തങ്ങൾ ബോധ്യപ്പെട്ടു.

ഫോട്ടോഗ്രഫിയുടെയും കാമറയുടെയും താൻ കണ്ടെത്തിയ സങ്കേതങ്ങൾ മുഴുവനും ഡാംഗൂറ ഫ്രഞ്ച് ഗവൺമെന്റിന് ഉപാധികളൊന്നുമില്ലാതെ വിട്ടുകൊടുത്തു. ഡാംഗൂറയ്ക്ക് ഒന്നേ പറയാനുണ്ടായിരുന്നുള്ളൂ; ഫ്രഞ്ചു സർക്കാരിന്റെ അധീനതയിലുള്ള ഫോട്ടോഗ്രഫിയുടെ സാങ്കേതിക അറിവുകൾ മുഴുവനും ലോകത്തിനു സൗജന്യമായി നൽകണം.

ഫ്രഞ്ച് ഗവൺമെന്റ് ഡാംഗൂറയെ പല വിശിഷ്ടപദവികളും നൽകി ആദരിച്ചു. കൂടാതെ, ആയുഷ്കാലപെൻഷനായി വലിയൊരു തുക നൽകാനും ഓർഡറിട്ടു.




ഫോട്ടോഗ്രഫിയുടെ ജന്മദിനമായ ഓഗസ്റ്റ് 19 ഉത്സവസമാനമായാണ് ലോകത്തെ പല രാജ്യങ്ങളും കൊണ്ടാടുന്നത്. ഇന്ത്യയിൽത്തന്നെ ഫോട്ടോഗ്രഫി ജേർണലുകളുടെയും ലീഡിങ് ഫോട്ടോഗ്രാഫർമാരുടെയും സംഘടനയായ India International Photographic Council (IIPC) ന്റെ ആഭിമുഖ്യത്തിലും വേൾഡ് ഫോട്ടോഗ്രഫി ഡേ സമുചിതമായി ആഘോഷിക്കാറുണ്ട്. നമ്മുടെ കൊച്ചുകേരളത്തിലും പ്രൊഫഷണൽ ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ വർഷംതോറും ലോക ഫോട്ടോഗ്രഫിദിനം വിവിധ പ്രോഗ്രാമുകളോടെ വിപുലമായി ആഘോഷിച്ചുവരുന്നു. കേരളഗവൺമെന്റിന്റെ പി.ആർ.ഡി. വകുപ്പ് ലോകഫോട്ടോഗ്രഫി ദിനം, എ.കെ.പി.എ. എന്ന സംഘടനയുമായി യോജിച്ചു കോട്ടയത്ത് ആഘോഷിച്ചത് ഇത്തരുണത്തിൽ ഓർമിക്കുന്നു. അന്നു മുതിർന്ന പത്രഫോട്ടോഗ്രാഫർമാരെയും പ്രഫഷണൽ ഫോട്ടോഗ്രാഫർമാരെയും ആദരിച്ചിരുന്നു.

ഫിൻലൻഡ് രാജ്യത്തിന്റെ ഉത്സവംതന്നെയാണ് ലോകഫോട്ടോഗ്രഫിദിനം എന്നു പറയാം. ഫോട്ടോഗ്രഫിയുടെ 150-ാം പിറന്നാൾ ഒരു സ്മാരക തപാൽ സ്റ്റാമ്പുതന്നെ ഫിൻലൻഡിൽ പുറത്തിറക്കുകയുണ്ടായി. സംവിധായകനും നിർമാതാവും നടനും സർവോപരി ഹാസ്യസമ്രാട്ടുമായ ചാർളിചാപ്ലിന്റെ ചിത്രമായിരുന്നു പിറന്നാൾ സ്റ്റാമ്പിൽ ആലേഖനം ചെയ്യപ്പെട്ടിരുന്നത്. മുക്കാലിയിൽ ഉയർത്തിനിർത്തിയിരുന്ന പഴയകാല ഫീൽഡ് കാമറയ്ക്കു പിറകിൽ നിൽക്കുന്ന ഫോട്ടോഗ്രാഫറുടെ മോഡൽ ആയിട്ടായിരുന്നു ചാപ്ലിന്റെ ചിത്രം സ്റ്റാമ്പിൽ രേഖപ്പെടുത്തിയിരുന്നത്.

ഇന്ത്യയിൽ ഫോട്ടോഗ്രഫി വേരൂന്നിയ കാലത്ത് കാമറ, ഫിലിം, ഫോട്ടോപ്പേപ്പർ, കെമിക്കലുകൾ തുടങ്ങിയവയൊന്നും തന്നെ തദ്ദേശീയമായി നിർമിച്ചിരുന്നില്ല. വിദേശത്തുനിന്ന് ആവശ്യാനുസരണം അവ ഇറക്കുമതി ചെയ്യുകയായിരുന്നു. ഇന്നത്തെ ഡിജിറ്റൽ ഫോട്ടോഗ്രഫിയുഗത്തിലും ഈ സ്ഥിതിക്കു മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല.


ലൂയി ഡാംഗൂറ

കേരളത്തിൽ ഒരുകാലത്ത് ആദ്യകാല ഫീൽഡ് കാമറകൾ നിർമിച്ചു വിപണനവും കയറ്റുമതിയും ചെയ്യുന്ന ഒരു സ്ഥാപനം ആലപ്പുഴ, മുല്ലയ്ക്കലിൽ പ്രവർത്തിച്ചിരുന്നു. 'വാഗേശ്വരി കാമറ വർക്സ്' എന്നായിരുന്നു പേര്. കാലത്തിന്റെ മാറ്റങ്ങളിൽ ഫീൽഡ് കാമറയും ഷീറ്റ് ഫിലിമും ആർക്കും വേണ്ടാതായി. വാഗേശ്വരി കാമറ കമ്പനിയുടെ പ്രവർത്തനം നിലച്ചുപോവുകയും ചെയ്തു.

1980 കാലഘട്ടത്തിൽ ഗവൺമെന്റുടമസ്ഥതയിൽ ഊട്ടിയിൽ (ഒട്ടാക്കമണ്ട്) ഹിന്ദുസ്ഥാൻ ഫോട്ടോ ഫിലിം കമ്പനി എന്നൊരു സ്ഥാപനം തുടങ്ങിയിരുന്നു. വിദേശത്തുള്ള വലിയ കമ്പനികളിൽനിന്നു കൊണ്ടുവന്നിരുന്ന ഫോട്ടോഗ്രഫിക് പ്രൊഡക്ടുകൾ റീ-പാക്ക് ചെയ്ത് ഹിന്ദുസ്ഥാൻ ഫിലിം കമ്പനിയുടെ ലേബലിൽ വിൽക്കുന്ന തന്ത്രമായിരുന്നു ആദ്യംമുതലേ എച്ച്.പി.ഇ.സി. കൈക്കൊണ്ടിരുന്നത്. റീ-പാക്കിങ്ങിലും മറ്റും ഫിലിമിന്റെയും പേപ്പറിന്റെയും ഗുണമേന്മ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. കാലക്രമേണ ഇന്ത്യയിലെ പ്രഫഷണൽ ഫോട്ടോഗ്രഫി മേഖലയും സ്റ്റുഡിയോക്കാരും എച്ച്.പി.ഇ.സി. ഉത്പന്നങ്ങൾ ബഹിഷ്കരിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം ഹിന്ദുസ്ഥാൻ ഫോട്ടോ ഫിലിം കമ്പനി അടച്ചുപൂട്ടേണ്ട സ്ഥിതിയും വന്നു.

■

കവിജീവിതങ്ങൾ

# ലാവോത്സുവും പൂന്താനവും

അജിത് കുമാർ ഗോതുരുത്ത്



"അന്യരെ ഗ്രഹിക്കുന്നതു ബുദ്ധിയാം,
തന്നെത്തന്നെ ഗ്രഹിപ്പതു ജ്ഞാനവും.
അന്യരെ ജയിക്കുന്നതു ശക്തിയാം,
തന്നെത്തന്നെ ഗ്രഹിപ്പതു സ്ഥൈര്യവും,
ഉള്ളതിൽ തൃപ്തിയുള്ളവൻ വിത്തവാൻ
ഉള്ളിലെ ശക്തിയോ സ്ഥിരോത്സാഹമാം.
നിന്നിടത്തു നില്ക്കുന്നോൻ സഹിഷ്ണുവാം,
നാശമെന്നി മരിപ്പോനനശ്വരൻ."

ഈ വരികൾ പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലേതോ ഇനി ശ്രീനാരായണഗുരുവിന്റേതുതന്നെയോ എന്നു തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. എന്നാൽ, ഈ കവിത 'താവോയിസം' എന്ന തത്ത്വചിന്തയുടെ സ്ഥാപകൻ ലാവോത്സുവിന്റേതാണെന്നറിയുന്നവർ ചുരുക്കം.

ബൈബിൾ കഴിഞ്ഞാൽ കൂടുതൽ വിവർത്തനങ്ങൾ നടന്നിട്ടുള്ള ഗ്രന്ഥമാണ് ലാവോത്സുവിന്റെ താവോ തേ ചിങ്. 81 ഗാനങ്ങളും ചൈനീസ്ഭാഷയിലെ 5000 അക്ഷരങ്ങളുമുള്ള ഒരു കൊച്ചുപുസ്തകത്തിന് ഇത്ര പ്രാധാന്യം എങ്ങനെയുണ്ടായി എന്നു പരിശോധിക്കുമ്പോഴാണ് ലാവോത്സുവിന്റെ ചിന്തകളുടെ ആഴവും പരപ്പും നമ്മെ അമ്പരപ്പിക്കുന്നത്.

ലാവോത്സു ചൈനയിലെ 'ചു' എന്ന നഗരത്തിൽ ക്രിസ്തുവിനുമുമ്പ് ആറാം ശതകത്തിൽ ജീവിച്ചിരുന്നു എന്നാണു വിശ്വസിക്കപ്പെടുന്നത്. അദ്ദേഹം താവോയിസം എന്ന ആത്മീയവഴിയുടെ ഉപജ്ഞാതാവായി കരുതിപ്പോരുന്നു.

താവോയിസം എന്ന സങ്കല്പം ലാവോത്സുവിനുമുമ്പുണ്ടായിരുന്നതായി ചില ചരിത്രകാരന്മാർ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, താവോയിസത്തിനു നിയതമായ ആത്മീയദർശനം നല്കിയത് ലാവോത്സുവാണ്.


കൺഫ്യൂഷ്യസിന്റെ സമകാലികനായിരുന്ന ലാവോത്സുവിനെ കൺഫ്യൂഷ്യസ് (ബി.സി. 551-479) സന്ദർശിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ അറിവും തത്ത്വചിന്തയും നേരിട്ടറിഞ്ഞ കൺഫ്യൂഷ്യസ് അദ്ഭുതപ്പെട്ടുവെന്നും ഒരു ഐതിഹ്യമുണ്ട്.

ചൗ രാജവംശത്തിന്റെ ഗ്രന്ഥസൂക്ഷിപ്പുകാരനായിരുന്നു ലാവോത്സു. പിന്നീട് ഭരണത്തിന്റെ അപചയത്തിൽ മനംമടുത്ത് ലാവോത്സു രാജ്യം വിട്ടുപോയി.

അതിർത്തിയിലെ ഉദ്യോഗസ്ഥനായിരുന്ന 'യിൻസിക്സി'യുടെ പ്രേരണയാൽ തന്റെ ജ്ഞാനം ഒരു പുസ്തകത്തിൽ എഴുതിവച്ചു. അങ്ങനെയാണ് 'താവോ തേ ചിങ്' എഴുതപ്പെട്ടതെന്നാണ് ഒരു കഥ.

ലാവോത്സു എന്നാൽ വയോധികനായ ഗുരു എന്നാണർത്ഥം. മാതൃകാഭരണത്തെക്കുറിച്ചും മാതൃകാഭരണകർത്താക്കളെക്കുറിച്ചുമുള്ള ഒട്ടേറെ നിരീക്ഷണങ്ങൾ ഈ കവിതകളിൽ കാണാം.

ചൈനയുടെ ആദ്യചക്രവർത്തിയായിരുന്ന ക്വിഷിഹ്വാങ്തി (221-206)യുടെ ഉപദേശകനായിരുന്ന 'ഹാൻഫെയ്സി' ലാവോത്സുവിന്റെ താവോ തേ ചിങ്ങിനെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ കൃതിക്ക്


ലാവോത്സു

ചൈനീസ്ഭാഷയിൽ എഴുന്നൂറോളം ഭാഷ്യങ്ങൾ ഉണ്ടായിട്ടുണ്ട്. പടിഞ്ഞാറൻ ഭാഷകളിൽ 250 ൽപ്പരം പരിഭാഷകളും. മലയാളത്തിൽ ചില പരിഭാഷകൾ ഉണ്ടായിട്ടുണ്ടെങ്കിലും പൂന്താനത്തിന്റെ ജ്ഞാനപ്പാനയുടെ ദർശനങ്ങളോടു ചേർന്നു നിൽക്കുംവിധം ഗാനരൂപത്തിൽ ഒരു പരിഭാഷ അവതരിപ്പിച്ചത് ചീഫ് സെക്രട്ടറിയും കവിയുമായ ഡോ. ജോയ് വാഴയിലാണ്.

"താവോ തേ ചിങ്ങി'ൽ 81 കവിതകളാണുള്ളത്. ഒന്നുമുതൽ മുപ്പത്തിയേഴുവരെയുള്ള കവിതകളടങ്ങിയ ആദ്യഭാഗം താവോ ചിങ്' (വഴിയുടെ ഗ്രന്ഥം) എന്നും മുപ്പത്തിയെട്ടുമുതൽ എൺപത്തിയൊന്നുവരെയുള്ള കവിതകൾ ഉൾപ്പെടുന്ന രണ്ടാംഭാഗം 'തേ ചിങ്' (നന്മയുടെ ഗ്രന്ഥം) എന്നും അറിയപ്പെടുന്നു. താവോ തേ ചിങ് വഴിയുടെയും നന്മയുടെയും ഗ്രന്ഥമെന്നും അറിയപ്പെടുന്നു.

താവോ തേ ചിങ് ലളിതമാണെങ്കിലും അതീവ അർത്ഥവ്യാപ്തിയുള്ള കൃതിയാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് ജീവിതസങ്കല്പം എങ്ങനെയെന്ന് അന്വേഷിക്കുന്നവർക്കു കാലാതിവർത്തിയായ മനുഷ്യമനസ്സിന്റെ ഉൾപ്രേരണകളെ തിരിച്ചറിയാനാവും.

താവോയെ ഉണർന്നു വായിക്കുന്ന ഓരോ മലയാളിക്കും പൂന്താനത്തിന്റെ കാവ്യലോകം ഓർത്തെടുത്തുകൊണ്ട് ഉൾക്കാഴ്ചയോടെ ഉൾക്കൊള്ളാനാകും.

'നേടുവോരെ മഹത്ത്വീകരിക്കൊലാ,
കൂടുമേ വൃഥാ ശണ്ഠയതാൽ ജനം
നിധി ദുർല്ലഭം ശേഖരിച്ചീടൊലാ,
നിനയും ജനം ചോരണമായതാൽ
ആശ ഹൃത്തിലുൾച്ചേർപ്പവ കാട്ടൊലാ,
ആളുകൾക്കവയേറ്റിടും വിഭ്രമം."

എന്നും

'നായകരേറ്റമുത്തമന്മാരെങ്കിൽ
ആയവരെയറികയില്ലാ ജനം
അത്രയല്ലാത്തോർ നേടുന്നു മാനവും
എത്രയും സൽപ്രശംസയും സ്നേഹവും'

എന്നും

'കൊതി വസ്തുവിലേറ്റുന്നു ദുഃഖവും
അതിശേഖരം നഷ്ടവും കൂട്ടുന്നു.
തൃപ്തിയുണ്ടെങ്കിൽ വന്നിടുകില്ലവ-
നല്പവുപമാനം നിരാശയും.'

എന്നും

'കൂട്ടിടുന്നു നികുതികൾ മന്നവർ,
കൂടിടുന്നു ജനങ്ങൾക്കു പട്ടിണി.
നൃപനേറെയിടപെടുമ്പോൾ ജനം
നടകൊള്ളുന്നെതിർപ്പിൻ വഴികളിൽ.'

എന്നും

എല്ലാ കാലത്തേക്കും 'ലാവോത്സു' ആത്മാവിൽനിന്നു കുറിച്ച വരികൾ നമ്മെ കൂടെക്കൂടെ പൂന്താനത്തെ ഓർമിപ്പിക്കുന്നു.

■



മെൽവിൻ മാത്യു റ്റി.

# ഇന്ത്യയുടെ മെഡൽക്കൊയ്ത്തിൽ മലയാളിത്തിളക്കവും

**2022** കോമൺവെൽത്ത് ഗെയിംസിന് ഇംഗ്ലണ്ടിലെ ബർമിങ്ഹാമിൽ തിരശ്ശീല വീഴുമ്പോൾ കേരളത്തിനും ഇന്ത്യയ്ക്കും അഭിമാനിക്കാൻ നേട്ടങ്ങൾ ഒട്ടേറെയാണ്. രാജ്യം 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ വേളയിൽ ഇന്ത്യൻ കായികരംഗം രാജ്യത്തിനു പൊൻതൂവൽകൂടിയാണ് ഈ മെഡൽക്കൊയ്ത്ത്. മുൻവർഷങ്ങളിലെ കോമൺവെൽത്ത് ഗെയിംസുമായി താരതമ്യം ചെയ്യുമ്പോൾ അത്‌ലറ്റിക് മത്സരത്തിൽ വൻകുതിച്ചുചാട്ടം നടത്താൻ നമുക്കു സാധിച്ചു. ഇന്ത്യയുടെ ഉറച്ച മെഡൽ പ്രതീക്ഷ ആയിരുന്ന ടോക്കിയോ ഒളിമ്പിക്സിലെ സ്വർണമെഡൽ ജേതാവും അത്‌ലറ്റിക് ലോക ചാമ്പ്യൻഷിപ്പിലെ വെള്ളിമെഡൽജേതാവുമായ നീരജ് ചോപ്രയുടെ അവസാനനിമിഷത്തെ പിൻവാങ്ങൽ ഒരുതരത്തിലും ബാധിക്കാതെ ട്രാക്കിൽനിന്നു മികച്ച മെഡൽക്കൊയ്ത്തു നടത്തിയാണ് ഇന്ത്യൻ സംഘം മടങ്ങിയത്. മലയാളിയായ ട്രിപ്പിൾ ജമ്പ് താരം എൽദോസ് പോൾ നേടിയ സ്വർണം ഉൾപ്പെടെ നാലു വെള്ളിയും മൂന്നു വെങ്കലവുമായി മൊത്തം എട്ടു മെഡലുകൾ ട്രാക്കിൽനിന്നു നേടി.

കേരളത്തിനും കോമൺവെൽത്ത് ഗെയിംസിലൂടെ മികച്ച നേട്ടം ഉണ്ടാക്കാൻ സാധിച്ചു. മലയാളികളായ ലോങ്ജമ്പ്താരം എം. ശ്രീശങ്കറും ട്രിപ്പിൾ ജമ്പ് താരങ്ങളായ എൽദോസ് പോളും അബ്ദുള്ള അബൂബക്കറും ബാഡ്മിന്റൺ താരം ട്രീസ ജോളിയും ഹോക്കി ഗോൾകീപ്പർ ശ്രീജേഷുമെല്ലാം കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടി കേരളത്തിന്റെ അഭിമാനമായി മാറി. ലോങ്ജമ്പ് താരം ഒളിമ്പ്യൻ എം. ശ്രീശങ്കർ ഒളിമ്പിക്സിലെയും ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലെയും നിരാശാജനകമായ പ്രകടനത്തിനുശേഷം ഉജ്ജ്വലതിരിച്ചുവരവാണ് ബർമിങ്ങാമിൽ നടത്തിയത്. തന്റെ മികച്ച പ്രകടനമായ 8.36 മീറ്ററിന് അടുത്തെത്താൻ കഴിഞ്ഞില്ലെങ്കിലും 8.08 മീറ്റർ ദൂരം ചാടി നേടിയ ഈ വെള്ളിമെഡൽ ഭാവിയിൽ നേട്ടങ്ങൾ കൈവരിക്കാൻ ആത്മവിശ്വാസം നൽകും. ആവേശകരമായ ലോങ്ജമ്പ് ഫൈനലിൽ ബഹാമസ് താരം ലക്വാൻ നൈരൻ 8.08 മീറ്റർ ദൂരം തന്നെയാണു പിന്നിട്ടതെങ്കിലും മികച്ച രണ്ടാമത്തെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ നൈരൻ സ്വർണം നേടി. ഒളിമ്പ്യൻ സുരേഷ് ബാബുവിനും അഞ്ജു ബോബി ജോർജിനും പ്രജൂഷയ്ക്കും രഞ്ജിത്ത് മഹേശ്വരിക്കുംശേഷം ജമ്പിങ് പിറ്റിൽനിന്ന് മെഡൽ നേടുന്ന മറ്റൊരു മലയാളിയായി ശ്രീശങ്കർ. മറ്റൊരു മലയാളി താരം മുഹമ്മദ് അനീസ് യഹിയ 7.97 മീറ്റർ ദൂരം പിന്നിട്ട് അഞ്ചാം സ്ഥാനം നേടി. പുരുഷവിഭാഗം ട്രിപ്പിൾ ജമ്പിൽ ചരിത്രം കുറിച്ചു മലയാളിതാരങ്ങളായ എൽദോസ് പോളും അബ്ദുള്ള അബൂബക്കറും. കോളജ് പഠനകാലത്തെ സൗഹൃദം ജമ്പിങ്പിറ്റിലും തുടരുന്ന ഇവർ അത് കോമൺവെൽത്ത് ഗെയിംസ് മെഡൽനേട്ടംവരെ എത്തിച്ചിരിക്കുകയാണ്. ട്രിപ്പിൾ ജമ്പിൽ ഇന്ത്യയുടെതന്നെ പ്രവീൺ ചിത്രവേൽ നാലാം സ്ഥാനം നേടി. ബാഡ്മിന്റണിൽ മലയാളിതാരം ട്രീസാ ജോളി - ഗായത്രി ഗോപിചന്ദ് കൂട്ടുകെട്ട് വനിതാവിഭാഗം ഡബിൾസിൽ വെങ്കലമെഡൽ നേടി.

കോമൺവെൽത്ത് ഗെയിംസ് പുരുഷ ഹൈജമ്പിൽ ഇന്ത്യയുടെ തേജസ്വിൻ ശങ്കർ വെങ്കലം നേടി. 2.22 മീറ്റർ ചാടിയാണ് തേജസ്വിന്റെ നേട്ടം. കോമൺവെൽത്ത് ഗെയിംസ് ഹൈജമ്പ് ചരിത്രത്തിലെ ഇന്ത്യയുടെ ആദ്യ ഹൈജമ്പ് മെഡൽ എന്ന പ്രത്യേകതകൂടിയുണ്ട് തേജസ്വിന്റെ നേട്ടത്തിന്. ഗെയിംസിൽ തന്റെ പങ്കാളിത്തം കോടതിയുടെ ഇടപെടലിലൂടെ നേടിയെടുത്ത തേജസ്വിന്റെ വെങ്കലമെഡലിന് സ്വർണത്തെക്കാൾ തിളക്കമുണ്ട്. കോമൺവെൽത്ത് ഗെയിംസ് വനിതകളുടെ 10000 മീറ്റർ നടത്തമത്സരത്തിൽ വെള്ളി നേടി ഈ നേട്ടത്തിലെത്തുന്ന ആദ്യ ഇന്ത്യൻ വനിതയായി പ്രിയങ്ക ഗോസ്വാമി. പുരുഷന്മാരുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ അവിനാശ് സാബലെ വെള്ളി നേടി. വനിതാവിഭാഗം ജാവലിൻ ത്രോയിൽ അന്നു റാണിയും പുരുഷന്മാരുടെ 10000 മീറ്റർ മത്സരത്തിൽ വെങ്കലംനേടി സന്ദീപ്കുമാറും അത്‌ലറ്റിക് മെഡൽ നേട്ടം എട്ടാക്കി ഉയർത്തി.

കോമൺവെൽത്ത് ഗെയിംസിൽ പുരുഷവിഭാഗം ഹോക്കി ഫൈനലിൽ ലോക ഒന്നാംസ്ഥാനക്കാരനായ ഓസ്ട്രേലിയയോട് ദയനീയതോൽവി ഏറ്റുവാങ്ങി. ഹോക്കി കോമൺവെൽത്ത് ഗെയിംസിൽ ഉൾപ്പെടുത്തിയ 1998 മുതൽ ഓസ്ട്രേലിയ നേടുന്ന തുടർച്ചയായ ഏഴാംസ്വർണമാണ് ബർമിങ്ഹാമിൽ. കോമൺവെൽത്ത് ഗെയിംസിൽ സ്വർണം നേടാനുള്ള ഇന്ത്യൻ ഹോക്കി ടീമിന്റെ കാത്തിരുപ്പ് തുടരുകയാണ്. 2010 ലും 2014 ലും ഫൈനലിൽ എത്തിയെങ്കിലും കരുത്തരായ ഓസ്ട്രേലിയയുടെ മുന്നിൽ ദയനീയമായി കീഴടങ്ങുകയാണുണ്ടായത്.

വനിതാ ഹോക്കിയിൽ സെമിയിൽ പരാജയപ്പെട്ടെങ്കിലും മൂന്നാംസ്ഥാനക്കാർക്കുള്ള മത്സരത്തിൽ ന്യൂസിലൻഡിനെ വീഴ്ത്തി ഇന്ത്യൻ വനിതകൾ വെങ്കലമെഡൽ നേടി. ഗെയിംസിൽ വനിതാവിഭാഗം ക്രിക്കറ്റിൽ ഇന്ത്യ സ്വപ്നതുല്യമായ കുതിപ്പാണു നടത്തിയത്. ആവേശകരമായ ഫൈനലിൽ ഓസ്ട്രേലിയയോടു പൊരുതിവീണെങ്കിലും അഭിമാനകരമായ നേട്ടമാണ് ഈ വെള്ളിമെഡൽ. ഗെയിംസിൽ ആദ്യമായി അവതരിപ്പിച്ച ലോൺ ബോളിൽ ഫോർസ് വിഭാഗത്തിൽ ഇന്ത്യൻ വനിതകൾ സ്വർണം നേടിയപ്പോൾ പുരുഷന്മാരുടെ ഫോർസ് വിഭാഗത്തിൽ ഇന്ത്യൻ സംഘം വെള്ളി നേടി. ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി പാരാ പവർ ലിഫ്റ്റിങ്ങിൽ സുധീർ ഗെയിംസ് റെക്കോർഡോടെ സ്വർണം നേടി. പാരാ ടേബിൾ ടെന്നീസിൽ വനിത സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ ഭാവിന ബെൻ സ്വർണം നേടി.

ഗുസ്തിയിൽ 6 സ്വർണമെഡലുകൾ ഉൾപ്പെടെ മൊത്തം 12 മെഡലുകൾ നേടിയാണ് ഇന്ത്യൻ സംഘം ഗോദയിൽനിന്നു മടങ്ങിയത്. പുരുഷവിഭാഗം 57 കിലോഗ്രാം ഫ്രീ സ്റ്റൈൽ ഗുസ്തിയിൽ ഒളിമ്പിക് മെഡൽജേതാവ് രവികുമാർ ദാഹിയയും പുരുഷന്മാരുടെ 65 കിലോഗ്രാം വിഭാഗത്തിൽ ബജ്‌രംഗ് പുനിയാ, പുരുഷന്മാരുടെ 74 കിലോഗ്രാം വിഭാഗത്തിൽ നവീൻ, പുരുഷന്മാരുടെ 86 കിലോഗ്രാം വിഭാഗത്തിൽ ദീപക് പുനിയാ, വനിതകളുടെ 62 കിലോ വിഭാഗത്തിൽ സാക്ഷി മാലിക്, വനിതകളുടെ 53 കിലോ വിഭാഗത്തിൽ വിനേഷ് ഫോഗട്ട് എന്നിവരാണ് ഗോദയിൽ ഇന്ത്യയ്ക്കു സ്വർണം സമ്മാനിച്ചത്.

ഇത്തവണ കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ ആദ്യ നേട്ടം പുരുഷന്മാരുടെ 55 കിലോ ഭാരോദ്വഹനത്തിൽ സങ്കേത് സാർഗറിന്റെ വെള്ളി മെഡൽ ആയിരുന്നു. ഭാരോദ്വഹനത്തിൽ മൂന്നുവീതം സ്വർണവും വെള്ളിയും നാലു വെങ്കലവുമുൾപ്പെടെ പത്തു മെഡലുകൾ നേടി. വനിതകളുടെ ഭാരോദ്വഹനത്തിൽ 49 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മീരാഭായ് ചനു ഗെയിംസ് റെക്കോർഡോടെ സ്വർണം നേടി. 73 കിലോ വിഭാഗത്തിൽ ഗെയിംസ് റെക്കോർഡോടെയാണ് അചിന്ത സിയോളി സ്വർണം സ്വന്തമാക്കിയത്. ഭാരോദ്വഹനത്തിൽ പുരുഷന്മാരുടെ 67 കിലോഗ്രാം വിഭാഗത്തിൽ ജെറമി ലാൽറിനുഗയാണ് മറ്റൊരു സ്വർണമെഡൽ ജേതാവ്.

ബോക്സിങ്ങിൽ നിരാശാജനകമായിരുന്നു ഇന്ത്യയുടെ പ്രകടനം. ഉറച്ച മെഡൽ പ്രതീക്ഷകൾ ഉണ്ടായിരുന്ന ഒളിമ്പിക് മെഡൽ ജേതാവായ ലോവ്‌ലിനാ ഉൾപ്പെടെയുള്ളവർ വെറുംകൈയോടെ മടങ്ങിയെങ്കിലും മൂന്നു സ്വർണം ഉൾപ്പെടെ 6 മെഡലുകൾ നേടാനായി. വനിതകളുടെ 48 കിലോഗ്രാം വിഭാഗത്തിൽ നിതു ഗംഗാസ്, വനിതകളുടെ 48 കിലോഗ്രാം വിഭാഗത്തിൽ നിഖാത് സരീൻ, പുരുഷന്മാരുടെ 51 കിലോഗ്രാം വിഭാഗത്തിൽ അമിത് തുടങ്ങിയവരാണ് സ്വർണം നേടിയത്.

അവസാനദിവസം ബാഡ്മിന്റൺ കോർട്ടിൽനിന്ന് മൂന്നു സ്വർണം നേടാൻ നമുക്കു സാധിച്ചു. പുരുഷസിംഗിൾസിൽ ലക്ഷ്യ സെൻ, മലേഷ്യയുടെ സേ യോങ്ങിനെതിരേ ആദ്യ സെറ്റ് നഷ്ടപ്പെട്ടശേഷം ഉജ്ജ്വല തിരിച്ചുവരവു നടത്തിയാണ് സ്വർണം നേടിയത്. വനിതകളുടെ സിംഗിൾസിൽ പി.വി. സിന്ധു ഏകപക്ഷീയമായ മത്സരത്തിൽ കാനഡയുടെ മിഷേൽ ലീയെ നേരിട്ടുള്ള സെറ്റുകൾക്കു കീഴടക്കിയാണ് സ്വർണം നേടിയത്. പുരുഷവിഭാഗം ഡബിൾസിൽ ഇന്ത്യയുടെ ചിരാഗ് - സാതിക് സഖ്യത്തിന്റെ സ്വർണനേട്ടം ഇംഗ്ലണ്ടിന്റെ ബെൻ ലെയ്ൻ-സീൻ വെൻഡി സഖ്യത്തിനെതിരേ ആയിരുന്നു.




പുരുഷവിഭാഗം ടേബിൾ ടെന്നീസിൽ ഇന്ത്യയുടെ കമാൽ ശരത് സിംഗിൾസിലും സ്വർണം നേടി ബർമിങ്ഹാമിൽ സ്വർണനേട്ടം മൂന്നാക്കി. മിക്സഡ് ഡബിൾസിലും പുരുഷവിഭാഗം ടീം ഇനത്തിലും സ്വർണവും പുരുഷവിഭാഗം ഡബിൾസിൽ വെള്ളിയും ഉൾപ്പെടെ കമാൽ ശരത് തന്റെ മെഡൽ നേട്ടം നാലാക്കി ഉയർത്തി. 22 സ്വർണവും 16 വെള്ളിയും 23 വെങ്കലവുമുൾപ്പെടെ 61 മെഡലുകൾ നേടി മെഡൽ പട്ടികയിൽ നാലാംസ്ഥാനവുമായാണ് ഇന്ത്യൻ സംഘം മടങ്ങുന്നത്.

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 24 Date of Publication 11 aug 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala. Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.